# അധികാരം ജനങ്ങൾക്ക്

ജനകീയാസൂത്രണം

# സമഗ്രവികസന രേഖ

മൈലപ്രാ ഗ്രാമപഞ്ചായത്ത്

31-4

# ഒൻപതാം പദ്ധതി

# മൈലപ്ര ഗ്രാമപഞ്ചായത്ത്

# വികസനസെമിനാർ




## സമഗ്രവികസന രേഖ

ഗ്രാമ സ്വരാജ് ആയിരിക്കണം എല്ലാ
വികസന പ്രവർത്തനങ്ങളുടേയും പരമ ലക്ഷ്യം.

ഗാന്ധിജി.




ജനങ്ങൾ സ്വാശ്രയ ശീലരും സ്വയം പര്യാപ്തത-
യുള്ളവരും ആയിരിക്കണം.

ഗാന്ധിജി.

DTP: HICT, P T A
Printing LIJA Printers, Kumbazha North.
Publisher: Mylapra Grama Panchayat Committee.

# പഞ്ചായത്ത് ഭരണസമിതി



പ്രസിഡൻറ്

ജസ്സി വർഗീസ്



വൈസ് പ്രസിഡൻറ്

ഏബ്രഹാം മത്തായി



സ്റ്റാൻഡിംഗ് കമ്മിററി
ചെയർമാൻ
അമ്മിണി ഏബ്രഹാം



പി. കെ. ഗോപി



ററി. ജെ. ജോൺ



ജെറി ഈശോ ഉമ്മൻ



എം. കെ. സുരേന്ദ്രൻ



സുമാ ബാലൻ



# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത്, പൊതുവിവരണം
3. സാമൂഹിക - സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക - സാമ്പത്തിക മേഖലകൾ

    5-1 കൃഷിയും ജലസേചനവും
    5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
    5-3 വ്യവസായം
    5-4 വിദ്യാഭ്യാസം
    5-5 കുടിവെള്ളവും, പൊതുജന ആരോഗ്യവും
    5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
    5-8 സംസ്കാരം
    5-9 വനിത
    5-10 സഹകരണം
    5-11 പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
    5-12 വിഭവ സമാഹരണം
    5-13 ടൂറിസം

6 ഉപസംഹാരം

# ആമുഖം

ആസൂത്രണ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം രചിച്ചുകൊണ്ട് വമ്പിച്ച ഒരു സാമൂഹ്യ മുന്നേററത്തിനു കളമൊരുക്കുകയാണു നമ്മുടെ കേരളം. മുകൾത്തട്ടിൽ നിന്ന് ആവിഷ്കരിച്ചു നടപ്പാക്കേണ്ട പ്രക്രിയയാണ് വികസനമെന്നുള്ള ധാരണ തിരുത്തിക്കുറിക്കുകയാണ് ജനകീയ ആസൂത്രണം വഴി ചെയ്യുന്നത്.

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ വേണ്ടി സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകിയ പ്രസ്ഥാനമത്രേ ജനകീയാസൂത്രണം. 1997 ഏപ്രിലിൽ ആരംഭിക്കുന്ന ഒൻപതാം പഞ്ചവത്സര പദ്ധതിയിലെ കേരള വിഹിതത്തിന്റെ 35–40% തുക വിനിയോഗിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് പഞ്ചായത്തുകളെയും നഗരസഭകളെയും ഏല്പിക്കുന്നതിനാണ് തീരുമാനം. ഇൻഡ്യയിലെ മററെല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിത്തീർന്നിരിക്കുകയാണ് ഈ നൂതന സംരംഭം. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിലെ ഓരോ ഗ്രാമപഞ്ചായത്തിനും ശരാശരി അഞ്ചുകോടിയിൽ കുറയാത്ത തുക വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ കഴിയുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

വികസനമെന്നാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം നടക്കേണ്ടുന്ന ഒരു പ്രക്രിയയാണെന്നായിരുന്നു ഇതുവരെയുള്ള ധാരണ. ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധർക്കും മാത്രമേ ഇത്തരത്തിലുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാനാവൂ എന്നും കരുതപ്പെട്ടിരുന്നു. ഈ ധാരണയ്ക്കു മാററം വരുത്തേണ്ടത് രാജ്യപുരോഗതിക്ക് അത്യന്താപേക്ഷിതമാണെന്ന് മനസിലാക്കിക്കൊണ്ടാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രീകരണം ജനങ്ങളെ അകററിനിർത്തുമ്പോൾ വികേന്ദ്രീകരണം ഭരണത്തെ ജനങ്ങളുടെ അടുത്ത് എത്തിക്കുന്നു. കേന്ദ്രീകരണം ഭരണത്തെ നിഗുഢതയിൽ നിർത്തുമ്പോൾ വികേന്ദ്രീകരണം ജനത്തിനും ഭരണത്തിനും ഇടയിലുള്ള മറപൊളിച്ചു മാററുന്നു. കേന്ദ്രീകൃത ഭരണത്തിൽ എല്ലാം രഹസ്യമയമാണ്. രഹസ്യം അഴിമതിയും കളവും വളർത്തുന്നു. വികേന്ദ്രീകരണം മതിലുകളെയും നിഗൂഢതകളെയും തച്ചുടയ്ക്കുന്നു. അങ്ങനെ കളവും അഴിമതിയും അപ്രത്യക്ഷമാകുന്നു.

സാമ്പത്തികാഭിവൃദ്ധിക്കും സാമൂഹ്യനീതിക്കും ബീജാവാപം ചെയ്തുകൊണ്ട്, ഉച്ചനീചത്വങ്ങൾ ഉച്ചാടനം ചെയ്തുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള വികസനത്തിന് അടിത്തറ പാകുന്നതായിരിക്കണം ആസൂത്രണം. ഗ്രാമസഭകളുടെയും സന്നദ്ധസംഘടനകളുടെയും സജീവമായ പങ്കാളിത്തത്തോടെ ആസൂത്രണത്തെ ജനകീയമാക്കി മാററാൻ സാധിക്കും.

ഓരോ പ്രദേശത്തിന്റെയും തനതായ പ്രത്യേകതകൾ ഉൾക്കൊള്ളുകയും അവിടെ ലഭ്യമായ വിഭവങ്ങളെ വിലയിരുത്തുകയും തദ്ദേശീയരുടെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുകയും ചെയ്തുകൊണ്ട് ഹ്രസ്വകാല ദീർഘകാല പദ്ധതികൾക്ക് രൂപരേഖ നല്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉത്പാദനത്തിൽ വിപ്ളവാത്മകമായ ചലനങ്ങൾ ഉളവാക്കുക, തൊഴിലധിഷ്ഠിത പദ്ധതികൾക്കു രൂപം നൽകുക, സാമൂഹ്യനീതിയും സാമൂഹിക ക്ഷേമവും ഉറപ്പുവരുത്തുക, അസമത്വങ്ങൾ ഇല്ലാതാക്കുക, വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ വികസനത്തിന്റെ എല്ലാ ഘടകങ്ങൾക്കും അർഹമായ പ്രാധാന്യം നൽകുന്ന ആസൂത്രണമാണ് കാലഘട്ടത്തിന്റെ ആവശ്യം.

അധികാര വികേന്ദ്രീകരണം സാധിതപ്രായമാവുകയും തദ്വാരാ അഴിമതിയും കാലതാമസവും ധൂർത്തും ഉച്ചാടനം ചെയ്യാനുതകുകയും ചെയ്യുന്ന ജനകീയാസൂത്രണ സമിതിയിൽ സജീവമായി പങ്കെടുത്തും ആവശ്യമായ പ്രചാരണവും പ്രചോദനവും നൽകിയും നമ്മുടെ ഗ്രാമത്തെയും രാജ്യത്തെയും പുരോഗതിയുടെ പാതയിൽക്കൂടി ത്വരിത പ്രയാണം ചെയ്യാൻ നാമോരോരുത്തരും പ്രതിജ്ഞാബദ്ധരായി മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

മൈലപ്രാ ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയബോധത്തിന്റെയും സന്നദ്ധസേവന തൃഷ്ണയുടെയും അടിത്തറയിൽ, മുൻകാല സേവകരുടെ ഉത്തമ പാരമ്പര്യ സംഭാവനകളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട്, അയൽക്കൂട്ട സംവിധാനമെന്ന ബഹുജന ശക്തിയെ തുറന്നുവിട്ടുകൊണ്ട്, ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ വർത്തമാന ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള ആഹ്ളാദത്തോടെ ***മൈലപ്രാ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ*** നാളെയുടെ ചരിത്രം യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്കു സ്വീകരിക്കാം.

# മൈലപ്രാ ഗ്രാമപഞ്ചായത്ത്

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | മൈലപ്രാ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മൈലപ്രാ വില്ലേജുമുഴുവൻ, പത്തനംതിട്ട, റാന്നി, വടശേരിക്കര വില്ലേജുകൾ ഭാഗികമായി |
| ബ്ലോക്കു പഞ്ചായത്ത് | : | കോന്നി |
| ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| താലൂക്ക് | : | കോഴഞ്ചേരി |
| അസംബ്ളി മണ്ഡലം | : | പത്തനംതിട്ട |
| അതിരുകൾ | : | പടിഞ്ഞാറ്–ചെറുകോൽ, നാരങ്ങാനം പഞ്ചായത്തുകൾ<br>വടക്ക്–റാന്നി, വടശേരിക്കര പഞ്ചായത്തുകൾ<br>കിഴക്ക്–മലയാലപ്പുഴ പഞ്ചായത്ത്, പത്തനംതിട്ട മുനിസിപ്പാലിററി<br>തെക്ക്–പത്തനംതിട്ട മുനിസിപ്പാലിററി |
| വിസ്തീർണ്ണം | : | 10.38 ചതുരശ്ര കി. മീ. |
| ജനസംഖ്യ | : | 10, 192 |
| പുരുഷൻമാർ | : | 4372 |
| സ്ത്രീകൾ | : | 4644 |
| കുട്ടികൾ | : | 1176 |
| ജനസാന്ദ്രത | : | 982 |
| വീടുകളുടെ എണ്ണം | : | 2847 |
| അക്ഷരാഭ്യാസമുള്ളവർ | : | 100% |
| വാർഡുകൾ | : | 8 |
| പ്രസിഡൻറ് | : | ജസി വർഗീസ് |
| വൈസ്പ്രസിഡൻറ് | : | ഏബ്രഹാം മത്തായി |
| സ്ററാൻറിംഗ് കമ്മിററി ചെയർമാൻ | : | അമ്മിണി ഏബ്രഹാം |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | സാമുവൽ കിഴക്കുപുറം |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ഏലിസബേത്ത് റോയി |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | : | ഷാജഹാൻ എ. |

# 3 സാമൂഹിക-സാംസ്ക്കാരിക ചരിത്രം

പത്തനംതിട്ട ജില്ലാ ആസ്ഥാനത്തുനിന്ന് മൂന്നുകിലോ മീററർ വടക്കുകിഴക്കു മാറി മലകളുടെയും പാറക്കെട്ടുകളുടെയും സംഗമസ്ഥാനമായ ഒരു കൊച്ചുഗ്രാമം. നൂററാണ്ടുകൾക്കു മുൻപ് ആദ്ധ്യാത്മിക ചൈതന്യം വഴിഞ്ഞൊഴുകിയ മണ്ണ്. കുടുംബകാവുകളും അമ്പലങ്ങളും പള്ളികളും മകുടം ചാർത്തിയ പുണ്യഭൂമി. ശബരിമല ശ്രീ. അയ്യപ്പക്ഷേത്രം, ഓമല്ലൂർ ശ്രീ. കണ്ഠേശ്വര ക്ഷേത്രം. മലയാലപ്പുഴ ഭഗവതിക്ഷേത്രം, മൈലപ്രായിലെ പുരാതനമായ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി, തിരുഹൃദയ കത്തോലിക്കാ പള്ളി, ഊരകത്തില്ലം വക അതിപ്രാചീന ക്ഷേത്രം മുതലായ ഏററവും പുരാതനവും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതുമായ തീർത്ഥാടനകേന്ദ്രങ്ങൾ മൈലപ്രായിലും സമീപപ്രദേശങ്ങളിലുമായി സ്ഥിതിചെയ്യുന്നു. സർവ്വസമുദായ മൈത്രിയുടെ പ്രതീകങ്ങളായ ശബരിമല അയ്യപ്പ സ്വാമിയുടെയും. വാവരു സ്വാമിയുടെയും, എരുമേലി മണികണ്ഠ സ്വാമിയുടെയും നിലയ്ക്കൽ പള്ളിയുടെയും പവിത്ര സങ്കേതങ്ങളിലേക്കുള്ള പ്രവേശനകവാടം കൂടിയാണ് ഈ പ്രദേശം.

വേദോപനിഷത്തുക്കൾ ഹൃദ്ദിസ്തമാക്കിയിരുന്ന കർത്താക്കൻമാരുടെ ആവാസ കേന്ദ്രമായിരുന്നു ഒരു കാലത്ത് ഈ പുണ്യസങ്കേതം. കുററിക്കാടുകളും വയലേലകളും കൈത്തോടുകളും പാറക്കെട്ടുകളും നിറഞ്ഞ ഈ പ്രദേശം സുബ്രഹ്മണ്യ വാഹനമായ മയിലുകളുടെ ആവാസകേന്ദ്രമായിരുന്നു പുരാതനകാലത്ത് മയിലുകൾക്ക് പരിശുദ്ധി കല്പിച്ചിരുന്ന ഹൈന്ദവ ശ്രേഷ്ഠൻമാർ ഈ പക്ഷികൾക്ക് ആവശ്യമായ പരിരക്ഷണം അക്കാലത്ത് നല്കിയിരുന്നതായി വിശ്വസിക്കാം. മയിലുകൾ കൂട്ടമായി അധിവസിച്ചിരുന്ന പാറപ്രദേശത്തിന് മയിൽപ്പാറ എന്ന നാമധേയം വന്നു ചേർന്നതായിട്ടാണ് സങ്കല്പം. ഇതിനടുത്തുള്ള 'മയിലാടും പാറ' എന്ന സ്ഥലനാമം കൂടി ചേർത്തുവായിക്കുമ്പോൾ മുകളിൽ ഉദ്ധരിച്ച ഊഹത്തിന് ശക്തി വർദ്ധിക്കുന്നു. അങ്ങനെ മയിൽപ്പാറയായിത്തീർന്ന ഈ സ്ഥലം കാലക്രമത്തിൽ മൈലപ്രാ എന്ന് രൂപാന്തരം പ്രാപിച്ചതായി കണക്കാക്കുന്നതിൽ അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. മററു ചില ഐതിഹ്യങ്ങളും ഇന്ന് നിലവിലുള്ളതായി മനസിലാക്കാം.

മൈലപ്രായ്ക്കു തൊട്ടു വടക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന മേക്കൊഴൂർ പുരാതന കാലം തൊട്ടേ സംസ്ക്കാര സമ്പന്നമായ ഒരുപ്രദേശമാണ്. ഇവിടുത്തെ ഋഷികേശ ക്ഷേത്രത്തിന് ഏകദേശം 500 ലധികം വർഷത്തെയെങ്കിലും പഴക്കമുണ്ട്. മേക്കൊഴൂർ M. D. L. P സ്കൂൾ സമീപപ്രദേശത്തുള്ളതിൽ ഏററവും പഴക്കമേറിയ സ്കൂളാണ്. ഇവയൊക്കെ ഈ പ്രദേശത്തിൻെറ സാംസ്ക്കാരിക പാരമ്പര്യത്തെ വിളംബരം ചെയ്യുന്ന വസ്തുകളാണ്.

പവിത്രമായ പമ്പയാറിൻെറ സാമിപ്യത്തോടുകൂടിയ കീഴ്ഭാഗത്തുള്ള ഊരിന് കീക്കൊഴൂർ എന്നും മേൽഭാഗത്തുള്ള ഊരിന് മേക്കൊഴൂർ എന്നും നാമധേയം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. ഒരുകാലത്ത് ഈ പ്രദേശങ്ങളിൽ നിന്ന് കാർഷിക വിഭവങ്ങൾ ശേഖരിച്ച് പേരുച്ചാൽ (കീക്കൊഴൂർ) കടവിൽ എത്തിച്ച് തോണിയിൽ തിരുവാറൻമുള ക്ഷേത്രത്തിൽ അത്തച്ചമയത്തിന് കൊണ്ടു പോയിരുന്നതായി പഴമക്കാർ പറയുന്നു.

യാത്രാസൗകര്യം വേണ്ടത്രയില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്ന് സ്വാമിദർശനത്തിനായി ശബരിമലയിലേക്കു പോയിരുന്ന അയ്യപ്പഭക്തൻമാർ ഇതുവഴി കാൽനടയായി സഞ്ചരിച്ചിരുന്നു. മലകളും തോടുകളും പാടങ്ങളും താണ്ടിയുള്ള ഈ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്ക് നാട്ടുകാരും സന്നദ്ധ സംഘടനാപ്രവർത്തകരും ശ്രമദാനമായി റോഡുകൾ നിർമ്മിക്കുകയുണ്ടായി.

സ്വാതന്ത്ര്യലബ്ദിക്കുമുമ്പു മുതലേ ഗ്രാമങ്ങളുടെ സമൂലമായ ഉയർച്ചയിൽ കൂടി മാത്രമേ രാജ്യം പുരോഗതി പ്രാപിക്കുകയുള്ളവെന്നും, സ്വയം പര്യാപ്തഗ്രാമങ്ങൾ എന്ന ലക്ഷ്യത്തിനായി ഗ്രാമസ്വയം ഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തണമെന്നും ഗാന്ധിജി നിർദ്ദേശിച്ചിരുന്നു. ഗ്രാമോദ്ധാരണ വിഷയത്തിൽഗാന്ധിജിയുടെ സങ്കല്പങ്ങളിൽ ആകൃഷ്ടരായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രാമോദ്ധാരണത്തിനായി വിവിധ പേരുകളിൽ പല സന്നദ്ധസംഘടനകളും രൂപംകൊണ്ടു. അക്കൂട്ടത്തിൽ കുമ്പഴ മൈലപ്രാ കേന്ദ്രമാക്കി 'വില്ലേജ് യൂണിയൻ' എന്ന പേരിൽ ഒരു സംഘടന 1948 ൽ റവ. ഫാ. എ. ജി. ഏബ്രഹാം, മാധവവിലാസത്തു മാധവൻ കർത്താവു തുടങ്ങിയ പ്രഗത്ഭമതികളായ വ്യക്തികളുടെ ശ്രമഫലമായി ഉടലെടുക്കുകയുണ്ടായി. പിൽക്കാലത്ത് പഞ്ചായത്ത് സമിതികൾ രാജ്യത്താകെ പ്രചാരത്തിലായതോടുകൂടി ഈ സംഘടന കുമ്പഴ മൈലപ്ര പഞ്ചായത്തായി രൂപം പ്രാപിച്ചു. അങ്ങനെ 1953 ഒക്ടോബറിലെ ഗാന്ധിജയന്തിനാൾ കുമ്പഴ മൈലപ്രാ പഞ്ചായത്തു രൂപീകൃതമായി. ആരംഭം മുതൽ 1962–ൽ സ്വന്തമായ പഞ്ചായത്തു കെട്ടിടത്തിലേക്കു ആഫീസ് പ്രവർത്തനം മാററുന്നതുവരെ റവ. ഫാ. എ. ജി. ഏബ്രഹാംമിന്റെ വക സ്വന്തം കെട്ടിടത്തിലായിരുന്നു. ആഫീസ് പ്രവർത്തനം നടത്തിപ്പോന്നത്.

ആദ്യകാലത്ത് പത്തനംതിട്ട–റാന്നി–വടശേരിക്കര എന്നീ വില്ലേജകളുടെ ഭാഗങ്ങൾ ഉൾപ്പെടുത്തിയായിരുന്നു. കുമ്പഴ–മൈലപ്രാ പഞ്ചായത്തു രൂപീകൃതമായത് 1962 ലെ പുനഃസംഘടനയോടുകൂടി കുമ്പഴയുടെ ഭാഗങ്ങൾ അന്നത്തെ പത്തനംതിട്ട പഞ്ചായത്തിൽ ലയിപ്പിച്ചു. അതോടുകൂടി മൈലപ്രാ വില്ലേജ് മൊത്തമായും പത്തനംതിട്ട–റാന്നി വില്ലേജുകളുടെ കുറേഭാഗങ്ങളും ചേർത്ത് ഇന്നത്തെ മൈലപ്രാ പഞ്ചായത്തു നിലവിൽ വന്നു മൈലപ്രാ–മേക്കൊഴൂർ എന്നീ കരകളിലെ ഏട്ടു വാർഡുകളാണ് ഇപ്പോഴിവിടെയുള്ളത്.

ഈ പഞ്ചായത്തിന്റെ ആരംഭകാലം മുതൽ 1963 വരെ റവ. ഫാ. എ. ജി. ഏബ്രഹാം, ഡോ വി. സി. സഖറിയാ എന്നിവർ പ്രസിഡൻറുമാരായും, കാട്ടുകല്ലിൽ ശ്രീ. പരമുകുറുപ്പ്, വാഴയിൽ നാരാണക്കുറുപ്പ് എന്നിവർ വൈസ് പ്രസിഡൻറുമാരായും സേവനം അനുഷ്ഠിച്ചിരുന്നു.
1963 ലെ തെരഞ്ഞെടുപ്പിനുശേഷം റവ. ഫാ. ററി. എം. ശമുവേൽ പ്രസിഡൻറും ശ്രീ. കെ. വി. പ്രഭാകരൻ വൈസ്പ്രസിഡൻറുമായുള്ള പുതിയ ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ. സി. എസ്. നായർ, കെ. ററി. ഇടിക്കുള, കെ. ജി. തോമസ്, എം. എ. ഏബ്രഹാം, മെമ്പറൻമാരായിരുന്നു. ഇവരിൽ സി. എസ്. നായർ, കെ. ററി. ഇടിക്കുള എലിശുബാ ഏബ്രഹാം എന്നിവർ രാജിവച്ച ഒഴിവിലേക്ക് ശ്രീ. വി. എൻ. ഗോപാലക്കുറുപ്പ്, ചാക്കോ തോമസ്, മറിയാമ്മ ജോർജ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഈ കമ്മിററി 1980 വരെ അധികാരത്തിലിരുന്നു.

1980–ൽ നടന്ന തിരഞ്ഞെടുപ്പോടുകൂടി ശ്രീ. സി. കെ. മാത്യു പ്രസിഡൻറും, ശ്രീ. എം. എ. ഏബ്രഹാം വൈസ്പ്രസിഡൻറുമായുള്ള കമ്മിററി രൂപം കൊണ്ടു. ശ്രീ. കെ. വി. പ്രഭാകരൻ, ഏബ്രഹാം മത്തായി, കെ. ഐ. മാത്തൻ, സാറാമ്മ ഇടിക്കുള, ജോർജ് ററി. ഏബ്രഹാം, നാരായണൻ എന്നിവർ മെമ്പറൻമാരായിരുന്നു. 1987–ൽ ഈ കമ്മിററിയുടെ കാലാവധി അവസാനിച്ചു. അന്നു നടന്ന തെരഞ്ഞെടുപ്പിനുശേഷം ശ്രീ. കെ. പി. ജോർജ് പ്രസിഡൻറും. ശ്രീ. എം. എ. ഏബ്രഹാം വൈസ്പ്രസിഡൻറും, എം. സി. ബേബി, ഭാസ്കരൻ, ഗ്ലോറിയമ്മ ദാനിയേൽ, എം. എ. നൈനാൻ മറിയാമ്മ ജോർജ്, ഏബ്രഹാം മത്തായി എന്നിവർ മെമ്പറൻമാരുമായി പുതിയ കമ്മിററി അധികാരത്തിൽ വന്നു. ഈ കമ്മിററിയുടെ കാലാവധി അവസാനിച്ച മുറയ്ക്ക് 1995–ൽ നടന്ന തെരഞ്ഞെടുപ്പോടുകൂടി ഇന്നത്തെ കമ്മിററി ഒക്ടോബർ 2–ാം തീയതി ഗാന്ധിജയന്തി ദിനത്തിൽ അധികാരത്തിൽ വന്നു.

ശ്രീമതി ജസി വർഗീസ് പ്രസിഡൻറും, ഏബ്രഹാം മത്തായി വൈസ്പ്രസിഡൻറും, ററി. ജെ. ജോൺ തടത്തിൽ, ജെറി ഈശോ ഉമ്മൻ. പി. കെ. ഗോപി, എം. കെ. സുരേന്ദ്രൻ, അമ്മിണി ഏബ്രഹാം, സുമാബാലൻ എന്നിവർ മെമ്പറൻമാരായിയുള്ള ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ തുടരുന്നു. ഈ പഞ്ചായത്തിന്റെ ആദ്യത്തെ വനിതാ പ്രസിഡൻറ് കൂടിയാണ്. ശ്രീമതി ജസി വർഗീസ്.

നീണ്ട നാല്പത്തിമൂന്നു വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള നമ്മുടെ ഈ പഞ്ചായത്തിൽ അനേക വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. വിസ്തൃതിയിലും, ജനസംഖ്യയിലും, വരുമാനത്തിലും ഈ പഞ്ചായത്തു വളരെ പിന്നിലാണെങ്കിലും അതാതു കാലങ്ങളിൽ അധികാരത്തിലിരുന്ന ഭരണസമിതി ജനങ്ങളുടെ സഹകരണത്തോടുകൂടി ധാരാളം വികസന പ്രവർത്തനങ്ങൾ സ്തുത്യർഹമായി നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തു കെട്ടിടം ഇരിയ്ക്കുന്ന നാലു സെൻറ് സ്ഥലം ശ്രീ. കീപ്പാറയ്ക്കൽ ഉണ്ണി സംഭാവന ചെയ്തിട്ടുള്ളതാണ്.

മേക്കൊഴൂരിൻെറ ഹൃദയഭാഗത്ത് 50 സെൻറ് സ്ഥലം പബ്ലിക് മാർക്കററിനുവേണ്ടി തുച്ഛമായ വിലയ്ക്കു നല്കിയത് മേക്കൊഴൂർ മാർത്തോമ്മ ഇടവകയാണ്. അതുപോലെ ഗവ, ആശുപത്രിയ്ക്കു അനുയോജ്യമായ സ്ഥലം തന്നു സഹായിച്ച വട്ടാംകുഴി ശ്രീ. മത്തായി അവർകളെ നാം എന്നെന്നും സ്മരിക്കുക തന്നെ ചെയ്യും. മേക്കൊഴൂർ വായനശാലയ്ക്കുവേണ്ടി 3 സെൻറ് സ്ഥലം ദാനം ചെയ്തത്. ററി. കെ. രാഘവൻ ദിവംഗതരായ തടത്തേൽ, ശ്രീ. കേശവൻ ചരിവുകാലായിൽ, അയ്യപ്പൻ നാരായണൻ തെക്കേകാലായിൽ നാണു എന്നിവരാണ്. ചന്ത, ആശുപത്രി, വായനശാല എന്നിവ സ്ഥാപിച്ചു കിട്ടുന്നതിൽ അനേകരുടെ ആശ്രാന്ത പരിശ്രമമുണ്ടായിരുന്നു എങ്കിലും അന്നത്തെ മെമ്പറായിരുന്ന വി.എൻ. ഗോപാലക്കുറുപ്പിൻെറ സേവനം പ്രത്യേകം പ്രസ്താവ്യമാണ്.

1965 ൽ പുതുവേലിൽ ശ്രീമാൻ യോഹന്നാൻ വർഗീസ് ദാനം ചെയ്ത 10 സെൻറ് സ്ഥലത്താണ് ഇപ്പോഴത്തെ ഹെൽത്തു സെൻറർ സ്ഥിതി ചെയ്യുന്നത്.

മണ്ണാറക്കുളഞ്ഞി ചന്ത, സാംസ്കാരികനിലയം എന്നിവ സ്ഥാപിക്കുന്നതിലേക്കു ആവശ്യമായ 21 സെൻറ് സ്ഥലം നൽകിയത് മണ്ണാറാക്കുളഞ്ഞി വടക്കേത്തലയ്ക്കൽ ശ്രീമാൻ വി. ററി. തോമസ് അവർകളാണ്. ഈ കാലയളവിൽ പുതിയ പല റോഡുകളും ജനപങ്കാളിത്വത്തോട് വെട്ടി ഇറക്കുകയും നിലവിലുള്ളവ വിപുലപ്പെടുത്തി കലങ്കകളും മററു തീർത്തു മെററലിംഗും ടാറിംഗും നടത്തി സഞ്ചാരയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൻെറ പലഭാഗങ്ങളിലും തെരുവുവിളക്കുകളും ജലവിതരണ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. മിക്കവാറും പ്രധാനപ്പെട്ട എല്ലാ റോഡുകളുടേയും വശങ്ങളിൽ ജലവിതരണത്തിനുള്ള പൈപ്പുകൾ ഇട്ട് ടാപ്പുകൾ സ്ഥാപിച്ചിരിക്കുകയാണ്. താമസിയാതെ ഈ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ശുദ്ധജലവിതരണം കാര്യക്ഷമമാക്കുവാൻ സാധിക്കും.

മൈലപ്രാ ഗ്രാമപഞ്ചായത്തിൻെറ ഇതര വികസന പ്രവർത്തനങ്ങൾക്ക് മുൻ പന്തിയിൽ നിന്നു പ്രവർത്തിച്ചവരെല്ലാവരെയും ഈ ഘട്ടത്തിൽ സ്മരിക്കുന്നത് അവസരോചിതമാണ്.

# 4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

## ഭൂപ്രകൃതി

മലകളും, താഴ്‌വരകളും അടക്കം വൈവിധ്യമാർന്ന ഭൂപ്രകൃതിയാൽ അനുഗൃഹീതമാണ് മൈലപ്രാ ഗ്രാമപഞ്ചായത്ത്. കിഴക്ക് നിന്ന് പടിഞ്ഞാറോട്ടും, വടക്ക് നിന്ന് തെക്കോട്ടും താഴ്ചയിലാണ് ഭൂപ്രകൃതി. നിരവധി തോടുകളും കൈത്തോടുകളും ഒഴുകി അച്ചൻകോവിലാററിൽ ചെന്ന് ചേരുന്നു. മൈലപ്രായുടെ പടിഞ്ഞാറ് ഭാഗം ഫലഭൂയിഷ്ടമായ മണ്ണാണെങ്കിൽ, കിഴക്ക് ഭാഗം പാറകളാൽ നിറഞ്ഞിരിക്കുന്നു. ഇവിടെ പ്രധാനമായും കുന്നിൻ നിരപ്പുകൾ, കുന്നിൽചരിവുകൾ, വയലുകൾ, തട്ട് പ്രദേശങ്ങൾ എന്നിവയാണുള്ളത്. കുന്നിൻ ചരിവുകൾ മിക്കവെയും കുത്തനെയുള്ളതാകയാൽ മണ്ണൊലിപ്പ് വളരെ കൂടുതലുണ്ട്. മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നത് കൂടാതെ താഴ്‌വാരങ്ങളിലെ തോട്, നിലം എന്നിവ നികത്തുന്നതിനും ഇടയാകുന്നു.

വയലുകളെ പൊതുവെ താഴ്‌വരകൾ എന്ന് വിശേഷിപ്പിക്കാം. വേനൽകാലത്ത് മിക്കവയലുകളും വിണ്ടുകീറുന്നു.

കുന്നുകളും താഴ്‌വരകളും അല്ലാത്ത തട്ട്പ്രദേശങ്ങൾ ഭൂമിശാസ്ത്രപരമായ മററൊരു സവിശേഷതയാണ്. ഇവിടെയും മണ്ണൊലിപ്പ് ധാരാളമുണ്ട്. വെട്ടുകല്ല്മണ്ണ്, ചരൽമണ്ണ് എന്നിവയാണ് പ്രധാന മൺ തരങ്ങൾ. കുന്നമ്പാറ, പുലിക്കൂട്ട്പാറ പതാലിപ്പാറ, കോട്ടമല തുടങ്ങിയ സ്ഥലങ്ങളിൽ പാറകൾ ധാരാളമുണ്ട്. ഇവിടെ ജല ദൗർലഭ്യതയും അനുഭവപ്പെടുന്നു.

## കാലാവസ്ഥ

വലിയ ചൂടും തണുപ്പും ഇല്ലാത്ത കാലാവസ്ഥയാണ് ഉള്ളത്. തുലാമഴ, ഇടവപ്പാതി, എന്നിവയാണ് പ്രധാന മഴകൾ. മഴവെള്ളം മുഴവനും ഒലിച്ച് നഷ്ടപ്പെടുന്നു. മഴ കഠിനമാകുമ്പോൾ വെള്ളം മൈലപ്രാ, കിഴക്കേക്കര പാടശേഖരങ്ങളിൽ കയറി മററുപ്രദേശങ്ങളിൽകൂടി ഒഴുകുന്ന തോടുകളിലെ ജലം ഒഴുകിപോകാൻ കഴിയാതെ ഇരുവശങ്ങളിലും വെള്ളപ്പൊക്കം സൃഷ്ടിക്കുന്നു

## ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം മൈലപ്രാ പഞ്ചായത്തിലെ ജനസംഖ്യ 10192 ആണ്. ആകെ ജനസംഖ്യയുടെ മൂന്നിൽ ഒന്നിൽ താഴെ ജനങ്ങൾക്ക് മാത്രമാണ് വ്യക്തമായ തൊഴിൽ ഉള്ളത്. ബാക്കിയുള്ളവർ മററുള്ളവരെ ആശ്രയിച്ചോ. താല്ക്കാലിക തൊഴിലുകളിൽ ഏർപ്പെട്ടോ കഴിയുന്നു വിവിധ തുറകളിൽ സാങ്കേതിക വൈദഗ്ധ്യമുള്ള നല്ലൊരു ശതമാനം വ്യക്തികളും തങ്ങളുടെ അദ്ധ്വാനശേഷി വിനിയോഗിക്കുന്നതിന് അവസരം ലഭിക്കാതെ കഴിയുന്നു. കാർഷിക മേഖലയിലാണ് ഏററവും കൂടുതൽ തൊഴിലവസരങ്ങളുള്ളത്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയെങ്കിൽ മാത്രമേ ഇതിന് തെല്ലെങ്കിലും പരിഹാരം കാണാൻ കഴിയൂ

ജനങ്ങളുടെ പ്രധാന വരുമാന മാർഗമായ തെങ്ങിൻകൃഷി ഇന്ന് അനാകർഷകമായിട്ടുണ്ട്. മററ് തൊഴിൽ മേഖലകളിലേക്കുള്ള കടന്നു കയററം വർദ്ധിച്ചിരിക്കുകയാണ്. താരതമ്യേന ജാതീയചിന്തകളും വിഭാഗീയ താൽപര്യങ്ങളും കുറവുള്ള ഒരു പഞ്ചായത്താണിതെന്ന് അഭിമാനിക്കാം.

## ജലപ്രകൃതി

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ആണ് ഈ പ്രദേശത്തെ പ്രധാന മഴ ലഭ്യത. ഈ പഞ്ചായത്തിൽ ആകെ 13 കുഴൽകിണറുകളും, 9 പൊതുകിണറുകളും, 153 പൊതുടാപ്പുകളും ഇവയ്ക്കുപുറമെ 1517 സ്വകാര്യ കിണറുകളും നിരവധി കുളങ്ങളും ഉണ്ട്. കുടിവെള്ളം പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ആവശ്യാനുസരണം എല്ലായ്പ്പോഴും ലഭിക്കുന്നില്ല. വരൾച്ച ഒരു വലിയ പ്രശ്നമാണ്. ഏപ്രിൽ മെയ് മാസങ്ങളിലാണ് കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

ഏററവും അവസാനം ലഭ്യമായ കണക്കുകൾ അനുസരിച്ച് നമുക്ക് ലഭിക്കുന്ന മഴയുടെ അളവ് താഴെ കൊടുക്കുന്നു.

| മാസം | മഴ ലഭ്യത | മില്ലിമീററർ |
|---|---|---|
| | പത്തനംതിട്ട ജില്ല | കേരളം |
| | 1994 | 1994 |
| ജനവരി | 34.3 | 32.40 |
| ഫെബ്രുവരി | 68.0 | 30.96 |
| മാർച്ച് | 45.5 | 20.28 |
| ഏപ്രിൽ | 142.3 | 145.69 |
| മെയ് | 281.1 | 157.9 |
| ജൂൺ | 507.3 | 836.2 |
| ജൂലൈ | 599 | 940.49 |
| ഓഗസ്റ്റ് | 404.4 | 478.91 |
| സെപ്ററംബർ | 168.4 | 205.84 |
| ഒക്ടോബർ | 664.7 | 448.47 |
| നവംബർ | 242 3 | 163.73 |
| ഡിസംബർ | 62.0 | 42.47 |

# 5 സാമൂഹിക സാമ്പത്തിക മേഖലകൾ

### 5-1 കൃഷിയും ജലസേചനവും

മൈലപ്രാ ഗ്രാമപഞ്ചായത്ത് ആസ്ഥാനം പത്തനംതിട്ടജില്ലാ ആസ്ഥാനത്തുനിന്നും ഏകദേശം മൂന്ന് കിലോമീററർ വടക്കുകിഴക്കുമാറി, കുന്നിൻ പ്രദേശങ്ങളും അതിന്റെ താഴ്‌വരയിലുള്ള വയലോരങ്ങളും ഉൾപ്പെടുന്ന ഫല ഭൂയിഷ്ടമായ കാർഷീക മേഖലയാണ്. ജലസേചന സൗകര്യങ്ങൾ തീരെ ലഭ്യമല്ലാത്ത ഈ പഞ്ചായത്തിലെ കാർഷിക മേഖലയുടെ നിലനില്പ്പ് തുലാവർഷവും, കാലവർഷവും പ്രദാനം ചെയ്യുന്ന മഴവെള്ളത്തെ ആശ്രയിച്ചിരിക്കുന്നു. ഇവിടുത്തെ പ്രധാന പ്രശ്നം, നെൽകൃഷിയ്ക്ക ഉപയുക്തമായ ഏലാകൾക്ക് വെള്ളം ലഭ്യമാകുന്ന പ്രകൃതിദത്തമായ നീർച്ചാലുകൾ വേനൽക്കാലം ആകുമ്പോഴേക്കും വററി വരളുന്നു. തൻമൂലം രണ്ടോ, മൂന്നോ പ്രാവശ്യം നെൽകൃഷി ചെയ്യാവുന്ന പാടശേഖരങ്ങൾ വർഷത്തിൽ ഒന്നോ രണ്ടോ പ്രാവിശ്യത്തെ കൃഷിയ്ക്ക് ശേഷം തരിശിടേണ്ട സാഹചര്യം വന്നു ചേരുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഏകദേശം നാല്പത് ഹെക്ടർ സ്ഥലം നെൽകൃഷിയ്ക്ക ഉപയോഗിക്കുന്നു. ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇതിന്റെ കാരണം ഏലാകൾ നികത്തി കെട്ടിട നിർമ്മാണതിനും മററും ഉപയോഗിക്കുന്നതാണ്. ഒരുപ്പൂ മാത്രം നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഒന്നിടവിട്ട് പച്ചക്കറി, എള്ള് മുതലായ ഇടവേള കൃഷികൾ ആദായകരമായി ചെയ്യാവുന്നതാണ്. കാർഷീക മേഖലയിൽ നെൽകൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ഉൽപാദനം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ആയതിലേക്ക് അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ, വളങ്ങൾ എന്നിവ പരമാവധി സബ്സിഡി നൽകിക്കൊണ്ട് ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതുപോലെ പാടശേഖര സമിതി മുഖേന ഉഴവ് യന്ത്രങ്ങൾ, മെതി യന്ത്രങ്ങൾ, കീടനാശിനി സ്പ്രേയറുകൾ മുതലായവ സൗജന്യ നിരക്കിൽ ആവശ്യാനുസരണം നൽകേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഏകദേശം നൂററി അൻപത് ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നിലവിലുണ്ട്. തെങ്ങ് കർഷകരെ കൂടുതലായി ബാധിക്കുന്ന പ്രശ്നം തെങ്ങിന്റെ കാററ് വീഴ്ചയും അനുബന്ധ രോഗങ്ങളുമാണ്. രോഗനിർണ്ണയത്തിനും, നിവാരണത്തിനും വേണ്ട മാർഗ നിർദ്ദേശങ്ങളും, സാങ്കേതിക സഹായങ്ങളും കേരകർഷകർക്ക് പ്രദാനം ചെയ്യണം. കേടുവന്നതും, ഉൽപാദന ശേഷിയില്ലാത്തതുമായ തെങ്ങുകൾ വെട്ടിമാററി, അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിക്കുന്നതിന് ആവശ്യമായ, ധന സഹായം ലഭ്യമാക്കണം. കേര വികസന സമിതി മുഖേന തെങ്ങുകയററ യന്ത്രങ്ങൾ, സ്പ്രേയറുകൾ, രോഗപ്രതിരോധ വസ്തുക്കൾ, സാങ്കേതിക ഉപദേശം എന്നിവ ലഭ്യമാക്കണം. എല്ലാ കേരകർഷകർക്കും കേരവികസന സമിതി മുഖേന നൽകുന്ന വളവും, മററ് ആനുകല്യങ്ങളും ലഭ്യമാക്കണം. കൃഷിഭവൻ മുഖേന കേര കർഷകർക്ക് കിണറും, പമ്പ്സെററും സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി നിയമം, അർഹരായ എല്ലാ കർഷകർക്കും ലഭ്യമാക്കതക്ക വിധത്തിൽ ഉദാരവൽക്കരിക്കുകയും, ഡ്രിപ്പ് (drip) ഇറിഗേഷൻ സമ്പ്രദായം പ്രാവർത്തികമാക്കുകയും, സൗജന്യ വൈദ്യുതി നൽകുകയും വേണം. തെങ്ങിൻ തോട്ടത്തിൽ കമുക്, കൊക്കൊ, പുൽകൃഷി മുതലായവ ഇടവിളയായി കൃഷി ചെയ്ത് ആദായം വർദ്ധിപ്പിക്കുന്നതിന് ശരിയായ ബോധവൽക്കരണം ആവശ്യമാണ്.

കുരുമുളക് ഏകദേശം ഇരുപത്തി അഞ്ച് ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. വളരെ അധികം ശ്രദ്ധ അർഹിക്കുന്ന ഒരു കൃഷിയാണിത്. ഈ നാണ്യ വിളയുടെ വികസനത്തിനായി മേൽത്തരം കുരുമുളക് വള്ളികൾ വിതരണം ചെയ്തും, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണം നൽകിയും, വളം, കീടനാശിനികൾ, സ്പ്രേയറുകൾ

മുതലായവ യഥാസമയം കർഷകർക്ക് വിതരണം ചെയ്തും, ഈ മേഖലയെ പരിപോഷിപ്പിക്കേണ്ട താണ്. ഇവിടുത്തെ ഭൂപ്രകൃതിയും, മണ്ണും കുരുമുളക് കൃഷിയ്ക്ക് അനുയോജ്യമാണ്.

ഈ പഞ്ചായത്തിലെ നാണ്യ വിളകളിൽ പ്രധാനപ്പെട്ടത് റബ്ബറാണ്. ഏകദേശം തൊള്ളായിരം ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിച്ചുകിടക്കുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും ചെറിയ തോതിൽ എങ്കിലും റബ്ബർ കൃഷി നടത്തി കുടുംബത്തിന്റെ വരുമാനം നിജപ്പെടുത്തുന്നവരാണ്. അതുകൊണ്ട് റബ്ബർ കൃഷിയ്ക്കുവേണ്ടി സർക്കാർ നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങളുടെ ചെറിയ ഒരു ഭാഗമെങ്കിലും ഓരോ കുടുംബത്തിനും അർഹതപ്പെട്ടതാണ്. പുതു കൃഷി ആവർത്തനകൃഷി എന്നിവയ്ക്കു റബ്ബർ ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകന് ലഭിക്കത്തക്കവണ്ണം നിയമത്തിന്റെ സങ്കീർണത ലഘൂകരിക്കണം. ആവശ്യമായ കർഷകർക്ക് റബ്ബർ റബ്ബർ നഴ്സറികൾ തുടങ്ങുന്നതിന് വേണ്ട പ്രോത്സാഹനം നൽകണം. ഇലയും, മണ്ണും പരിശോധിക്കുന്നതിനും, രോഗനിവാരണത്തിനും വേണ്ട ക്രമീകരണങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ ചെയ്യേണ്ടതാണ്. ടാപ്പിംഗിന് മുമ്പുള്ള കാലയളവിൽ ഇടവിള കൃഷികൾ ചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം നൽകണം. ചുരുക്കം ഭാഗങ്ങളിൽമാത്രം ഒതുങ്ങി നിൽകുന്ന മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ മുഴുവൻ സ്ഥലത്തും വ്യാപകമാക്കണം. ടാപ്പിംഗ് തൊഴിലാളികൾക്ക് വേണ്ട പരിശീലനം നൽകുകയും, മേൽത്തരം (ഗ്രേഡ്) ഷീററുകൾ നിർമ്മിക്കുന്നതിന്റെ പ്രയോജനം മനസിലാക്കികൊടുക്കയും, ഉൽപാദനം വർദ്ധിപ്പിക്കുവാനുള്ള ബോധവൽക്കരണം നടത്തുകയും വേണം. തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും മററ് ആനുകൂല്യങ്ങളും അർഹരായ എല്ലാവർക്കും ബാധകമാക്കണം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങണം.

കിഴങ്ങു വർഗങ്ങളായ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ വള്ളികിഴങ്ങ്, മധുരക്കിഴങ്ങ് മുതലായ എല്ലാ കിഴങ്ങുവർഗങ്ങൾക്കും അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണ് ഇവിടെ ഉള്ളത്. മരച്ചീനികൃഷി ഈ മേഖലയിൽ വ്യവകമായിട്ടുണ്ട്. എന്നാൽ കർഷകർക്ക് പലകാരണങ്ങളായി വേണ്ട ആദായം ലഭിക്കാത്തതിനാൽ ഈ മേഖല അവഗണനയിലാണ്. എലിനശീകരണം, വേണ്ടത്ര വിപണന കേന്ദ്രങ്ങൾ ക്രമീകരിക്കുക മുതലായവ ചെയ്താൽ ഈ മേഖലയെ പുനർജീവിപ്പിക്കാവുന്നതാണ്.

കാപ്പികൃഷിയ്ക്കും, വൃക്ഷ വിളകൾക്കും അർഹമായ പ്രോത്സാഹനം നൽകണം. കൈത കൃഷിയ്ക്കുവേണ്ടത്ര പ്രോത്സാഹനം നൽകിയാൽ ആഹാരത്തിനുപുറമേ, അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുവാനുമുള്ള സാദ്ധ്യതകൾ ഉണ്ട്. കശുമാവ് കൃഷിയ്ക്കും വേണ്ട പ്രോത്സാഹനം നൽകണം. വാഴ, വെററിലകൃഷി എന്നിവ കൊണ്ട് ഉപജീവനം നടത്തുന്ന കുടുംബങ്ങൾ ഇവിടെ ധാരാളം ഉണ്ട്. രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങളും, സബ്സിഡി നിരക്കിലുള്ള വളവും, വിപണന കേന്ദ്രങ്ങളും ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. തേക്ക്, മാഞ്ചിയം, മഹാഗണി, ഒട്ടുമാവ് സങ്കരഇനം പ്ലാവ് മുതലായ കൃഷികളുടെ ഉന്നമനത്തിന് വേണ്ട ശ്രദ്ധചെലുത്തണം.

## പച്ചക്കറി

ഓരോ ഭവനത്തിനും ആവശ്യമായ പച്ചക്കറികൾ അവിടവിടെ കൃഷി ചെയ്യുന്നതിനുള്ള എല്ലാ പ്രോത്സാഹനങ്ങളും പഞ്ചായത്ത് തലത്തിൽ നൽകണം. കൃഷി ചെയ്യുവാൻ ഉപയുക്തമായ സ്ഥലമില്ലാത്ത സാഹചര്യങ്ങളിൽ, കോൺക്രീററ് ടെറസിനുമുകളിൽ പോളിത്തീൻ കവറുകളിലും, മൺചട്ടികളിലും പച്ചക്കറികൾ കൃഷിചെയ്യുവാൻ വേണ്ട വിത്തും വളവും, ബോധവൽക്കരണവും, പ്രോത്സാഹനവും നൽകണം.

വ്യവസായിക അടിസ്ഥാനത്തിൽ കൂൺകൃഷി, മൽബറി കൃഷിയും, പട്ടുനൂൽപ്പുഴു വളർത്തൽ തേനീച്ച വളർത്തൽ എന്നിവയ്ക്ക് ഊന്നൽ നൽകണം.

പുൽകൃഷി പ്രോത്സാഹിപ്പിച്ചാൽ മൃഗസംരക്ഷണം, മണ്ണൊലിപ്പ് നിവാരണം, ഇടവിള കൃഷിയായി ചെയ്ത കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദന വർദ്ധനവ് എന്നിവമൂലം കർഷകരുടെ സാമ്പത്തിക നിലമെച്ചപ്പെടുത്താവുന്നതാണ്,

മത്സ്യവളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് കുളങ്ങൾ നിർമ്മിക്കുന്നതിനുംമററും, ഫിഷറീസ് ഡിപ്പാർട്ടുമെൻറിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, മലയിഞ്ചി, ചിററരത്ത മുതലായ സുഗന്ധ വ്യജ്ഞന കൃഷികളും ഈ പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. ഇതിന് വേണ്ട പ്രോത്സാഹനം നൽകണം.

അടുക്കള തോട്ടത്തിന് അലങ്കാരമായ ഓമ, പേര, നാരകം, കറിവേപ്പില, ശീമപ്ലാവ്, ആത്ത മുതലായ കൃഷികൾക്കും അനുയോജ്യമായ മണ്ണ് ആണ് ഇവിടെയുള്ളത്. വ്യാവസായിക അടിസ്ഥാനത്തിൽ പൂച്ചെടികൾ നട്ടുവളർത്താൻ വേണ്ട പ്രോത്സാഹനം നൽകണം. ഓർക്കിഡ് കൃഷി വ്യാപകമാക്കണം.

രാസവളങ്ങൾ, കീടനാശിനികൾ തുടങ്ങിയവയുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം മണ്ണിൻെറ രാസഘടനയെ താറുമാറാക്കുകയും, രാസവളങ്ങളുടെ, വിലക്കയററം കർഷകൻെറ ഋണബാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിന് പരിഹാരമായി ജൈവ വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള മാർഗനിർദ്ദേശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ കർഷകർക്ക് ലഭ്യമാക്കണം. മണ്ണിര കമ്പോസ്ററ് നിർമ്മാണത്തിനു പ്രചരണം നൽകണം. പച്ചില വളവിത്തുകളും മററും ആവശ്യാനുസരണം വിതരണം ചെയ്യണം.

### *വിള ഇൻഷ്വറൻസ്*

എല്ലാവിളകൾക്കും സൗജന്യ വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തണം. കീടബാധയ്ക്കും, രോഗബാധയ്ക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളണം.

### *വിതരണ ശൃംഖല*

കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ ക്രയ വിക്രയംചെയ്യുന്നതിനുള്ള സബ്ഡിപ്പോകൾ പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ പ്രവർത്തന ക്ഷമമാക്കണം. കർഷകർക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ, പമ്പ് സെററ്, ട്രാക്ററർ, സ്പ്രേയറുകൾ, മററ് കാർഷീക ഉപകരണങ്ങൾ എന്നിവ യഥാവസരം കർഷകർക്ക് ലഭിക്കുവാനുള്ള ഇന്നത്തെ സംവിധാനം തികച്ചും അപര്യാപ്തമാണ്. ഇതിന് പരിഹാരമായി പഞ്ചായത്തിൻെറ പല ഭാഗത്തായി കർഷകർക്ക് ആവശ്യമുള്ള വസ്തുക്കൾ വിതരണം ചെയ്യുന്നതിനും മററുമുള്ള കേന്ദ്രങ്ങൾ ഉണ്ടാകണം. കോട്ടമല, കാററാടി, ചീങ്കൽത്തടം തുടങ്ങിയ ഭാഗങ്ങളിൽ ഇതിൻെറ പ്രാധാന്യം വളരെയാണ്. കർഷകർക്ക് പ്രോത്സാഹനവും, കാർഷിക വൃത്തിയിൽ അഭിമാനവും വർദ്ധിപ്പിക്കുന്നതിന്, പഞ്ചായത്ത് തലത്തിൽ മികച്ച കർഷകർക്ക് കൂടുതൽ അവാർഡുകൾ, കീർത്തിപത്രം തുടങ്ങിയവ ഏർപ്പെടുത്തിയും, കൃഷി സെമിനാറുകൾ ബോധ വൽക്കരണ പരിപാടികൾ, കാർഷികവിളകളുടെ പ്രദർശനങ്ങൾ, ശാസ്ത്രിയ കൃഷി രീതികളുടെ പ്രചരണം തുടങ്ങിയവ വ്യാപകമാക്കണം.

കൂടുതൽ ചെറുപ്പക്കാരെയും,, തൊഴിൽ രഹിതരെയും കാർഷിക മേഖലയിൽ ഏർപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണം നടത്തണം.

കൃഷിഭവന് സ്വന്തം കെട്ടിടവും, കൂടുതൽ സ്ററാഫും ഏർപ്പെടുത്തണം.

മൈലപ്രാ പഞ്ചായത്തിനെ മുഴുവനും വാട്ടർ ഷെഡ് ഏരിയായിൽ കൊണ്ടുവരണം.

കർഷകർക്ക് ആവശ്യമായി വരുന്ന വായ്പകൾ യഥാവസരം ഏററവും മിതമായ പലിശനിരക്കിൽ ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ചുരുക്കത്തിൽ കാർഷിക മേഖല നാടിൻെറ സിരാകേന്ദ്രമാണ് എന്ന് മനസിലാക്കി, ഈ മേഖലയുടെ സമഗ്ര വികസനത്തിന് വേണ്ട എല്ലാ നടപടികളും പഞ്ചായത്ത് തലത്തിൽ നടപ്പാക്കണം

### ജലസേചനം

മൈലപ്രാ പഞ്ചായത്തിന് 8 വാർഡുകൾ ഉണ്ട് എല്ലാം സ്ഥലത്തും ജലസേജന സൗകര്യത്തിന്റെ അപര്യാപ്തതമൂലം കൃഷിക്കുവേണ്ട വിധത്തിൽ പുരോഗമിച്ചിട്ടില്ല. കൃത്യമായി ജലസേചനത്തിനു സൗകര്യം നൽകിയാൽ ഈ പഞ്ചായത്തിലെ കൃഷി സമ്പത്ത് വളരെ അധികം വർദ്ധിപ്പിക്കുവാൻ സാധിക്കും. അതുകൊണ്ട് ഈ പഞ്ചായത്ത് ജലസേചന കാര്യത്തിൽ മുൻഗണനന നൽകി നാടിന്റെ വികസനം ത്വരിതപ്പെടുത്തണം. ജലസേചന സ്കീമുകൾ ആരംഭിക്കുന്നതോടെ രൂക്ഷമായ തൊഴിലില്ലായ്മയും ഒരു പരിധി വരെ പരിഹാരം കാണുവാൻ സാധിക്കും.

വാർഡുകൾ തിരിച്ചുള്ള ജലസേചന സാദ്ധ്യതകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഒന്നാം വാർഡിൽ പതാലിപാറയുടെ മുകളിലുള്ള വള്ളലിൽ നിന്നും ഒരു ഓലി ഒഴുകുന്നുണ്ട്, അതു കുറേകൂടി വിപുലികരിക്കാമെങ്കിൽ പതാലിപാറയിലും, ഭൂദാന കോളനിയിലും താമസിക്കുന്ന 70 വീട്ടുകാർക്ക് ആവശ്യത്തിനുള്ള കുടിവെള്ളം കിട്ടും. കണ്ണൻപാറ വാട്ടർ ടാങ്കിനോട് ഏററവും അടുത്തുകിടക്കുന്ന ഹരിജൻ കോളനി ആണെങ്കിലും ഇതുവരെയും കുടിവെള്ളം എത്തിച്ചിട്ടില്ല. ഇതിനും സത്വര നടപടികൾ ഉണ്ടാകണം. കാവുങ്കൽ വാലുപറമ്പിൽ റോഡിൽ പൈപ്പ്ലൈൻ ഇട്ട് കുടിവെള്ള ക്ഷാമം പരിഹരിക്കണം. ഇവിടെ ഭൂമിയുടെ അടിഭാഗം (10 അടിതാഴ്ച) തട്ടുപാറ ആയതിനാൽ കിണർ കുഴിക്കാൻ സാധിക്കുന്നില്ല 50 കുടുംബങ്ങൾ കുടിവെള്ളത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്നു:

### വാർഡ്–2

മുക്കട തോട്ടിൽ ചെലവുകുറഞ്ഞ ചെക്കു ഡാമുകൾ നിർമ്മിച്ചാൽ ജലസേചന സൗകര്യം ഉണ്ടാക്കാവുന്നതാണ്. ഇപ്രകാരം ചെക്ക് ഡാം നിർമ്മിച്ചാൽ അത് മലയാലപ്പുഴ, കുമ്പഴകുഴി, മൈലാടുംപാറ ഭാഗത്തെ ബന്ധിപ്പിക്കുന്ന പാലങ്ങളായും രൂപകല്പന ചെയ്യാവുന്നതാണ്. രണ്ടാം വാർഡ് വാട്ടർഷെഡ് ഏരിയായിൽ ഉൾപ്പെടുത്തേണ്ടതാണ്. മണ്ണൊലിച്ച് തടയുന്നതിന് തടയണ പല ഭാഗങ്ങളിലും നിർമ്മിക്കാവുന്നതാണ്.

### വാർഡ്–3

ഈ വാർഡിൽ വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങളിൽ പൊതുക്കിണറുകൾ കുഴിച്ച്, വെള്ളം പമ്പ് ചെയ്ത് കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. മണ്ണൊലിപ്പ് തടയുന്നതിന് തടയണകൾ നിർമ്മിക്കണം. മൈലപ്രാ എസ്. എച്ച് ഹൈസ്കൂൾ പാലം മുതൽ ആഞ്ഞിലിമൂട്ടിൽ പടിവരെയുള്ള തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കണം.

### വാർഡ്–4

കൃഷിയ്ക്ക് ഏററവും അനുയോജ്യമായ ഫലപുഷ്ടി ഉള്ള മണ്ണും, തട്ടുകളായ ഭൂമിയും ഈ വാർഡിന്റെ പ്രത്യേകതയാണ്. വാർഡിലെ പല സ്ഥലങ്ങളിലിം പ്രകൃതിദത്തമായ നീർച്ചാലുകൾ സുലഭമാണ്. കുളത്താനി, ഓലിക്കൽ ഭാഗങ്ങളിൽ ജലസംഭരണികൾ നിർമ്മിച്ച് ഈ വാർഡിന്റെ കഴിക്കൻഏരിയായിലെ കുടിവെള്ളം ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താം, വാർഡിൽ നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ അററകുററപ്പണി നടത്തി ഉപയോഗപ്രദമാക്കണം. പർത്തലപ്പാടി–തയ്യിൽ പടിതോട് ജലസേചനത്തിന് ഉപയോഗപ്രദമാക്കണം. പർത്തലപ്പാടി – തയ്യിൽ പടിതോട് ജലസേചനത്തിന് ഉപയോഗപ്രദമായ രീതിയിൽ വശങ്ങൾ കെട്ടി സംരക്ഷിക്കണം.

### വാർഡ്–5

ഈ വാർഡിലെ ഭൂമികൃഷിയ്ക്ക് ഉപയുക്തമാണ്, പ്രധാനമായും രണ്ടു തോടുകൾ ഈ വാർഡിൽ കൂടി കടന്നു പോകുന്നുണ്ട്. മീൻമുട്ടിക്കൽ പടി–കരിങ്കററിക്കൽ പടി തോടിന്റെ മീൻമുട്ടിക്കൽ പടി ഭാഗത്ത് ചെക്ക് ഡാം കെട്ടിയിട്ടുള്ളത് ഉപയോഗപ്രദമല്ല. അത് ഉപയോഗപ്രദമായ സ്ഥ

ലത്ത് മാററി സ്ഥാപിക്കണം. തോട്ടിലെ നീരൊഴുക്ക് ക്രമീകൃതമാക്കുന്നതിന് വേണ്ട പണികൾ നടത്തണം. തോടിൻെറ ഇരുവശങ്ങളും കെട്ടി ബലപ്പെടുത്തുകയും, കൊല്ലാകൾ കെട്ടുന്നതും ഈ വാർഡിലെ കൃഷിക്കാരുടെ ആവശ്യമാണ്. മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കണം.

## വാർഡ്-6

മഴക്കാലത്ത് തോട്ടിൽ കൂടി വരുന്ന വെള്ളം ആനുകാലിക കൃഷികൾക്ക് നഷ്ടം വരുത്തുന്നു. ഇതിനു പരിഹാരമായി കളീയ്ക്കൽ പടി മുതൽ–അസ്ത്രം കുഴിവരെയുള്ളതും, വെള്ളേലാലിക്കൽ മുതൽ-പുത്തൻ പുരയിൽപടി വരെയുള്ളതുമായ തോടിൻെറ വശങ്ങൾ കെട്ടി ഉറപ്പിക്കുക. തോട്ടിൽ കടയണയോ, ക്രേസ്ബാറോ കെട്ടി കൃഷിക്കാർക്ക് ആവശ്യാനുസരണം ജലം എത്തിക്കാവുന്നതാണ്. അമ്പലം ഭാഗത്തുള്ള രണ്ട് കുളങ്ങളും ആശുപത്രി കിണറും കൃഷിയ്ക്ക് വെള്ളം ലഭിക്കതക്ക രീതിയിൽ ആഴം കൂട്ടി പമ്പിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. കളീയ്ക്കൽ പടി, വെള്ളേലാലിക്കൽപടി, മീൻമൂട്ടിപടി, അമ്പലംപടി എന്നീ ഭാഗങ്ങളിൽ തടയണ കെട്ടിവെള്ളം സംഭരിക്കാവുന്നതാണ്. വല്യയന്തി ഭാഗത്ത് ഒരു കുളം കുഴിച്ച് അവിടെ നിന്നും വെള്ളം പമ്പ് ചെയ്ത് എടുക്കാവുന്നതാണ്.

## വാർഡ്–7

അഞ്ഞററിഞ്ചിൽപടി–വട്ടംകാലാപുരയിടത്തിൽ ഉള്ള വററാത്തനീരുറവ ഈ വാർഡിൻെറ ജലസേചനത്തിന് ഉപയോഗപ്രദമാക്കാം.

പമ്പാ ജലസേചന പദ്ധതിയുടെ ഭാഗമായി ഉതിമൂട്–കീക്കൊഴൂർ കനാലിൽ നിന്ന് സബ് കനാൽ നിർമ്മിച്ച് ഈ പ്രദേശത്ത് ജലസേചന സൗകര്യം വർദ്ധിപ്പിക്കാം,

മുള്ളൻ കല്ലേൽ, ആഞ്ഞിലിമൂട്ടിൽ (കുരീക്കാട്ടിൽ) ഭാഗത്ത് കുളവും, ടാങ്കും ഉണ്ടാക്കി പൊന്തനാലിൽ, മുള്ളൻ കല്ലേൽ, അഞ്ചാനി, ലക്ഷംവീട് ഭാഗങ്ങളിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കാം.

## വാർഡ്-8

മഴക്കാലത്തു മാത്രം വെള്ളം ലഭിക്കുന്ന ഏതാനും നീരൊഴുക്ക് തോടുകൾ മാത്രമെ ഈ വാർഡിൽ ഉള്ളു. ഈ വാർഡിനെ മേക്കൊഴൂർ വാട്ടർ ഷെഡ് ഏരിയായിൽ ഉൾപ്പെടുത്തണം. മണ്ണാരക്കുളഞ്ഞി ചന്തയ്ക്ക് വടക്കുഭാഗം തുടങ്ങി, ചെന്നാട്ടുപടി വരെയുള്ള ഏലായുടെ സൈഡ് വരമ്പ് കെട്ടി ബലപ്പെടുത്തണം. സൗകര്യമായ സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് കൃഷിയ്ക്ക് ആവശ്യമായ വെള്ളം എത്തിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിലുള്ള പൊതുക്കിണറുകൾ, കുളങ്ങൾ എന്നിവ കാലകാലങ്ങളിൽ കേടുപാടുകൾ പോക്കി, കൃഷിക്കാർക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ജലസേചന സൗകര്യങ്ങൾ ഒരു സാങ്കേതിക വിദഗ്ധൻെറ മേൽ നോട്ടത്തിൽ പഠനം നടത്തി, സാമ്പത്തീക ബാദ്ധ്യതകൾ തിട്ടപ്പെടുത്താവുന്നതാണ്.

ഇതിനെല്ലാം പുറമെ കൃഷിഭവൻെറ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ കാർഷിക പരിശീലന കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കണം.

മൈലപ്രാ ഗ്രാമ പഞ്ചായത്തിൻെറ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസന സംസ്ക്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതാണ്.

# മൃഗസംരക്ഷണം മത്സ്യബന്ധനം

### മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. വളരെ ചെറിയ തോതിൽ താറാവും വളർത്തപ്പെടുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 1378 പശുക്കളും 555 ആടുകളും ഉണ്ട്. ഇറച്ചിക്കു വേണ്ടിയല്ലെങ്കിലും കുറഞ്ഞ തോതിൽ മുയലുകളും വളർത്തുന്നുണ്ട്. 1996 ലെ കന്നുകാലി സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ 7058 പിടക്കോഴികളിൽ 3848 എണ്ണം മുട്ട ഇടുന്നതും 3210 എണ്ണം മുട്ട ഇടാത്തതുമാണ് പഞ്ചായത്തിൽ 922പൂവൻ കോഴികൾ ആണുള്ളത്.

നെൽ കൃഷിയെ കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. പട്ടിക_1, പട്ടിക_2 ഇവകാണുക. നിരന്തരമായി ഉണ്ടാക്കുന്ന കോഴി വസന്ത, കേഴികളുടെ എണ്ണത്തിലും കുറവു വരുത്തി എണ്ണം കുത്തനെ കുറയുകയുണ്ടായി.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം പ്രതിദിനം 2290 ലിററർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കാലിത്തീററയുടെ വില വർധ്നവ്, വൈക്കോലിൻെറയും പുല്ലിൻെറയും ലഭ്യതക്കുറവ്, ചികിത്സാ സൗഹര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പെതുവിൽ നിരുൽസാഹപ്പെടുന്ന ഘടകങ്ങളാണ് മൈലപ്രാ ഗ്രാമ പഞ്ചായത്തിൽ മേക്കൊഴൂരിലുള്ള പാൽ സൊസൈററി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

### മൃഗാശുപത്രി

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് മണ്ണാരക്കുളഞ്ഞിയിലാണ് സ്ഥിതി ചെയ്യുന്നത്. 15_12_1996 ൽ പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരെ ഇവിടെ അടിയന്തിരമായി നിയമിക്കേണ്ടതാണ്. ഇന്ന് ഈ മൃഗാശുപത്രിയുടെ സൗകര്യങ്ങൾ പഞ്ചായത്തിൻെറ മററു പ്രദേശങ്ങളിലേക്ക് വേണ്ടത്ര ലഭിക്കുന്നില്ല, 1, 2, 6, 8, എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ വളരെ ദൂരെയുള്ള മൃഗാശുപത്രിയിൽ എത്തിക്കാൻ പ്രയാസപ്പെടുന്നുണ്ട്. സമയത്തിനു ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതു മൂലം ഉണ്ടാകാറുണ്ട്.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പുരോഗം, ഉദരരോഗം പനി എന്നിവയാണ്. രോഗ പ്രതിരോധ നടപടികളെ കുറിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാററുത്തതിന് തടസമാകുന്നുണ്ട്.

പഞ്ചായത്തിൽ നാമമാത്രമായി മാത്രമേ ഗോബർഗ്യാസ് പ്ലാൻറുകൾ ഇള്ളു കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കുന്നതിനു സാദ്യധയുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസം. മൃഗസംരക്ഷണം വകുപ്പ് മുഖേന ഗോബർഗ്യാസ് പ്ലാൻെ് സ്ഥാപിക്കുന്നതിന് സബ്സീഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവ വളത്തിൻെറ വലിയ ഒരു പങ്കു നിറവേററാൻ കാലി വളർത്തലിലൂടെ കഴിയുമെങ്കിലും പെതുവിൽ കൃഷി ലാഭകരമല്ലാതായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു.

മുൻ കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ മററു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ഫെയ്യുന്ന സ്ഥിതിയാണുള്ളത് കോഴി വളർത്തലിന് വൻ സാധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാക്കുന്നതു്.

മുഖ്യമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നതു്. ഇറച്ചി ആവശ്യത്തിനു മുയലിനെ വളർത്തുന്നത് വളരെ കുറവാണ്. പ്രത്യുൽപാദന നിരക്ക് കൂടുതലാതതു കൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും. മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്കവീടുകളിലും ആടുവളർത്തൽ ഉണ്ട്. ഒരു കുടിൽ വ്യവസായമായി ഇതിനെ കണക്കാക്കാം. ഇറച്ചിയുടെ ആവശ്യത്തിലേക്ക് ആടു വളർത്തൽ ഉയർന്നിട്ടില്ല. പാലിനു വേണ്ട।

മാത്രമായും ഇവയെ വളർത്തുന്നില്ല. ആടു വളർത്തൽ ലാഭകരമായ ഒന്നാണെങ്കിലും പഞ്ചായത്തിൽ ആകെ ഒരു ആടുവളർത്തൽ യൂണിററു മാത്രമേയുള്ളു. ഒന്നും,രണ്ടും വാർഡുകരം കേന്ദ്രീകരിച്ച് 1995–96 ൽആരംഭിച്ച് നല്ല രീതിയിൽ ഈ യൂണിററു പ്രവർത്തിക്കുന്നു. ഇത്തരത്തിൽ പഞ്ചായത്തിൽ പല ആടുവളർത്തൽ യൂണിററുകരം ആരംഭിക്കുന്നതിനുള്ള സാധ്യത ഉണ്ട്

മൃഗസംരക്ഷണ രംഗത്ത് 12 പേർക്കായി 70,000 രൂപാ കാർഷിക വികസന ബാങ്കുകരം വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇതു തുലോം കുറവാണ്. ഇത്തരത്തിലുള്ള ബാങ്കുകളുടെ സഹായം വൻ തോതിൽ ഉണ്ടായാൽ ഈ രംഗത്ത് ഒരു കുതിച്ചു കയററം തന്നെ നടത്താൻ കഴിയും.

പേപ്പട്ടി വിഷബാധ നിയന്ത്രിക്കുന്നതിനായി 221 പട്ടികരംക്കു് കുത്തിവയ്പു നടത്തിയിട്ടുണ്ട്.

### *പ്രധാന പ്രശ്നങ്ങൾ*

1 കാലിത്തീററയുടെ വില കൂടുതൽ
2 പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവു്
3 മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4 കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ, കോഴിവളർത്തൽ നിരുത്സാഹപ്പെടുത്തുന്നു.
5 ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങരം വളരെ കുറവാണ്.
6 പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
7 കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.
3 കാലിത്തീററ, മിനറൽസ് ഇവ ലഭ്യമാകുന്നില്ല.

### *നിർദ്ദേശങ്ങൾ*

1 മൈലപ്രാ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഓരോ വാർഡിലും ക്ഷീര വ്യവസായ യൂണിററുകരം രൂപീകരിക്കുക. ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനു ശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാററുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
2 കുറഞ്ഞ വിലയ്ക്ക് കാലിതീററ ലഭ്യമാക്കുക തീററപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
3 പഞ്ചായത്തിലെ മണ്ണാറക്കുളഞ്ഞി, കോട്ടമല കാററാടി കുമ്പഴ വടക്ക്, മൈലപ്രാ എന്നീ സ്ഥലങ്ങളിൽ ക്ഷീര വികസന യൂണിററും മൃഗാശുപത്രി സബ് സെൻററുകളും ആരംഭിക്കണം.
4 മൂന്നു മാസം കൂടുമ്പോരം മെഡിക്കൽ ക്യാമ്പുകരം നടത്തുക.
5 പാൽ ഉൽപ്പാദിപ്പിച്ച് അനുബന്ധ വ്യവസായങ്ങരം പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യുക.
6 പാൽ സംഭരണ കേന്ദ്രത്തിലൂടെ കോഴിത്തീററ വിതരണവും മുട്ട സംഭരിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കുക.
7 മൃഗ പരിപാലനം, കോഴി വളർത്തൽ, മുയൽ വളർത്തൽ ഇവയ്ക്കാവശ്യമായ ബോധവൽകരണക്ലാസുകരം സംഘടിപ്പിക്കുക ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.
8 ഗോബർ ഗ്യാസ് പ്ലാൻറിനെകുറിച്ച് കൂടുതൽ ബോധ വൽക്കരണം നടത്തുക.
9 ആടു വളത്തൽ യൂണിററുകരം തുടങ്ങുക.
10 1–ാം വാർഡിൽ മൈലപ്രാ–വാലുമണ്ണിൽ, കുമ്പഴവടക്ക് മണ്ണുകൽ പ്രദേശങ്ങളിൽ പശു വളർത്തൽ യൂണിററുകരം തുടങ്ങുക

### *മത്സ്യ ബന്ധനം*

നിർദ്ദേശങ്ങരം

1 പഞ്ചായത്തിലെ ചെറുതും വലുതുമായ കുളങ്ങളിൽ മീൻ വളർത്തലിന് വായ്പാ സഹായം ലഭ്യമാക്കുക
2 തെരഞ്ഞെടുത്ത കർഷകരെ ഇതിനായിപ്രോൽസാഹിപ്പിക്കുക.
3 പുതിയ കുളങ്ങരം നിർമ്മിക്കുവാൻ സഹായിക്കുക.

# 5—3 വ്യവസായം

മൈലപ്ര ഗ്രാമപഞ്ചായത്തു് വ്യാവസായികമായി വളരെ അധികം പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ്. ഈ പഞ്ചായത്തിൽ സമഗ്ര വികസനം നടക്കണമെങ്കിൽ വ്യാവസായിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ധാരാളം വിദേശ മലയാളികൾ തങ്ങളുടെ പണം ബാങ്കുകളിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ പണം വേണ്ട വിധത്തിൽ സംഭരിച്ച് വളരെ അധികം മുതൽ മുടക്കുള്ള വ്യാവസായിക സ്ഥാപനങ്ങൾ ഇവിടെ ആരംഭിക്കുവാൻ സാധിക്കും. സാങ്കേതിക ജ്ഞാനവും വൈദഗ്ധ്യവും പരിചയവും കൈമുതലായുള്ള ആളുകൾ ഈ പ്രദേശത്തു നിന്നും തൊഴിൽ തേടി കേരളത്തിലും ബാഹ്യകേരളത്തിലും വിദേശ രാജ്യങ്ങളിലും ആയി കഴിയുന്നുണ്ട്. ഇവരിൽ പലരും പലവിധമായ കാരണങ്ങളാൽ നാട്ടിൽ തിരിച്ചെത്തിക്കൊണ്ടിരിക്കുകയുമാണ്. അതുപോലെ തന്നെ തൊഴിൽ രഹിതരായ അനേകം ചെറുപ്പക്കാർ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസവും ഡിഗ്രികളും സമ്പാദിച്ചതിനു ശേഷം ഇവിടെ കഴിയുന്നുണ്ട്. അവർക്ക് എന്തെങ്കിലും തൊഴിൽ സാധ്യതകൾ ഉണ്ടാകണമെങ്കിൽ ഇവിടെ വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

നെയ്ത്ത്, കയർ, കള്ളുവണ്ടി, കൈത്തറി, ബീഡി, കളിമൺ ഇത്യാദി പരമ്പരാഗത വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഇറച്ചിക്കോഴി യൂണിററ്, ഓയിൽമില്ലുകൾ, ഡെറികൾച്ചർ യൂണിററ്, കൂൺകൃഷി, തേനീച്ച വളർത്തൽ എന്നീ യൂണിററുകൾ തുടങ്ങേണ്ടതാണ്.

ജൈവവളം, പച്ചിലവളം, മണ്ണിര കമ്പോസ്റ്റ്, പുഷ്പ വ്യാപാരം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നടത്താം.

വനിതാ വ്യവസായ യൂണിററുകൾക്ക് വളരെയധികം ഊന്നൽ നൽകേണ്ടതാണ്. വനിതകളുടെ സംരഭങ്ങളായ പാലുല്പന്ന യൂണിററുകൾ, കറി പൗഡർ യൂണിററുകൾ, അച്ചാറുകൾ, സ്കാഷുകൾ, ജാമുകൾ മുതലായവയ്ക്കു വേണ്ടിയുള്ള യൂണിററുകൾ, അരി, ഗോതമ്പ് മുതലായവ ഉപയോഗിച്ചുള്ള പലഹാരങ്ങൾ ഉണ്ടാക്കുന്ന യൂണിററുകൾ, ബേക്കറി ഉല്പന്നങ്ങൾ, കേരോല്പന്ന യൂണിററുകൾ, റെഡിമെയ്ഡ് വസ്ത്ര വ്യാപാര യൂണിനിററുകൾ എംബ്രോയിഡറി വർക്സ് യൂണിററുകൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ, മിഠായി നിർമ്മാണം മുതലായ വനിതാ യൂണിററുകൾക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. അതു് നിർമ്മിച്ച് പഞ്ചായത്തിലെ വനിതകളെ തൊഴിൽ മേഖലകളിലേക്ക് അടുപ്പിക്കുകയും അതുവഴി സ്ത്രീകൾക്ക് സാമ്പത്തിക വരുമാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

റബ്ബർതടി വളരെയധികം ലഭ്യമാകുന്നതിനാൽ റബ്ബർതടി സംസ്കരിച്ച് ഉണ്ടാക്കാവുന്ന ഫർണീച്ചർ യൂണിററുകൾ, തീപ്പെട്ടി ഫാക്ടറികൾ, പ്ളൈവുഡ് ഉൽപാദന യൂണിററുകൾ, റബർപാൽ ഉപയോഗിച്ചുണ്ടാക്കാവുന്ന റബ്ബർ ബാൻറുകൾ, റബ്ബർ ഉറകൾ, ബലൂൺ മുതലായ യൂണിററുകൾ തുടങ്ങുവാൻ വളരെയധികം സാധ്യതയുണ്ട്. അതുപോലെ തന്നെ റബ്ബർചെരിപ്പു നിർമ്മാണ ഫാക്ടറികൾ, ടയർ റീട്രേയിഡിംഗ് യൂണിററുകൾ, മുതലായവ ആരംഭിക്കുവാൻ വളരെയധികം സാധ്യതയുണ്ട്.

ചുടുകട്ട, ഹോളോബ്രിക്സ്, സിമൻറുകാൽ നിർമ്മാണം, സിമൻറു ജനാലകൾ മുതലായവ ഉണ്ടാക്കുന്നതിനുള്ള യൂണിററുകൾ മുതലായവ ആരംഭിച്ചാൽ ഇവിടെയുള്ള നിരവധി നിർമ്മാണ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കും. പഞ്ചായത്തിലെ വിവിധ കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് ഈററ, ചൂരൽ മുതലായവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കണം. വിശ്വകർമ്മർ, ഇരുമ്പുപണിക്കാർ, മേസ്ത്രിമാർ, സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും പഠനം കഴിഞ്ഞു നിൽക്കുന്നവർ തുടങ്ങിയവർ ധാരാളം വസിക്കുന്ന ഈ സ്ഥലത്ത് ഇവരെ സംഘടിപ്പിച്ച് പുതിയ പല ചെറുകിട വ്യവസായ യൂണിററുകളും ആരംഭിക്കാവുന്നതാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സൂപ്പർ മാക്കററ്, പെട്രോൾ ബങ്ക്, ഓട്ടോ മോബൈൽ വർക്ഷോപ്പ്, റെഡിയെയ്ഡ് വസ്ത്ര യൂണിററ്, സോഫ്ററു ഡ്രിംഗ്സ് യൂണിററ്, ഓഫ്സെററു പ്രിൻറിംഗ് പ്രസ്, മാവേലിസ്റ്റോറുകൾ, റബ്ബർവ്യാപാരശാലകൾ മുതലായവ തുടങ്ങേണ്ടതാണ്.

വ്യവസായം തുടങ്ങുവാൻ താൽപര്യവും സാങ്കേതിക പരിജ്ഞാനവുംമററും ഉള്ളവരെ കണ്ടെത്തി അവർക്ക് സാങ്കേതിക പരിശീലനവും വ്യവസായിക ബോധവൽക്കരണവും നൽകണം വിദഗ്ദരെയും പൊതു പ്രവർത്തകരരയും ഉൾകൊള്ളിച്ചു കൊണ്ടുള്ള ഒരു വ്യവസായിക വികസന സമിതിയുടെ രൂപീകരണം തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം വ്യവസായിക സെമിനാറുകൾ, പ്രദർശനങ്ങൾ മുതലായവ സംഘടിപ്പിക്കണം

ബാങ്കുകളുടെയും മററു പണമിടപാട് സ്ഥാപനങ്ങളുടെയും പ്രവർത്തനം ആവശ്യക്കാർക്ക് വായ്പകൾ കാഞ്ഞ പലിശ നിരക്കിൽ യഥാസമയം ലഭിക്കുവാൻ തക്കവിധത്തിൽ ക്രമപ്പെടുത്തണം.

പഞ്ചായത്തിൽ ധാരാളം നാളികേരം ലഭിക്കുമെന്നുള്ളതിനാൽ ഒരു ഓയിൽ മിൽ തുടങ്ങുവാൻ വളരെയധികം സാദ്ധ്യതയുണ്ട്. അതേപോലെ പഞ്ചായത്തിൽ ഡെറികൾച്ചർ യൂണിററ്, കൂൺ കൃഷി യൂണിററ്, തേനീച്ചവളർത്തൽ യൂണിററ് ഇവ തുടങ്ങാൻ സാദ്ധ്യതയേറെയാണ്.

ഇന്ന് പഞ്ചായത്തിൽ മൊത്തത്തിൽ ഊർജ്ജ വിതരണം തൃപ്തികരമല്ല വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്നു.

പർപ്പിടക നിർമ്മാണം, പഴസംസ്കരണ യൂണിററ്, തീപ്പെട്ടി, മെഴുകുതിരി, സോപ്പ് എന്നിവയുടെ നിർമ്മാണം, പുഷ്പാലങ്കാര വ്യവസായം, ചിരട്ട ഉപയോഗിച്ചുള്ള കൗതുക വസ്തുനിർമ്മാണം ഖാദിബോർഡിന്റെ സഹകരണത്തോടുകൂടികിടക്ക നിർമ്മാണം. നോട്ടുബുക്ക് നിർമ്മാണം, വനിതാ ചെറുകിട വ്യവസായ യൂണിററുകൾ ഇവ തുടങ്ങേണ്ടതാണ്.

കാർഷികോപകരണ നിർമ്മാണം, കുട നിർമ്മാണ യൂണിററ്, തടി ഫർണീച്ചർ നിർമ്മാണം സ്റ്റീൽ ഫർണീച്ചർ നിർമ്മാണം എന്നീ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ വളരെയേറെ സാദ്ധ്യത ഉണ്ട്.

മൈലപ്രാ ആസ്ഥാനമാക്കി ഒരു ഇൻഡസ്ട്രിയൽ എസ്റേററ് ആരംഭിക്കണം. വ്യവസായം തുടങ്ങുന്നതിനു താൽപര്യമുള്ളവരുടെ പട്ടിക പഞ്ചായത്തുതലത്തിൽ ശേഖരിക്കുകയും ഇവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക. ഇവരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായം തുടങ്ങുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും അതിനായി ഒരു സ്ഥിരം മോണിററിംഗ് കമ്മററി രൂപീകരിക്കുകയും വേണം.

കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിനായിഒരു Craft development centre സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പററി ബോധവല്ക്കരണം നടത്തുന്നതിനു് നാളികേര വികസന ബോർഡ്, കേരഫെഡ്കയർ വികസന ഡയറക്ടർ, Regional Research Laboratory, Trivandrum തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പററിയും അതിന്റെ വിപണന സാദ്ധ്യതകളെപ്പററിയും Indian Institute of Fashion Technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ച്യുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെതന്നെ ലഭ്യമാക്കാനും എല്ലാററിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നു വരുവാൻ കാരണമാവുകയും ചെയ്യും.

# 5—4 വിദ്യാഭ്യാസം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽപ്പെട്ട മൈലപ്രാ ഗ്രാമപഞ്ചായത്ത് മലകളും, താഴ്‌വരകളും നിറഞ്ഞ ഒരു പ്രദേശമാണ്. പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയാണ്. 20-ാം നൂററാണ്ടിന്റെ തുടക്കത്തിൽ അങ്ങിങ്ങായി നടത്തപ്പെട്ടിരുന്ന 'കുടിപള്ളിക്കൂടങ്ങൾ' മാത്രമായിരുന്നു ഈ പ്രദേശത്തിന്റെ പ്രധാന വിജ്ഞാന കേന്ദ്രങ്ങൾ. നാട്ടിലെ പുരോഗമന വാദികളായ ഏതാനും പേർ വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കി മേക്കൊഴൂർ പ്രൈമറി സ്കൂളും, മൈലപ്രായിൽ ഇന്നത്തെ M. S. C. L. P. S ഉം, നിലവിൽ വന്നു ഈ രണ്ടു സ്കൂളുകളും പഞ്ചായത്തിലെ പ്രഥമ ഔപചാരിക വിദ്യാകേന്ദ്രങ്ങളാണ്, ഈ സ്കൂളുകളിൽ പ്രാരംഭ വിദ്യാഭ്യാസം നേടിയവർ, മൈലുകൾ കാൽനടയായി സഞ്ചരിച്ച് പത്തനംതിട്ടയിലും മററു വിദൂരസ്ഥലങ്ങളിലും തുടർ വിദ്യാഭ്യാസം നേടി.

1930-കളിൽ ഈ ദുഃസ്ഥിതിക്ക് മാററം വന്നു, നാട്ടുകാരുടെ കൂട്ടായ പരിശ്രമത്തിൽ മൈലപ്രായിൽ U. P. സ്കൂളും, അദ്ധ്യാപക പരിശീലന കേന്ദ്രവും ആരംഭിച്ചു. ഈ സ്ഥാപനങ്ങളാണ് ഇന്നു സേക്രട്ട്ഹാർട്ട് H. S ഉം സേക്രട്ട്ഹാർട്ട് T. T. I ആയും നിലകൊള്ളുന്നത്. തുടർന്നു വന്ന കാലഘട്ടങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെമ്പാടും വന്ന മാററങ്ങൾ നമ്മുടെ പഞ്ചായത്തിലും അലയടിച്ചു മേക്കൊഴൂരിൽ S. N. D. P. വക, U P School കളും, കുമ്പഴവടക്ക് S.N.V.U.P School ഉം, മൈലപ്രാ കാക്കാൻ തുണ്ടിൽ N. M. L. P. S ഉം, മണ്ണാരക്കുളഞ്ഞിയിൽ M. S. C. L. P. സ്കൂളും നിലവിൽ വന്നു.

1975-ൽ പഞ്ചായത്തിലെ 2-ാമത്തെ ഹൈസ്കൂളായ മാർത്തോമ്മാ H. S. മേക്കൊഴൂരിൽ സ്ഥാപിതമായി. അൺഎയ്ഡഡ് സ്കൂളായ മൗണ്ട്ബഥനി E. H. S. മൈലപ്രായിൽ ആരംഭിച്ചതോടു കൂടി, ഇരുപതു് കിലോമീററർ ചുററളവിൽ നിന്നും വിദ്യാർത്ഥികൾ പഞ്ചായത്തിൽ പഠനത്തിനായി എത്തി തുടങ്ങി. പഞ്ചായത്തിൽ 2 ാം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഓർത്തഡോക്സ് സഭാ മാനേജ്മെന്റിലുള്ള ഈ കേന്ദ്രം പഞ്ചായത്തിലെ ഏക സാങ്കേതിക പഠന സ്ഥാപനമാണ്.

ഇന്ന് പഞ്ചായത്തിൽ 12 അംഗൻവാടികളും, അഞ്ചു പ്രൈമറിസ്കൂളുകളും, മൂന്നു അപ്പർപ്രൈമറിസ്കൂളുകളും, മൂന്നു ഹൈസ്കൂളുകളും, ഒരു Training Instituteഉം, I. T. C യും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി എണ്ണായിരത്തോളം കുട്ടികൾ പഠിക്കുന്നു. ഈ സ്ഥാപനങ്ങളിലെ പ്രത്യേകിച്ചും ഹൈസ്കൂളുകളിലെ S. S. L. C വിജയം കണക്കിലെടുക്കുമ്പോൾ, പഠന ഗുണനിലവാരം ഉയർത്തേണ്ടതു് അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെടും. പഞ്ചായത്തിലെ എട്ടു വാർഡുകളിൽ നടന്ന ഗ്രാമസഭയിൽ ഇവയെപ്പററി സമഗ്രമായ ചർച്ചകൾ നടക്കുകയും, നിലവിലുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി ശുപാർശ ചെയ്യുകയുമുണ്ടായി. ഗ്രാമസഭകളിൽ രൂപപ്പെട്ട വിദ്യാഭ്യാസ മേഖലയിലെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1 പഞ്ചായത്തിൽ ഗവൺമെന്റു മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. സർക്കാർ വകയായി ഒരു പോളീടെക്നിക് കോളേജ് തുടങ്ങുക.

2 രണ്ടാം വാർഡിൽ നിലവിലുള്ള I. T. C യിൽ കൂടുതൽതൊഴിലധിഷ്ടിത കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുക.

3 പഞ്ചായത്തു് സ്കൂൾ കോംപ്ളക്സ് ആവിഷ്കരിക്കുക. അദ്ധ്യാപക വിദ്യാർത്ഥി-രക്ഷാകർത്തൃ സഹകരണത്തോടുകൂടി സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരമുയർത്തുക.

4 നിലവിലുള്ള സ്കൂളുകളിൽ കുട്ടികളുടെ കുറവു കാണുന്നു. ഈ സ്ഥിതി തുടർന്നാൽ പല സ്കൂളുകളും പൂട്ടേണ്ടി വന്നേക്കാം. ആയതിനാൽ സ്കൂളുകളോടു് ചേർന്നു നേഴ്സറി വിഭാഗം തുറക്കുക.

5 പഞ്ചായത്തിലെ സ്കൂളുകളിലെ പഠന നിലവാരമുയർത്താൻ ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രവ്യ ഇലക്ട്രോണിക്ക് പഠനോപാധികൾ വാങ്ങാൻസാമ്പത്തിക സഹായം നൽകുക.

6 പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന 12 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

7 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൗതിക സൗകര്യങ്ങളില്ലാത്തവയ്ക്ക, അവ സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

8 സ്കൂളുകളിലെ 'ഉച്ചകഞ്ഞി പ്രോഗ്രാം' കൂടുതൽ ഭംഗിയായി നടത്തുവാൻ പ്രതി വർഷമൊരു തുക അനുവദിക്കുക.

9 നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടൂകോഴ്സ് ആരംഭിക്കുക.

10 നിർദ്ധനരായ കുട്ടികളെ കണ്ടെത്തി പഠനോപകരണങ്ങളും, വസ്ത്രങ്ങളും നൽകുക.

11 പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾ ഇടയ്ക്കു വച്ച് വിദ്യാഭ്യാസം അവസാനിപ്പിക്കുന്നതായി കാണുന്നു. ഇതു തടയാൻ നടപടികൾ സ്വീകരിക്കുക.

12 സ്കൂളുകളോട് ചേർന്നു വരുന്ന റോഡുകളിൽ ട്രാഫിക്ക് സിഗ്നലുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

13 കായിക രംഗത്തു പിന്നോക്കം നിൽക്കുന്ന പഞ്ചായത്തു് അവയുടെ പ്രോത്സാഹനത്തിനായി വേണ്ടതു ചെയ്യുക. Sports School തുടങ്ങാൻ സാധിക്കുമെങ്കിൽ നല്ലതാണ്. പഞ്ചായത്ത് സ്റ്റേഡിയം പണിയുവാൻ തുക അനുവദിക്കുക.

14 പഞ്ചായത്തിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ലൈബ്രറികൾ തുറന്നു പ്രവർത്തിപ്പിക്കുക. അവ സ്ഥാപിച്ചിട്ടില്ലാത്ത വാർഡുകളിൽ അടിയന്തിരമായി അവ തുറക്കുക.

15 ഓരോ വാർഡിലും അതാതു പ്രദേശത്തിനു യോജിച്ച രീതിയിലുള്ള I. T. C മാതൃകയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി പരമ്പരാഗത തൊഴിലുകൾ അഭ്യസിപ്പിക്കുക.

16 പഞ്ചായത്തിലെ സാക്ഷരത 100 % ആണെന്നു ഉറപ്പാക്കാൻ അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടു കൂടി ഒരു ദൃശ്യ - ശ്രവ്യ സാംസ്കാരിക സങ്കേതത്തിനു രൂപം നൽകണം. ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ എല്ലാവർക്കും ആരോഗ്യ-വിദ്യാഭ്യാസ നൈപുണ്യം കിട്ടുവാനുള്ള കോഴ്സുകൾ ആരംഭിക്കുന്നതു നല്ലതാണ്

17 പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ പ്രൈമറിസ്കൂൾ, പ്രീ-പ്രൈമറിസ്കൂളുകൾ എന്നിവ സ്ഥാപിക്കുക.

18 പഞ്ചായത്തിലെ Aided School കളിൽ Shift സമ്പ്രദായം അവസാനിപ്പിച്ച് ആവശ്യത്തിനു് അദ്ധ്യാപകരെ നിയമിക്കുക.

19 പഞ്ചായത്തിൽ Co-operative അടിസ്ഥാനത്തിൽ ഒരു Parallel College ആരംഭിക്കുക.

നാളെയുടെ പ്രതീക്ഷകൾ ക്ളാസ്സ് മുറികളിൽ രൂപപ്പെടുന്നുവെന്നു് അറിയാത്തവർ, ഇന്നു് ആരും തന്നെയുണ്ടാവില്ല. നല്ല നാടും, നല്ല സംസ്ഥാനവും, ക്ഷേമരാജ്യവും നമ്മുടെ കൈകളിൽ തന്നെയാണ്. കാലത്തിന്റെ മാററം ഉൾക്കൊള്ളുകയും, കിട്ടിയിരിക്കുന്ന താലന്തുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും മററുള്ളവരുടെ പ്രയോജനങ്ങൾക്കായി ചെലവഴിയ്ക്കുവാൻ തയ്യാറാകുകയും ചെയ്താൽ ഈ നാടിന്റെ ഭാവി ശോഭനമാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

മൈലപ്രാ ഗ്രാമ പഞ്ചായത്തിലെ 9 % ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു 1539 കിണറുകൾ ഇപ്പോൾ പഞ്ചായത്തിലുണ്ട്. ഇതിൽ 587 കിണറുകൾ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 75% വും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്. കേരള വാട്ടർ അതോറട്ടിയുടെ ഒരു ജലവിതരണ പദ്ധതി പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ആകെ 147 പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. എട്ട് വാർഡുകളിലുമായി 180 വീടുകളിൽ പൈപ്പുവെള്ള കളക്ഷനുണ്ട് വിവിധ വാർഡുകളിലായി 13 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല.

## ശുദ്ധജലസ്രോതസ്സുകൾ
## പട്ടിക 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുക്കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 2 | 7 | 937 | 580 | 13 | 1539 |

## K W A പദ്ധതികൾ
## പട്ടിക 2

| വാർഡ് നമ്പർ | പൈപ്പുവെള്ളം | |
|---|---|---|
| | പൊതുടാപ്പുകൾ | ഹൗസ് കണക്ഷൻ |
| 1 | 10 | |
| 2 | 32 | എല്ലാ വാർഡുകളിലും |
| 3 | 14 | കൂടി ആകെ 180 Nos. |
| 4 | 11 | |
| 5 | 25 | |
| 6 | 25 | |
| 7 | 20 | |
| 8 | 16 | |

കുടിവെള്ളം ശേഖരിക്കുന്നതിനായി 2 മുതൽ 6 K. M. വരെ ദൂരം സഞ്ചരിക്കേണ്ടതായി വരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്നു് ഉയന്നു വന്നതായ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

## പട്ടിക 3
## കുടിവെള്ളപ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | പതാലിൽപ്പാറ, കണ്ണമ്പാറ (പട്ടികജാതി കോളനി) ചെമ്പരത്തിനാൽ ഭാഗം | K W Aയുടെ പൈപ്പ്ലൈൻ നീട്ടുക |
| 2. | മേരിഗിരി_മുട്ടത്തുപടി റോഡ് വെള്ളാവൂർ പടി–ഇരുപ്പച്ചുവട്ടിൽ പടി കണ്ണന്തോട്ടിൽ - വല്യറ കാററാടി, വല്യറ ഭാഗം മുട്ടത്തുമുരുപ്പുഭാഗം | KWA യുടെ പൈപ്പ്ലൈൻ നീട്ടുക ഓലിക്കൽ മേമുറിയിലുള്ള നീരുറവ, കീരിക്കനോട്ടുള്ള നീരുറവ ഇവ ഉപയോഗപ്രദമാക്കുക. കാററാടി_വല്യറയിൽ താന്നിമൂട്ടിൽ പറമ്പിലുള്ള ഭാഗം കണ്ണന്തോട്ടിൽ പടി ചരുവിൽ പറമ്പിലുള്ള കുളം |

| | | |
|---|---|---|
| 3. | പക്കാലേത്തു ഹരിജൻ കോളനി<br>അറുകാലിക്കൽ കുഞ്ഞത്തു കോളനി<br>ഇടക്കര ചാപ്പൽപ്പടി ഭാഗം | KWA പൈപ്പ് ലൈൻ നീട്ടുക,<br>കുഴൽക്കിണർ സ്ഥാപിക്കുക |
| 4 | കുളത്താനി മണ്ണാരക്കുളഞ്ഞി<br>മേല്പത്തൂർ, ഈട്ടിമൂട്ടിൽ ഭാഗം<br>വലിയപറമ്പിൽ ഭാഗം | KWA പൈപ്പ് ലൈൻ നീട്ടുക, ചെറുവള്ളിക്കര ഭാഗത്ത് ഉള്ള കിണർ ഉപയോഗ യോഗ്യമാക്കുക കുളത്താനി, ഉതിമൂട്ടിൽ ഭാഗം എന്നിവിടങ്ങളിൽ പുതിയ കിണറുകളും കുഴൽക്കിണറുകളും കുഴിക്കുക |
| 5. | വല്യയന്തി ഭാഗം | നാരങ്ങാനം ചെറുകോൽ KWA പൈപ്പ് ലൈൻ നീട്ടുക. |
| 6. | ആഞ്ഞിലിമൂട് സെറ്റിൽമെൻറ് കോളനി<br>അമ്പലപ്പടി വട്ടൻകാലാറോഡ് | KWA പൈപ്പ്ലൈൻ നീട്ടുക, മുരുപ്പേൽ സുരേന്ദ്രൻ വക കുളം ശരിയാക്കി ഉപയോഗിക്കുക. |
| 7. | അഞ്ചാനി ലക്ഷംവീട് ഭാഗങ്ങളും<br>മണലുനിരവ് ഭാഗം, പഴമണ്ണിൽ ഭാഗം,<br>തെങ്ങുംകൂട്ടത്തിൽ ഭാഗം | കുഴൽക്കിണർ സ്ഥാപിക്കുക,<br>KWA പൈപ്പ്ലൈൻ നീട്ടുക |
| 8. | കോട്ടുമല, കണ്ടത്തിങ്കൽ തടത്തിൽ,<br>ഏഴോലിക്കിൽ ഭാഗം | KWA പൈപ്പ്ലൈൻ നീട്ടുക, കുഴൽക്കിണർ ശരിയാക്കുക, വല്യതാഴയിൽ പടിക്കൽ കുഴൽക്കിണർ സ്ഥാപിക്കുക. |

# കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

**1-ാം വാർഡ്:** പതാലിൽപ്പാറ, കണ്ണമ്പാറ, വാലുമണ്ണിൽ ഭാഗം, ചെമ്പരത്തിനാൽ ഭാഗം തുടങ്ങിയ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് KWA പൈപ്പ്ലൈൻ ദീർഘിപ്പിക്കുകയും കുഴൽക്കിണറുകൾ സ്ഥാപിക്കുകയും ചെയ്യുക.

**2-ാം വാർഡ്:** ഓലിക്കൽ മേമുറിയിൽ പുരയിടത്തിലുള്ള നീരുറവ, കീരിക്കാട്ടിൽ പറമ്പിലുള്ള നീരുറവകൾ എന്നിവ പണി ചെയ്ത് ഉപയോഗ യോഗ്യമാക്കുക. കാറാടി വല്യറയിൽ താന്നിമൂട്ടിൽപ്പടിയിലുള്ള കുളം വൃത്തിയാക്കി ഉപയോഗമാക്കുക, കുഴൽക്കിണറുകൾ സ്ഥാപിക്കുക, താന്നിമൂട്ടിൽ കുളം, വട്ടമുരുപ്പേൽ പുരയിടത്തിനു സമീപമുള്ള കുളം വൃത്തിയാക്കി ഉപയോഗമാക്കുക.

**3-ാം വാർഡ്:** പക്കാലേത്ത് ഹരിജൻ കോളനി, അറുകാലിക്കൽ കുഞ്ഞത്തു കോളനി, ഇടക്കര ചാപ്പൽപ്പടി ഭാഗം, എന്നിവിടങ്ങളിൽ KWA പൈപ്പുലൈൻ നീട്ടുക, കുഴൽക്കിണറുകൾ സ്ഥാപിക്കുക.

**4-ാംവാർഡ്** ചെറുവള്ളിക്കര, മേല്പത്തൂർ, വലിയപറമ്പിൽ ഭാഗം എന്നിവിടങ്ങളിൽ KWA പൈപ്പുലൈൻ നീട്ടുക, ഈട്ടിമൂട്ടിൽ ഭാഗങ്ങളിൽ കിണറുകളും കുഴൽക്കിണറുകളും സ്ഥാപിക്കുക. കുളത്താനി ഭാഗത്ത് അവിടെയുള്ള ഓലിയിൽ നിന്നും വെള്ളമെടുക്കത്തക്ക സംവിധാനം ഏർപ്പെടുത്തുക. സർവ്വേചെയ്ത് സ്ഥാനം നിശ്ചയിച്ചിട്ടുള്ള കുഴൽക്കിണർ അടിയന്തിരമായി സ്ഥാപിക്കുക.

**വാർഡ്-5** വല്യയന്തി ഭാഗങ്ങളിൽ അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന നാരങ്ങാനം ചെറുകോൽ പദ്ധതിയുടെ പൈപ്പുലൈൻ നീട്ടുക. കുഴൽക്കിണറുകൾ സ്ഥാപിക്കുക.

**വാർഡ് 6** പേഴുംകാട്ടിൽ നിന്നും വെള്ളോലിക്കൽപടിവരെയും അമ്പലപ്പടി മുതൽ വട്ടൻകാലപടി വരെയുമുള്ള ഭാഗങ്ങളിൽ KWA പൈപ്പുലൈൻ സ്ഥാപിച്ചാൽ ശുദ്ധജലക്ഷാമം പരിഹരിക്കാൻ സാധിക്കും. ഈ ഭാഗങ്ങളിൽ മൂന്നിടത്തായി നീരുറവകിട്ടുന്ന സ്ഥലമുണ്ട്. ആഞ്ഞിലിമൂട് സെറ്റിൽമെൻറു കോളനിക്കാർ ഉപയോഗിക്കുന്ന പാറയിൽ കുളവും തടത്തിൽ വഞ്ചിവരെയുള്ള ഭാഗത്തുള്ള കുളവും ശരിയാക്കിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. വല്യയന്തിക്കടുത്ത് ടാങ്ക് ഉണ്ടാക്കി അവിടെനിന്നും ജലവിതരണം നടത്താൻ സാധിക്കും.

**വാർഡ്-7** പേഴുംകാട്- ലക്ഷംവീട് കോളനി, മണൽനിരവുഭാഗം, പഴമണ്ണിൽ ഭാഗം, തെങ്ങുംകൂട്ടത്തിൽ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം

അനുഭവപ്പെടുന്നുണ്ട്, മേക്കൊഴൂർ പബ്ലിക് മാർക്കറ്റിലുള്ള പൊതു കിണറും ലക്ഷം വീട്ടിലുള്ള കുഴൽ കിണറും ശരിയാക്കി ഉപയോഗപ്രദമാക്കണം. മറ്റുള്ള സ്ഥലങ്ങളിലും ജലലഭ്യത ഉറപ്പുവരുത്തണം.

വാർഡ് 8 കോട്ടമല കണ്ടത്തങ്കൽ തടത്തിൽ ഏഴോലിക്കൽ എന്നീ ഭാഗങ്ങളിൽ ജലക്ഷാമം പരിഹരിക്കുവാൻ എത്രയും വേഗം ടാങ്കുകൾ സ്ഥാപിച്ചു ജലവിതരണം ആരംഭിക്കണം. വാല്യത്താഴയിൽ ഭാഗത്ത് പുതിയ കുഴൽകിണർ സ്ഥാപിക്കുക. കണ്ടത്തങ്കൽ തടത്തിലുള്ള പഞ്ചായത്ത് കിണറിന്റെ ആഴം വർദ്ധിപ്പിച്ചാൽ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും. മനോത്ര ഭാഗത്തുള്ള കുഴൽകിണറിൽ നിന്ന് വെള്ളം പമ്പു ചെയ്ത് അടുത്തുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കാമോ എന്ന് വിദഗ്ദ്ധ സമിതിയെ കൊണ്ട് അന്വേഷിച്ച് പരിഹാരം കാണണം.

## ചെറുകിട ശുദ്ധജല പദ്ധതികൾ

ചെറുകിട പദ്ധതികളെക്കുറിച്ചു എല്ലാ വാർഡുകളിൽനിന്നും പരാമർശങ്ങൾ ഉണ്ടെങ്കിലും 2,4. 6 എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്. 2-ാം വാർഡിൽ താന്നിമൂട്ടിൽ കുളം, വട്ടമുരുപ്പേൽ കുളം, ഓലിക്കൽ മേമുറിയിലുള്ള ഓലി, 4 ാം വാർഡിലെ കുളത്താനീ ഭാഗത്തുള്ള ഓലി 6 ാം വാർഡിലെ പാറയിൽ കുളം തടത്തിൽ വഞ്ചിഭാഗത്തുള്ള കുളം എന്നിവ ജനപങ്കാളിത്വത്തോടുകൂടി സാമ്പത്തിക സഹായം നല്കി ശരിയാക്കിയാൽ ഇവിടങ്ങളിൽ മിനി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കും.

## ഇടത്തരം പദ്ധതികൾ

മേക്കൊഴൂർ P H Cയോടു ചേർന്നുള്ള കിണററിൽ മോട്ടോർ ഫിററ് ചെയ്തു വെള്ളം ടാങ്കിൽ ആക്കിയാൽ വളരെയധികം കുടുംബങ്ങൾക്ക് അത് ഉപയോഗിക്കുവാൻ സാധിക്കും. 1-ാം വാർഡിൽ പതാലിൽപാറ ഭാഗത്തു നീരുറവ സംരക്ഷണ ഭിത്തി കെട്ടി ശരിയാക്കിയാൽ കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും. 7-ാം വാർഡിൽ വട്ടൻകാലാപടിയിലുള്ള നീരുറവ സംരക്ഷിച്ചാൽ അവിടെയും ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

## മററു നിർദ്ദേശങ്ങൾ

1) ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ച് വരമ്പുകൾ ഇട്ട് മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക

2) ഇതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

3) മഴവെള്ള സംഭരണത്തിന് കുഴികളും പൊട്ടക്കിണറുകളും ഉപയോഗപ്പെടുത്തുക.

## പൊതുജനാരോഗ്യം

1965 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും വൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചുവന്നത്. 1965-ൽ പുതുവേലിൽ ശ്രീ. യോഹന്നാൻ വർഗീസ് നല്കിയ ഭൂമിയിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കുകയും തുടർന്ന് 1974 ൽ വട്ടകുഴിയിൽ ശ്രീ മത്തായി നല്കിയ സ്ഥലത്ത് ഒരു Rural Dispensary രൂപം കൊള്ളുകയും ചെയ്തു. ഇങ്ങനെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും രണ്ട് സബ് സെൻററുകളും മാത്രമാണ് സർക്കാർ തലത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ ഒരു അലോപ്പതി ആശുപത്രിയും രണ്ട് ഹോമിയോ ക്ലിനിക്കുകളും ഒരു ആയുർവ്വേദ ആശുപത്രിയും മൂന്നു പാരമ്പര്യ വിഷവൈദ്യ ചികിത്സാ കേന്ദ്രങ്ങളും ഇപ്പോൾ നിലവിലുണ്ട്. ഇവിടുത്തെ ശരാശരി കുടുംബ വലിപ്പം 8 അംഗങ്ങളാണ്. പഞ്ചായത്ത് അതിർത്തിയിൽ കിടത്തി ചികിത്സിക്കുന്നതിനു സൗകര്യമുള്ള ഒരു ആശുപത്രി ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനായി P H C അപ്ഗ്രേഡ് ചെയ്യേണ്ടതു അത്യാവശ്യമാണന്ന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യ പൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്തു എന്നതാണ് നമ്മുടെ ലക്ഷ്യം. 3-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സബ്സെൻററിൽ സ്വന്തമായി കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. കാററാടി കുളത്താനി, കോട്ടമല, വല്യയന്തി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു സബ്സെൻററുകൾ ആരംഭിക്കണം.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മുഴുവൻ സമയവും ഡോക്ടറുമ്മാരുടെ സേവനം ഇന്നു ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പരിസരശുചിത്വം

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമല്ല.

പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ സ്ഥിരമായി ജീവനക്കാരെ നിയമിക്കണം. അതുപോലെ "ചെറുകോൽ ഗ്രാമപഞ്ചായത്ത്-ക്ലീൻ പഞ്ചായത്ത്" എന്നൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണം.

## പഞ്ചായത്ത് തലത്തിൽ പ്രാവൃത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ ജനങ്ങളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കും ആരോഗ്യത്തിനും യോഗ പരിശീലന കേന്ദ്രം ആരംഭിക്കണം.

2 പഞ്ചായത്തിൽ ലഭ്യമായ സ്ഥലം വാങ്ങി ഒരു പൊതു ശ്മശാനം പ്രവർത്തിപ്പിക്കേണ്ടതാണ്.

3 വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

4 ചികിൽസാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിൽസക്കായി എത്തുന്ന രോഗികളുടെമുൻകാല ആരോഗ്യ

നിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുററമററതാക്കാനും കഴിയും.

5 കൊതുക് നിവാരണത്തിനായി പ്രാഥമിക ആരോഗ്യകേന്ദ്രം ആസ്ഥാനമാക്കി കൊതുക് നിയന്ത്രണ കേന്ദ്രം സ്ഥാപിക്കുക.

6 വാർഡ് തലത്തിൽ ആരോഗ്യ സംരക്ഷണ സമിതി രൂപീകരിക്കുക.

7 മെഡിക്കൽ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുക.

8 അംഗൻവാടികളിലൂടെ നല്ല പോഷക ആഹാരം വിതരണം ചെയ്യുക.

9 പുകയില്ലാത്ത പരിക്ഷത്ത് അടപ്പുകൾ ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

10 വിഷവൈദ്യ ചികിത്സാ കേന്ദ്രങ്ങൾക്ക് ആവശ്യമായ ഗ്രാൻറുകൾ നൽകി അവയെ പ്രോത്സാഹിപ്പിക്കുക.

11 ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനം പരിശോധിച്ച് കാര്യക്ഷമത ഉറപ്പുവരുത്തുക.

ആരോഗ്യമുള്ള ഒരു ജനതയാണ് നാടിൻെറ സമ്പത്ത്. നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ മാലിന്യപ്രശ്നങ്ങളുണ്ട്. തുറസ്സായ സ്ഥലങ്ങളിലെ മലവിസ്സർജ്ജനം നിരുൽസാഹപ്പെടുത്തേണ്ടതാണ്.

പരിസരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ശരിയായ ബോധവൽക്കരണം ഈ ദിശയിലേക്ക് നടത്തേണ്ടിയിരിക്കുന്നു.

ആശുപത്രികളുടെ പ്രവത്തനങ്ങൾ മെച്ചപ്പെടുത്താൻ പൊതുജന സഹകരണം തേടണം. കൂട്ടായ പ്രവത്തനങ്ങളിലൂടെ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. ആ വഴിക്ക് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയില്ലെങ്കിൽ മററു മേഖലകളിൽ നാം ആർജ്ജിച്ച പുരോഗതി അർത്ഥശൂന്യമാകും.

# ഗതാഗതം, ഊർജ്ജം, മാർക്കററ്

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. പഞ്ചായത്ത് രൂപീകരണത്തിന് മുൻപ് ഗ്രാമീണറോഡുകളുടെ വികസനത്തിനായി പൊതുഖജനാവിൽനിന്നും പണം ലഭ്യമല്ലാതിരുന്ന സമയങ്ങളിൽ ശ്രമദാനങ്ങളിലൂടെയാണ് അധികം റോഡുകളും നിർമ്മിച്ചിട്ടുള്ളത്.

മൈലപ്രാ ഗ്രാമപഞ്ചായത്തിൽ PWD വകയായി 19 കി. മീ. റോഡും പഞ്ചായത്ത് ഉടമയിൽ 60.720 കി. മീ. റോഡും ഉൾപ്പെടെ മൊത്തം 79.720 കി. മീ. റോഡുകളാണ് നിലവിൽ ഉള്ളത്. മൊത്തം 59 റോഡുകളാണ് പട്ടികയിൽ (അനുബന്ധം A) വന്നിട്ടുള്ളത്. കഴിഞ്ഞകാലങ്ങളിൽ സാമ്പത്തിക അപര്യാപ്തതമൂലം വേണ്ടത്ര നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടില്ല. സ്ഥലത്തിന്റെ ഭൂപ്രകൃതി റോഡിന്റെ നിർമ്മാണത്തിനും, റോഡിന്റെ നിലനിൽപ്പിനും അനുകൂലമായ സാഹചര്യം അല്ലാത്തതിനാൽ കൂടുതൽ പണവും അദ്ധ്വാനവും ഇതിലേക്ക് ആവശ്യമാണ്. നിലവിലുള്ള പല റോഡുകളുടേയും അവസ്ഥ ശോചനീയമാണ്. അററകുററപ്പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും വെള്ളം കെട്ടിക്കിടക്കുന്നു. ഓവുചാലുകളുടെയും കലുങ്കുകളുടെയും അഭാവം ഒരു പ്രധാനകാരണമാണ്. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടിക 1–ൽ കാണിച്ചിരിക്കുന്നു.

*പട്ടിക - 1*

## പഞ്ചായത്തിലെ ടാർ റോഡുകൾ

| ക്രമ നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി മീററർ | ബസ്/മററു യാത്രാ സൗകര്യം (കി.മീ.) |
|---|---|---|---|---|---|
| 1. | പുനലൂർ–മൂവാററുപുഴ റോഡ് (കുമ്പഴവടക്ക് മുതൽ ഉതിമൂട് വരെ) | PWD | 6.5 | 10 | ഉണ്ട് |
| 2. | പത്തനംതിട്ട – പമ്പ റോഡ് മണ്ണാരക്കുളഞ്ഞി ജംഗ്ഷൻ മുതൽ കുമ്പളാംപൊയ്ക പുല്ലാമല Jn. വരെ | PWD | 1 | 10 | ഉണ്ട് |
| 3. | മണ്ണാരക്കുളഞ്ഞി–കോഴഞ്ചേരി റോഡിൽ കുട്ടത്തോട് വരെ | PWD | 4 | 8 | ഉണ്ട് |
| 4. | മണ്ണാരക്കുളഞ്ഞി – മലയാലപ്പുഴ റോഡിൽ – ചീങ്കൽത്തടംവരെ | PWD | 1 | 8 | ഉണ്ട് |
| 5. | കടമ്മനിട്ട – മൈലപ്രാ റോഡ് വിളയിൽപീടിക മുതൽ മൈലപ്രാ ടൗൺ വരെ | PWD | 3.5 | 8 | ഇല്ല |
| 6. | മൈലപ്രാ – മേക്കൊഴൂർ ഇടക്കര റോഡ് | PWD | 3 | 9 | ഇല്ല |
| 7. | കൈരളിപുരം – പേഴുംകാട് കുറച്ചു മെമ്മോറിയൽ റോഡ് | പഞ്ചായത്ത് | 4 | 8 | ഇല്ല |
| 8. | പേഴുംകാട് – മണലുനിരവേൽ | പഞ്ചായത്ത് | 1 | 6 | ഇല്ല |
| 9. | മൈലപ്രാ – പത്തരിപ്പടി | പഞ്ചായത്ത് | 2 | 8 | ഇല്ല |
| 10. | കരിംകുററിപടി – ചൊള്ളംമാങ്കൽ | പഞ്ചായത്ത് | 1 | 6 | ഇല്ല |
| 11. | മേക്കൊഴൂർ – ചമതക്കൽ റോഡിൽ കളീക്കൽപടി വരെ | പഞ്ചായത്ത് | 1.5 | 8 | ഇല്ല |

പല വാർഡുകളിലൂടെ കടന്നുപോകുന്ന പഞ്ചായത്ത് റോഡുകൾ 8 മീററിന് മുകളിൽ വീതിഉള്ളവ PWD ക്ക് കൈമാറുവാനുള്ള നടപടികൾ സ്വീകരിക്കണം.

### *ബസ് സർവ്വീസ്*

പഞ്ചായത്തിലൂടെ വാഹന ഗതാഗതം ഇപ്പോൾ 7.5 കി. മീ. PWD റോഡിലൂടെ മാത്രമേ ഉള്ളു. ടാർ ചെയ്തിട്ടുള്ള മററ് PWD പഞ്ചായത്ത് റോഡുകളിൽ ബസ് സർവ്വീസ് നടക്കുന്നില്ല. പത്തനംതിട്ട–കടമ്മനിട്ട–മേക്കൊഴൂർ വഴി 25 വർഷങ്ങളായി നടന്നിരുന്ന കെ. എസ്. ആർ. ററി. സി. ബസ് സർവ്വീസുകൾപോലും നിർത്തിയിരിക്കുകയാണ്. നിർത്തിയ സർവ്വീസുകൾ പുനരാരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം. ടാർചെയ്ത പല പഞ്ചായത്ത് റോഡുകൾ കൂടിയും ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്. പട്ടിക 1-ൽ കൊടുത്തിരിക്കുന്ന പഞ്ചായത്തിലെ ടാർചെയ്ത റോഡുകളിലൂടെ, കോഴഞ്ചേരി, റാന്നി, കീക്കൊഴൂർ എന്നീ സ്ഥലങ്ങളിലേക്ക് അടിയന്തിരമായി ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്. മണ്ണാരക്കുളഞ്ഞി - മലയാലപ്പുഴ റൂട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആവശ്യമാണ്.

മൈലപ്രാ മുതൽ മണ്ണാരക്കുളഞ്ഞി ഹോസ്പിററൽപടി വരെയുള്ള 2.5 കി. മീ. ഉള്ളിലെ മൂന്നു കലുങ്കുകൾ വളരെ കാലപ്പഴക്കമുള്ളതിനാൽ അതു പൊളിച്ചുപണിയുവാൻ സത്വര നടപടികൾ സ്വീകരിക്കണം. കാരണം ശബരിമലയ്ക്കുള്ള പ്രധാനറോഡായതുകൊണ്ട് ധാരാളം വാഹനങ്ങൾ പോകുന്ന റോഡാണിത്. ഈ റോഡിന്റെ 400 മീററിൽ കൂടുതലായി സൈഡ് കെട്ടണം. റോഡിന്റെ അററകുററപ്പണികൾ യഥാസമയം നടത്തണം. ആവശ്യമായ സ്ഥലങ്ങളിൽ വെയിററിംഗ് ഷെഡ്ഡുകൾ പണിയണം.

### *പ്രശ്നങ്ങൾ*

## റെയിൽ ഗതാഗതം

ഇപ്പോൾ മൈലപ്രാ പഞ്ചായത്തിൽ റെയിൽ ഗതാഗതം ഇല്ല. ***തിരുവല്ലാ - പുനലൂർ കോട്ടയം - പമ്പ*** റെയിൽവേ ലൈനുകളുടെ സർവ്വേ പൂർത്തിയായിരിക്കുകയാണ്. ഈ റെയിൽ ലൈനുകൾ പൂർത്തി ആയാൽ ഇടപ്പടവ് എന്ന സ്ഥലത്ത് റെയിൽവേ സ്റേറഷൻ ഉണ്ടാകുമെന്നതിനാൽ മൈലപ്രാ നിവാസികൾക്ക് റെയിൽ യാത്ര വളരെ എളുപ്പമാകുകയും ഗ്രാമത്തിന്റെ സമഗ്ര വികസനത്തിന് ഇത് ഉപകരിക്കുകയും ചെയ്യും. ഈ റെയിൽ ലൈനുകൾ പ്രാബല്യത്തിൽ എത്തുമ്പോൾ പത്തനംതിട്ട പട്ടണത്തിലേയും മൈലപ്രാ പഞ്ചായത്തിലൂടെ കടന്നുപോകുന്ന ശബരിമല റോഡിലേയും വാഹനക്കുരുക്കുകൾ ഒരുപരിധിവരെ ഒഴിവാക്കുവാൻ കഴിയും. ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ജോലിചെയ്യുന്ന വളരെയധികം ആളുകൾ ഈ പ്രദേശത്തുണ്ട്. ഇവർ ബഹുദൂരം യാത്രചെയ്ത് തിരുവല്ല, ചെങ്ങന്നൂർ, കോട്ടയം എന്നിവിടങ്ങളിൽ ചെന്നാണ് റെയിൽ യാത്ര നടത്തേണ്ടത്. ഇവിടെ പുതിയ റയിൽവേ ലൈനുകൾക്ക് രൂപം കൊടുക്കുന്നു എങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാകുന്നതോടൊപ്പം ഈ നാട്ടിലെ സമ്പദ്ഘടനയ്ക്ക് ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാകും. പുതിയ റയിൽവേ ലൈനുകൾ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

## റോഡ് നിർമ്മാണം

### a. *ടാർറോഡുകൾ*

പഞ്ചായത്തിൽ നിലവിലുള്ള 79.720 കി.മീ. മൊത്തം റോഡിൽ പഞ്ചായത്ത് വക ടാർചെയ്തിട്ടുള്ളത് 9.5 കി. മീ. ദൂരം മാത്രമാണ്. ഇത് കേവലം 12% മാത്രമാണ്. ഏതാണ്ട് 4.5 കി.മീ. ദൂരം മെററൽ ഇട്ട് ഉറപ്പിച്ചിട്ടുണ്ട്.

## ടാർ ചെയ്യേണ്ട മെററൽ റോഡുകൾ

***പട്ടിക - 2***

| ക്രമ നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ടാർചെയ്യേണ്ട ദൂരം കി. മീ. | വീതി മീററർ |
|---|---|---|---|---|---|
| 1 | 0201 | 2 | നാക്കാലിപ്പടി – കണ്ണംപാറ റോഡ് | 2 | 8 |
| 2 | 0501 | 5 | കൈരളീപുരം–പേഴുംകാട് റോഡിൽ കാക്കാംതുണ്ട് മുതൽ മീൻമൂട്ടിക്കൽപടിവരെ | 2.5 | 8 |
| 3 | 0401 | 4 | മണ്ണാരക്കുളഞ്ഞി – രണ്ടാംകലുങ്ക് കുളത്താനി | 0.5 | 8 |

കോഡിലെ ആദ്യത്തെ രണ്ട് അക്കങ്ങൾ വാർഡിനേയും തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിൽ റോഡിനുള്ള മുൻഗണനയും സൂചിപ്പിക്കുന്നു. അനുബന്ധം A കാണുക.

# മെററൽചെയ്തു ടാർ ചെയ്യേണ്ട മൺ റോഡുകൾ

## പട്ടിക – 3

| ക്രമ നമ്പർ. | കോഡ് | വാർഡ് | റോഡിന്റെ പേര് | ദൂരം കി. മീ. | വീതി മീററർ |
|---|---|---|---|---|---|
| 1 | 0101 | 1 | പതിയാൻപടി–മണ്ണുങ്കൽ റോഡ് | 0.5 | 6 |
| 2 | 0102 | 1 | മൈലപ്രാ M.S.C.L.P.S. – മന്ദപ്പുഴ | 1 | 6 |
| 3 | 0103 | 1 | കുരിശുംമൂട് – കണ്ണംപാറ റോഡ് | 1 | 6 |
| 4 | 0104 | 1 | മുരുപ്പേൽപടിക – കണ്ണംപാറ റോഡ് | 1 | 5 |
| 5 | 0105 | 1 | നിരവേൽപടി – കഴുങ്ങേരേത്ത് | 1 | 4 |
| 6 | 0106 | 1 | മൈലപ്രാ – പതാലിൽപ്പാറ | 0.7 | 4 |
| 7 | 0107 | 1 | കാവുങ്കൽ – വാലുപറമ്പിൽ | 0.75 | 5 |
| 8 | 0108 | 1 | മണ്ണുങ്കൽപടി – കഴിഞ്ഞൂരേത്ത് | 1 | 4 |
| 9 | 0202 | 2 | കാററാടി – വല്യതറ ലക്ഷംവീടു കോളനി | 1.3 | 4 |
| 10 | 0203 | 2 | പുഴിക്കുട്ടുപാറ – വല്യറ റോഡ് | 1.5 | 4 |
| 11 | 0204 | 2 | ഓലിക്കൽപടി – പുലിക്കുട്ടുപാറ | 1 | 4 |
| 12 | 0205 | 2 | കുമ്പഴവടക്ക് – കാർമ്മേൽ ജംഗ്ഷൻ | 0.55 | 4 |
| 13 | 0206 | 2 | പൂവണ്ണത്തിൽ കോളനി – കാററാടി റോഡ് | 0.4 | 3 |
| 14 | 0207 | 2 | ഓലിക്കൽപടി – മുക്കടപ്പുഴ റോഡ് | 1 | 5 |
| 15 | 0208 | 2 | വാളിയാനിക്കുഴി – കോട്ടപ്പാറ റോഡ് | 0.65 | 4 |
| 16 | 0209 | 2 | മേരിഗിരി – മുട്ടത്തുപടി റോഡ് | 0.7 | 6 |
| 17 | 0210 | 2 | വെള്ളാവൂർപടി – ഇരുപ്പച്ചുവട്ടിൽ | 0.4 | 4 |
| 18 | 0211 | 2 | പുന്നമൂട്ടിൽപടി – മുളക്കുഴ പടി | 0.15 | 2 |
| 19 | 0212 | 2 | വലിയകാലാ – മുരുപ്പേൽപടി റോഡ് | 0.15 | 2 |
| 20 | 0301 | 3 | നെടുമണ്ണിൽപ്പടി - ഇല്ലത്തുപടി – ചക്കാലേത്ത് ഹരിജൻകോളനി റോഡ് | 0.8 | 3 |
| 21 | 0302 | 3 | പീടികപ്പറമ്പിൽപടി – അറുകാലിക്കൽ റോഡ് | 1 | 3 |
| 22 | 0303 | 3 | ചാപ്പൽപടി – പുത്തൂരേത്തുപടി റോഡ് | 1.250 | 3 |
| 23 | 0402 | 4 | രണ്ടാംകലുങ്ക് – കുളത്താനി | 2 | 6 |
| 24 | 0403 | 4 | മണ്ണാരക്കുളഞ്ഞി – മേക്കൊഴൂർ ഹെൽത്ത് സെൻറർ | 2 | 6 |
| 25 | 0404 | 4 | മുരുപ്പേൽപടി - പുല്ലാന്നിവേലിക്കൽ – ചിറക്കടവിൽ HC റോഡ് | 2.250 | 3 |
| 26 | 0502 | 5 | ഒട്ടമൂട്ടിൽപ്പടി – കണ്ണനാക്കുഴി റോഡ് | 0.28 | 3 |

## പട്ടിക - 3

| ക്രമ നമ്പർ. | കോഡ് | വാർഡ് | റോഡിൻെറ പേര് | ദൂരം കി. മീ. | വീതി മീററർ |
|---|---|---|---|---|---|
| 27 | 0503 | 5 | പൂവണ്ണുംമൂട്ടിൽ ആലുനിൽക്കുന്നതിൽ പടി | 0.42 | 4.1 |
| 28 | 0504 | 5 | മൈലപ്രാ CSI പള്ളി – തോണിപ്പാറ | 0.42 | 4 |
| 29 | 0505 | 5 | കൊച്ചുവിള പടി – തോട്ടുങ്കൽ പടി | 0.6 | 3 |
| 30 | 0506 | 5 | ചെറിയന്തി – കടമാനോലിൽത്തടം | 0.5 | 3.5 |
| 31 | 0507 | 5 | കരമുണ്ടക്കൽപടി – പീടികക്കൽപടി | 0.7 | 3 |
| 32 | 0601 | 6 | കരിങ്ങാട്ടിൽപടി – വട്ടൻകാലായിൽ | 2 | 6 |
| 33 | 0602 | 6 | വട്ടാംകുഴി – പേഴുംകാട് റോഡ് | 1.5 | 4 |
| 34 | 0603 | 6 | അമ്പലപ്പടി – ചക്കിട്ടയിൽപടി | 1.5 | 4 |
| 35 | 0604 | 6 | അമ്പലപ്പടി - വട്ടൻകാലായിൽപ്പടി | 1.5 | 6 |
| 36 | 0605 | 6 | വള്ളിപ്പറമ്പിൽ–വഞ്ചിപ്പടി റോഡ് (ഹരിജൻ കോളനി) | 1.5 | 6 |
| 37 | 0606 | 6 | പുന്നോലിൽപടി – മൈലൻപടി | 1 | 5 |
| 38 | 0607 | 6 | മൈലൻപടി – മണലുനിരവേൽ റോഡ് | 1 | 4 |
| 39 | 0608 | 6 | കൊച്ചുഴത്തിൽപടി – വള്ളിപ്പറമ്പ് (ഹരിജൻ കോളനിയിലേക്കുള്ള റോഡ്) | 0.5 | 4 |
| 40 | 0701 | 7 | ചിറക്കൽപടി - മടിയപാറപ്പടി – പഴുമണ്ണിൽപടി | 1.5 | 4 |
| 41 | 0702 | 7 | കളീക്കൽപടി – ചള്ളക്കൽ പടി | 1 | 4 |
| 42 | 0703 | 7 | തെങ്ങുകൂട്ടത്തിൽപടി – ചല്ലിരിക്കൽപടി | 1 | 4 |
| 43 | 0704 | 7 | മരുതിമൂട്ടിൽപടി - കാവുങ്കൽപടി | 1 | 4 |
| 44 | 0705 | 7 | പത്തിശേരി പടി – മണൽനിരവേൽ റോഡ് | 1 | 4 |
| 45 | 0706 | 7 | പഴുമണ്ണിൽപടി – അഞ്ഞൂററിഅഞ്ചിൽപടി | 1 | 4 |
| 46 | 0707 | 7 | പേഴുംകാട് – മണലുനിരവ് റോഡ് (ടാർ ചെയ്യാത്ത ഭാഗം) | 1 | 4 |
| 47 | 0801 | 8 | മണ്ണാരക്കുളഞ്ഞി – ആനപ്പാറ ഏറം | 3 | 6 |
| 48 | 0802 | 8 | മണ്ണാരക്കുളഞ്ഞി – ഉതിമൂട് – വമ്പൂക്കര വഴി ഉള്ള റോഡ് | 3 | 6 |
| 49 | 0803 | 8 | പുന്നമൂട്ടിൽപ്പടി – കോട്ടമല റോഡ് | 1 | 4 |
| 50 | 0804 | 8 | പൊയ്കമണ്ണിൽനിന്ന് കോട്ടമല കരിക്കടിപ്പാറ റോഡ് | 0.5 | 4 |
| 51 | 0405 | 4 | ചീങ്കൽത്തടം - കണ്ണംമണ്ണിൽ പടി | 1 | 4 |
| 52 | 0406 | 4 | കുളത്താനി – ഓലിക്കൽപടി | 1 | 4 |

# മൺ റോഡുകൾ

ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ അധികവും നിലവിലുള്ള മൺറോഡുകളെക്കുറിച്ചാണ്. മൊത്തം 48.72. കി.മി. ദൈർഘ്യമുള്ള 50 മൺറോഡുകളാണ് പഞ്ചായത്തിൽ ഈ ഇനത്തിലുള്ളത്. അതായത് പഞ്ചായത്തിലെ റോഡുകളുടെ ആദികാരിക പട്ടിക (അനുബന്ധം എ) പ്രകാരം എണ്ണത്തിൽ 80% വും നീളത്തിൽ 60 % റോഡുകളും ഈ ഇനത്തിലുള്ളതാണ്. ഈ റോഡുകൾക്ക് എല്ലാം വാഹന ഗതാഗതത്തിനുള്ള വീതിയുണ്ട്. വർഷംതോറുമുള്ള കനത്ത മഴയിൽ, ഈ റോഡുകളുടെ അവസ്ഥ നിരന്തരം ശോചനീയമാവുകയാണ്. പഞ്ചായത്തുടമയിലുള്ള ഈ റോഡുകൾ അടിയന്തിരമായി മെറ്റൽ ചെയ്ത് ടാർ ചെയ്യുകയും ഓടകൾ നിർമ്മിക്കുകയും വേണം.

പഞ്ചായത്തിൽ ഏതൊക്കെ പ്രദേശത്ത് ഇനിയും പുതിയ റോഡുകൾ ഉണ്ടാകണമെന്നത് പഞ്ചായത്തു ഭരണസമിതിയും ഗ്രാമസഭകളും വളരെ നിഷ്കർഷമായി പരിശോധിച്ചേ തീരുമാനിക്കാവൂ. ആവശ്യമായ എല്ലാ സമ്മത പത്രങ്ങളോടും കൂടെ മൺറോഡുകൾ പഞ്ചായത്തുടമസ്ഥതയിലേക്ക് ആക്കേണ്ടതാണ്.

നിർമ്മിക്കാൻ തീരുമാനിക്കുന്ന റോഡുകളുടെ പണി ഗ്രാമസഭകളുടെ നേതൃത്വത്തിൽ തന്നെ നടത്തുമെന്ന് ഉറപ്പുവരുത്തണം.

റോഡു നിർമ്മിക്കുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിലായിരിക്കുമെന്ന് ഉറപ്പുവരുത്തണം. ഉദാ: അനിവാര്യമായ കാരണങ്ങളാലല്ലാതെ വയൽ പ്രദേശങ്ങളിൽ റോഡുകൾ അനുവദിക്കരുത്.

നിലവിലുള്ള എല്ലാറോഡുകൾക്കും ഓടകൾ ഉണ്ടാക്കണം. ഉള്ള ഓടകൾ വൃത്തിയാക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയുള്ള ഒരു പദ്ധതി തയ്യാറാക്കണം. അടുത്ത ഗ്രാമസഭയിലെ തീരുമാനങ്ങളിലൊന്നാവതാവണം ഈ പദ്ധതിയുടെ നടത്തിപ്പ്.

പട്ടിക - 3- ൽ ചേർത്തിട്ടുള്ള റോഡുകളിൽ അടിയന്തിരമായി പണിയേണ്ട കലുങ്കുകൾ, സംരക്ഷണഭിത്തി, ഓടകൾ എന്നിവയുടെ വിശദമായ വിവരങ്ങൾ പട്ടിക 4- ൽ ചേർത്തിരിക്കുന്നു.

### പട്ടിക - 4

| ക്രമനമ്പർ | കോഡ് | വാർഡ് | റോഡിൻെറ പേര് | ആവശ്യമായ പണികൾ |
|---|---|---|---|---|
| 1 | 0201 | 2 | 1) നാല്ക്കാലിപ്പടി - കണ്ണംപാറ റോഡിൽ ലക്ഷം വീട് ഭാഗം.<br>2) റോഡിൽ കോട്ടപ്പാറയ്ക്ക് മുകൾഭാഗത്ത്<br>3) ഓലിക്കൽ പടി- പുലിക്കൂട്ടുപ്പാറ റോഡിൽ ഓലിക്കൽപടിയിലും തേക്കുംക്കാട്ടിൽ പടിയിലും | ചപ്പാത്ത് പണിയണം<br>ചപ്പാത്ത് പണിയണം<br>ചപ്പാത്ത് പണിയണം |
| 2 | 0202 | 2 | 1) മേരിഗിരി- വലിയതററോഡിൽ മേരിഗിരി പള്ളിയ്ക്കു സമീപം<br>2) ടി റോഡിൽ ഭഗവതികുന്നേൽ പടിമുതൽ പുതുവേലിൽ പടിവരെയുള്ള ഭാഗം | ചപ്പാത്ത് പണിയണം<br>സൈഡ് കെട്ടണം |
| 3 | 0203 | 2 | 1) നാല്ക്കാലിപ്പടി-കണ്ണംപാററോഡിൽ ലക്ഷംവീട് കോളനിയുടെ ഭാഗത്തുനിന്നും വീരാംപറമ്പിൽപടിവരെ<br>2) ടി റോഡിൽ - ചരിവുകാലായിൽപുരയിടത്തിൽ നിന്നും കുറ്റിയിൽ പുരയിടം-വരെയുള്ള ഭാഗം | സൈഡ് കെട്ടണം<br>സൈഡ് കെട്ടണം |

| | | | | |
|---|---|---|---|---|
| 4 | 0204 | 2 | 1) പുലിക്കുട്ടുപാറ-വല്യതററോഡ്, കോട്ടയ്ക്കൽ പുരയിടം മുതൽ കലുങ്ക് വരെ<br>2) ടി റോഡിൽ വലിയകാലായിൽ പടി മുതൽ പതാലിൻപടി വരെ<br>3) ടി റോഡിൽ വലിയകാലായിൽ പടിയിൽ | സൈഡ്കെട്ടുകയും ഓട നിർമ്മിക്കുകയും ചെയ്യണം<br>സൈഡ്കെട്ടുകയും ഓട നിർമ്മിക്കുകയും ചെയ്യണം<br>കലുങ്ക് നിർമ്മാണം |
| 5 | 0205 | 2 | കുരുടൻകുഴിപടിയിൽ | ചപ്പാത്ത് നിർമ്മിക്കണം |
| 6 | 0206 | 2 | കുമ്പഴവടക്ക് - കർമ്മേൽ ജംഗ്ഷൻ റോഡ് | കയറ്റംവെട്ടിതാഴ്ത്തുകയും കർമ്മേൽ ജംഗ്ഷൻ അടുത്തഭാഗം സൈഡ് കെട്ടണം |
| 7 | 0207 | 2 | ഓലിക്കൽ പടി-മുക്കടപ്പുഴറോഡ് മൂശാരിശ്ശേരിൻ ഭാഗത്തും വെള്ളാവൂർ-തമുക്കടപ്പുഴവരേയും | സൈഡ്കെട്ടുകയും ചപ്പാത്തുപണിയുകയും വേണം |
| 8 | 0208 | 2 | കാറ്റാടി -വലിയപള്ളിക്കുഴി റോഡിൽ | സൈഡ് കെട്ടണം |
| 9 | 0209 | 2 | വാളിയാനിക്കുഴി കോട്ടപ്പാററോഡിൽ | കലുങ്കു നിർമ്മിക്കുക സൈഡ് കെട്ടുക |
| 10 | 0210 | 2 | മേരിഗിരി-മുട്ടത്തുപടിറോഡ് | കലുങ്കു നിർമ്മിക്കുക സൈഡ് കെട്ടുക |
| 11 | 0211 | 2 | പൂവണ്ണത്തിൽ കോളനിറോഡ് | സംരക്ഷണഭിത്തി കെട്ടി റോഡുയർത്തണം |
| 12 | 0301 | 3 | നെടുമണ്ണിൽപടി-ഇല്ലത്തുപടി ചക്കാലേത്തു ഹരിജൻകോളനി | സൈഡ് കെട്ടണം |
| 13 | 0302 | 3 | പീടിക പറമ്പിൽ- അറുകാലിക്കൽ റോഡ് | സൈഡ് കെട്ടണം |
| 14 | 0401 | 4 | രണ്ടാംകലുങ്ക്- കുളത്താനി റോഡ് | സൈഡ് കെട്ടണം |
| 15 | 0402 | 4 | മണ്ണാറക്കുളഞ്ഞി-ഹെൽത്ത്സെൻറർ റോഡ് | സൈഡ് കെട്ടണം കലുങ്കു നിർമ്മിക്കുക |
| 16 | 0501 | 5 | കുറുപ്പുമെമ്മോറിയൽ റോഡ്<br>1) തൈവടക്കേൽഭാഗത്ത്<br>2) പുതുവേലിൻ ഭാഗത്ത്<br>3) കൈചിറ പുത്തൻ വീട്ടിൽപടിക്കൽ | സംരക്ഷണഭിത്തി കെട്ടണം<br>സംരക്ഷണഭിത്തി കെട്ടണം<br>സംരക്ഷണഭിത്തി കെട്ടണം |
| 17 | 0601 | 6 | 1) കരിങ്ങാട്ടിൽപടി- വട്ടംകാലായിൽ റോഡിൽ തുണ്ടിയിൽപടിക്കണം<br>2) ടി റോഡിൽ അംബേദ്കർ കോളനി ഭാഗത്ത് | കലുങ്ക് കെട്ടണം സംരക്ഷണഭിത്തി കെട്ടണം<br>സംരക്ഷണഭിത്തി കെട്ടണം,ഓടപണിയണം |

| | | | | |
|---|---|---|---|---|
| 18 | 0602 | 6 | 1) ചിറത്തലയ്ക്കൽ പടിക്കൽ<br>2) മൂശാരിശ്ശേരി തെക്കുഭാഗത്ത്<br>3) കാട്ടുകല്ലിൽഭാഗം<br>4) ആഞ്ഞിലിമൂട്ടിൽ ഭാഗം | സൈഡ്കെട്ടണം<br>കലുങ്കുപണിയണം<br>സൈഡ്കെട്ടണം<br>കലുങ്കു നിർമ്മിക്കണം |
| 19 | 0603 | 6 | വട്ടാംകുഴി പേഴുംകാട് റോഡ്<br>1) വെള്ളോലിക്കൽ ഭാഗത്ത്<br><br>2) പുത്തൻ പുരയിൽ ഭാഗത്ത്<br>3) അത്രംകുഴിഭാഗത്ത് | വലിയകലുങ്കുപണിയ ണം<br>സൈഡ്കെട്ടണം<br>ചപ്പാത്തുപണിയണം<br>സൈഡ്കെട്ടണം |
| 20 | 0604 | 6 | അമ്പലപ്പടി-ചക്കിട്ടപ്പടിറോഡ്<br>1) കീഴേടത്തുഭാഗം<br>2) ആനമലഭാഗം | സൈഡ്കെട്ടണം<br>കയറ്റംകുറയ്ക്കണം |
| 21 | 0605 | 6 | അമ്പലപ്പടി-വട്ടംകലായിൽ റോഡ്<br>മുരുപ്പേൽ പടി | കലുങ്ക് നിർമ്മിക്കണം<br>സൈഡ്കെട്ടുക.<br>റോഡുയർത്തണം<br>കയറ്റംകുറയ്ക്കണം |
| 22 | 0606 | 6 | വള്ളിപ്പറമ്പ്- വഞ്ചിപ്പടിറോഡ്<br>1) വള്ളിപറമ്പ് ഭാഗം<br>2) കുരുകാട്ടിൽ ഭാഗം<br>3) കുറ്റിയിൽ ഭാഗം<br>4) കുരുങ്ങാട്ടിൽപടിക്കൽ<br><br>5) പൂന്തോലിൽ ഭാഗത്ത്<br>6) തടത്തിൽ ഭാഗം | കലുങ്ക് നിർമ്മിക്കുക<br>സൈഡ്കെട്ടുക<br>സെസഡ്കെട്ടുക<br>സൈഡ്കെട്ടിറോഡുയ ർത്തുക<br>കലുങ്കു നിർമ്മാണം<br>സംരക്ഷണഭിത്തകെ ട്ടണം |
| 23 | 0607 | 6 | പൂന്തോലിൽപടി- മൈലൻപടി<br>1) വെട്ടിമൂട്ടിൽ ഭാഗത്ത്<br>2) തെങ്ങുംപാടിപടിയ്ക്കൽ | കലുങ്കുപണിയണം<br>കലുങ്കുപണിയണം |
| 24 | 0608 | 6 | മണലുനിരവേൽ- മൈലൻപടി<br>തെങ്ങുപാടിയിൽ പടിയ്ക്കൽ | കലുങ്കുപണിയണം |
| 25 | 0609 | 6 | കൊച്ചുഴത്തിൽപടി വള്ളിപറമ്പ് റോഡ് | സംരക്ഷണഭിത്തികെ ട്ടുക |
| 26 | 0701 | 7 | ചിറയ്ക്കൽപടി- മടിയാറപടി<br>പഴുമണ്ണിൽപടി | പഴുമണ്ണിൽ ഭാഗത്ത്<br>കലുങ്കുപണിയണം |
| 27 | 0702 | 7 | കളിയ്ക്കൽപടി ചള്ളയ്ക്കൽപടി | 1) കലുങ്കുപണിയ ണം<br>2) സെസഡ്കെട്ടുക |
| 28 | 0703 | 7 | തെങ്ങിൻ കൂട്ടത്തിൽപടി- ചല്ലരിക്കൽപടി റോഡ് | 1) കലുങ്കുപണിയ ണം<br>2) സെസഡ്കെട്ടുക |
| 29 | 0704 | 7 | മരുതിമൂട്ടിൽപടി - കാവുങ്കൽപടി | 1) കലുങ്കുപണിയ ണം |

| | | | | |
|---|---|---|---|---|
| 30 | 0801 | 8 | 1) മണ്ണാറകുളഞ്ഞി- ആനപ്പാറ ഏറം<br>2) ഏഴോലിക്കൽ പടി<br>3) പുത്തൻവിളപടി<br>4) കോട്ടകുഴി<br>5) ഓലിക്കൽ പടി<br><br>6) താഴയിൽപടി | ഓടനിർമ്മിക്കണം<br>ചപ്പാത്ത് പണിയണം<br>സൈഡ്കെട്ടണം<br>കലുങ്ക് പണിയണം<br>ചപ്പാത്ത് പണിയുക<br>സൈഡ്കെട്ടണം<br>ചപ്പാത്ത് പണിയുക |
| 31 | 0802 | 8 | മണ്ണാറാകുളഞ്ഞി-ഉതിമൂട് റോഡ്<br>വമ്പുക്കര വഴി<br>1) ട്രാൻസഫോർമർ ഭാഗം<br>2) മേലെതോപ്പിൽപടി<br>3) മാനോത്രയിൽപടി<br><br>4) പതാലിൽ പടി<br>5) മതുരമലയിൽ ഭാഗം | <br><br>സൈഡ്കെട്ടണം<br>ചപ്പാത്ത് കെട്ടണം<br>ചപ്പാത്ത് കെട്ടണം<br>റോഡുയർത്തണം<br>ചപ്പാത്ത് പണിയണം<br>ചപ്പാത്ത്പണിയണം<br>ഓടയും പണിയണം |
| 32 | 0803 | 8 | പുന്നമൂട്ടിൽ പടി - കോട്ടമല റോഡ്<br>കുളങ്ങര ഭാഗം | <br>ചപ്പാത്തു പണിയണം |
| 33 | 0804 | 8 | പൊയ്കമണ്ണിൽ നിന്നും- കോട്ടമല<br>കരിക്കിടിപ്പാററോഡ്<br>1) പൊയ്കമണ്ണ് ഭാഗം<br>2) ഓലിക്കൽ പടിയിൽ | <br>കലുങ്കുപണിയണം<br><br>ചപ്പാത്തു പണിയണം |
| 34 | 0101 | 1 | പതിയാൻപടി<br>മണ്ണുങ്കൽ റോഡ് | ഓടനിർമ്മിക്കുക<br>സൈഡ് കെട്ടുക<br>അങ്കൻവാടിക്കു<br>സമീപം കലിങ്കുപണി<br>യണം |
| 35 | 0102 | 1 | മൈലപ്ര-MSCLSD<br>മന്ദപ്പുഴ റോഡ് | ഓട നിർമ്മിക്കുക<br>കലുങ്ക് പണിയുക |
| 36 | 0103 | 1 | മൈലപ്രാ-പള്ളപ്പടി<br>കണ്ണമ്പാറ റോഡ് | ഓട നിർമ്മിക്കുക<br>സൈഡ്കെട്ടുക<br>കോളനിക്ക് സമീപം .<br>ചപ്പാത്ത് കെട്ടുക |
| 37 | 0104 | 1 | മുരുപ്പേൽ പീടിക<br>കണ്ണമ്പാറ - റോഡ് | <br>ഓട നിർമ്മിക്കുക. |
| 38 | 0105 | 1 | നിരവേൽപ്പടി<br>കലഞ്ഞൂരേത്ത് റോഡ് | കലുങ്ക് പണിയുക<br>സൈഡ്കെട്ടുക |
| 39 | 0106 | 1 | മൈലപ്രാ പതാലിപ്പാറ<br>റോഡ് | <br>ഓടനിർമ്മിക്കുക<br>സൈഡ് കെട്ടുക |
| 40 | 0107 | 1 | കാവുങ്കൽ, വാലുപറമ്പ് റോഡ് | തെക്കേക്കരഭാഗത്ത്<br>കലുങ്ക് പണിയണം<br>ഓടപണിയണം<br>സ്ലാബ് ഇടണം |

## ഇതിൽ പണിയേണ്ടിയിരിക്കുന്ന 16 കലുങ്കുകളുടെ വിവരങ്ങൾ പ്രത്യേകമായി താഴെകൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | പട്ടിക-3 ലെ കോഡ് നമ്പർ | വാർഡ് | റോഡിൻെറ പേര് | കലുങ്കു പണിയേണ്ട സ്ഥലവും |
|---|---|---|---|---|
| 1 | 0203 | 2 | പുലിക്കൂട്ടുപാറ- വലുററോഡ് | വലുകാലായിൽപടി |
| 2 | 0208 | 2 | വാളിയാനിക്കുഴി - കോട്ടപ്പാററോഡ് | |
| 3 | 0209 | 2 | മേരിഗിരി മുട്ടത്തു പടിറോഡ് | |
| 4 | 0601 | 6 | കരിങ്ങാട്ടിൽ പടി- വട്ടൻകാലായിൽ റോഡ് | തുണ്ടിയിൽപടി |
| 5 | - | 6 | കുറുപ്പു മെമ്മോറിയൽ റോഡ് | 1) മൂശാരിശ്ശേരിൽ തെക്കേഭാഗം |
| 6 | - | 6 | കുറുപ്പു മെമ്മോറിൽ റോഡ് | 2) ആഞ്ഞിലിമൂട്ടിൽ ഭാഗം |
| 7 | 0602 | 6 | വട്ടാംകുഴി - പേഴുംകാട് റോഡ് | വെള്ളോലിക്കൽ ഭാഗത്ത് |
| 8 | 0604 | 6 | അമ്പലപ്പടി-വട്ടൻകാലായിൽ പടിറോഡ് | മുരുപ്പേൽപടി |
| 9 | 0605 | 6 | വള്ളിപ്പറമ്പിൽ-വഞ്ചിപ്പടിറോഡ് | വള്ളിപ്പറമ്പ് ഭാഗം |
| 10 | 0605 | 6 | വള്ളിപ്പറമ്പിൽ-വഞ്ചിപ്പടിറോഡ് | പുത്തോലിൽ ഭാഗം |
| 11 | 0606 | 6 | പുന്നോലിൽ പടി-മൈലൻപടി റോഡ് | വെട്ടിമൂട്ടിൽ ഭാഗത്ത് |
| 12 | 0606 | 6 | പുന്നോലിൽപടി- മൈലപടി റോഡ് | തെങ്ങുംപാടി പടിയ്ക്കൽ |
| 13 | 0701 | 7 | ചിറക്കൽപ്പടി-മടിയാപ്പടി-.പഴുമണ്ണിൽപടി റോഡ് | പഴുമണ്ണിൽ ഭാഗത്ത് |
| 14 | 0702 | 7 | കളിക്കപടി-ചള്ളക്കൽപടി റോഡ് | |
| 15 | 0704 | 7 | മരുതിമൂട്ടിൽപടി - കാവുങ്കൽപടിറോഡ് | |
| 16 | 0804 | 8 | പൊയ്മണ്ണിൽ നിന്നും-കോട്ടമല-കരിക്കിടിപ്പാററോഡിൽ | പൊയ്കമണ്ണിൽഭാഗം |

ഈ കലുങ്കുകൾ പണിതീർന്നാൽ ഇതുവഴി വാഹനഗതാഗതം ഉണ്ടാകുകയും സ്ഥലവാസികളുടെ യാത്രാക്ലേശം കാര്യമായി പരിഹരിക്കപ്പെടുകയും ചെയ്യും.

# റോഡ് വികസനം

ഗ്രാമ പഞ്ചായത്തിലെ മൊത്തം റോഡുകളുടെ കൃത്യമായ വിവരങ്ങൾ നമുക്കില്ല. റോഡുകളെക്കുറിച്ചുള്ള ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠവും അല്ല. ചുരുങ്ങിയത് 3 മീ. വീതി എങ്കിലും ഉള്ള വഴികളെ റോഡുകൾ എന്നു വിളിക്കാം. ഇതിൽ ടാർ റോഡ്, മെറ്റൽ റോഡ്, മൺ റോഡ് എന്നിവ ഉൾപ്പെടും. ഈ മൂന്നു വിഭാഗത്തിൽ പെടുന്ന റോഡുകളെ ഉൾപ്പെടുത്തിയാണ് റോഡ് ശൃംഖലയെന്ന് വിളിക്കുന്നത്. പഞ്ചായത്തിന്റെ നിലവിലുള്ള പഞ്ചായത്ത് ടാർ റോഡുകൾ, PWD മെറ്റൽ റോഡുകൾ, മൺറോഡുകൾ എന്നിവയുടെ ആധികാരീക പട്ടികയാണ് അനുബന്ധം എ ആയി കൊടുത്തിരിക്കുന്നത്. ഇത് വാർഡ് വികസനസമിതികളുടെ റിപ്പോർട്ടിൽ നിന്നും എടുത്തിട്ടുള്ളതാകുന്നു. ഈ പട്ടികയിൽ വാർഡടിസ്ഥാനത്തിൽ എല്ലാ റോഡുകൾക്കും കോഡ്- നമ്പർ നല്കിയിട്ടുണ്ട്. ഈ കോഡിന്റെ ആദ്യ രണ്ടക്കങ്ങൾ അതാതു വാർഡിൽ റോഡിനുള്ള ക്രമനമ്പർ, വികസനസമിതി റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള പ്രകാരമാണ്. ഇതിൽ ക്രമനമ്പർ 1 മുതൽ 6 വരെയുള്ള റോഡുകൾ പഞ്ചായത്തിന്റെ പല വാർഡുകളിലൂടെ കടന്നുപോകുന്ന PWD റോഡുകൾ ആണ്. ക്രമനമ്പർ 8 മുതൽ 11 വരെയുള്ള റോഡുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതു പല വാർഡുകളിലൂടെ കടന്നുപോകുന്നതുമാകുന്നു.

അനുബന്ധം എ

## പഞ്ചായത്തിലെ റോഡുകളുടെ ആധികാരികപ്പട്ടിക

| ക്രമ നമ്പർ | വാർഡ് | കോഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി.മി | വീതി മീറ്റർ | മെറ്റൽ | | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | വേണ്ടത് | അറ്റകുറ്റപണി |
| 1 | | | പുനലൂർ-മൂവാറ്റുപുഴ റോഡ് കുമ്പഴ വടക്ക് മുതൽ ഉതിമൂടുവരെ PWD | 6.5 | 10 | TAR | | | | | |
| 2 | | | പത്തനംതിട്ട-പമ്പ റോഡ് മണ്ണാറകുളഞ്ഞി JN.മുതൽ കുമ്പളാംപൊയ്കവരെ PWD | 1 | 10 | TAR | | | | | |
| 3 | | | മണ്ണാറകുളഞ്ഞി-കോഴഞ്ചേരി റോഡിൽ കുട്ടത്തോടു വരെ PWD | 4 | 8 | TAR | | | | | |
| 4 | | | മണ്ണാറകുളഞ്ഞി-മലയാലപ്പുഴ റോഡിൽ ചീങ്കൽത്തടം വരെPWD | 1 | 8 | TAR | | | | | |
| 5 | | | കടമ്മനിട്ട-മൈലപ്രാ വിളയിൽ പീടിക മുതൽ മൈലപ്രാ JN.വരെ | 3.5 | 8 | TAR | | | | | |
| 6 | | | മൈലപ്രാ-മേക്കൊഴൂർ ഇടക്കരറോഡ് PWD | 3 | 9 | TAR | | | | | |
| 7 | | | കൈരളീപുരം -പേഴുംകാട് കറുപ്പു മെമ്മോറിയൽ റോഡ് | 4 | 8 | ✓ | | ✓ | | ✓ | |
| 8 | | | മൈലപ്രാ-പത്തരപ്പടിറോഡ് | 2 | 8 | ✓ | | ✓ | | ✓ | |
| 9 | | | കരിങ്കുറ്റിപ്പടി-ചൊള്ളാമാങ്കൽ പടി | 1 | 6 | ✓ | | | | | |
| 10 | | | മേക്കൊഴൂർ-ചമതക്കൽപടി | 1.5 | 8 | ✓ | | ✓ | ✓ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 11 | 02 | 0201 | നാല്ക്കാലിപ്പടി-കണ്ണംപാറ റോഡ് | 2 | 8 | | ✓ | ✓ | ✓ | | |
| 12 | 01 | 0101 | പതിയാൻപടി-മണ്ണങ്കൽ റോഡ് | .5 | 6 | | ✓ | ✓ | ✓ | | |
| 13 | 01 | 0102 | മൈലപ്രാ-M.S.C.L.P.S മന്ദപ്പുഴ റോഡ് | 1 | 6 | | ✓ | ✓ | ✓ | | |
| 14 | 01 | 0103 | കുരിശുംമൂട്-കണ്ണംപാററോഡ് | 1 | 6 | | ✓ | | ✓ | | |
| 15 | 01 | 0104 | മുരുപ്പേൽപീടിക-കണ്ണംപാറ | 1 | 5 | | ✓ | | ✓ | | |
| 16 | 1 | 0105 | നിരവേൽപ്പടി-കഴുങ്ങേരേത്ത് | 1 | 4 | | ✓ | | ✓ | | |
| 17 | 1 | 0106 | മൈലപ്രാ-പതാലിൽപ്പാറ | 0.7 | 4 | | ✓ | | ✓ | | |
| 18 | 1 | 0107 | കാവുങ്കൽ-വാലുപറമ്പിൽ | 0.75 | 5 | | ✓ | | ✓ | | |
| 19 | 1 | 0108 | മണ്ണുങ്കൽ പടി- കഴിഞ്ഞുരേത്തു | 1 | 4 | | ✓ | | ✓ | | |
| 20 | 2 | 0202 | കാറ്റാടി-വല്യറ ലക്ഷംവീട് കോളനി | 1.3 | 4 | | ✓ | | ✓ | | |
| 21 | 2 | 0203 | പുലിക്കുട്ടുപാറ- വല്യററോഡ് | 1.5 | 4 | | ✓ | ✓ | ✓ | | |
| 22 | 2 | 0204 | ഓലിക്കൽപടി-പുലിക്കൂട്ടുപാറ | 1 | 4 | | ✓ | | ✓ | | |
| 23 | 2 | 0205 | കുമ്പഴ വടക്ക്- കർമ്മേൽ JN. | 0.55 | 4 | | ✓ | | ✓ | | |
| 24 | 2 | 0206 | പൂവണ്ണത്തിൽ കോളനി - കാറ്റാടിറോഡ് | 0.4 | 3 | | ✓ | | ✓ | | |
| 25 | 2 | 0207 | ഓലിക്കൽപടി-മുക്കടപ്പുഴ റോഡ് | 1 | 5 | | ✓ | | ✓ | | |
| 26 | 2 | 0208 | വാളിയാനിക്കുഴി-കോട്ടപ്പാറ | 0.65 | 4 | | ✓ | | ✓ | | |
| 27 | 2 | 0209 | മേരിഗിരി-മുട്ടത്തു പടിറോഡ് | 0.7 | 6 | | ✓ | | ✓ | | |
| 28 | 2 | 0210 | വെള്ളാവൂർപടി-ഇരുപ്പച്ചുവട്ടിൽ | 0.4 | 4 | | ✓ | | ✓ | | |
| 29 | 2 | 0211 | പൂന്നമൂട്ടിൽപടി- മുളകുഴപ്പടി | 0.15 | 2 | | ✓ | | ✓ | | |
| 30 | 2 | 0212 | വലിയകാലാ-മുരുപ്പേൽപടി | 0.15 | 2 | | ✓ | | ✓ | | |
| 31 | 3 | 0301 | നെടുമണ്ണിൽപടി-ഇല്ലത്തുപടി ചക്കാലേത്ത്-ഹരിജൻ കോളനി | 0.8 | 3 | | ✓ | | ✓ | | |
| 32 | 3 | 0302 | ചാപ്പൽപടി പ്ലാംതോട്ടത്തിൽപടി | 0.65 | 3 | | ✓ | | ✓ | | |
| 33 | 3 | 0303 | പീടികപ്പറമ്പിൽപടി-അറുകാലിക്കൽ | 1 | 3 | | ✓ | | ✓ | | |
| 34 | 4 | 0401 | രണ്ടാംകലുങ്ക്-കുളത്താനി | 2 | 6 | | ✓ | | ✓ | | |
| 35 | 4 | 0402 | മണ്ണാറകുളഞ്ഞി-മേക്കൊഴൂർ ഹെൽത്ത് സെൻറർ റോഡ് | 2 | 6 | | ✓ | | ✓ | | |
| 36 | 5 | 0502 | ഒട്ടമൂട്ടിൽ പടി-കണ്ണനാക്കുഴി റോഡ് | 0.28 | 3 | | ✓ | | ✓ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 37 | 5 | 0503 | പൂവണ്ണുംമൂട്ടിൽ-ആലുനില്ക്കുന്നതിൽപടി | 0.42 | 4.1 | | ✓ | | ✓ | | |
| 38 | 5 | 0504 | മൈലപ്രാ C.S.I പള്ളി-തോണിപ്പാറ റോഡ് | 0.42 | 4 | | ✓ | | ✓ | | |
| 39 | 5 | 0505 | കൊച്ചുവിളപടി-തോട്ടുങ്കൽപടി | 0.60 | 3 | | ✓ | | ✓ | | |
| 40 | 5 | 0506 | ചെറിയന്നതി-കടമാതോലിൽതാഴം റോഡ് | 0.50 | 3.5 | | ✓ | | ✓ | | |
| 41 | 5 | 0507 | കരമുണ്ടക്കൽപടി-പീടികക്കൽ പടി | 0.70 | 3 | | ✓ | | ✓ | | |
| 42 | 6 | 0601 | കരിങ്ങാട്ടിൽപടി-വട്ടൻകാലായിൽ റോഡ് | 2 | 6 | | ✓ | | ✓ | ✓ | |
| 43 | 6 | 0602 | വട്ടാംകുഴി-പേഴുംകാടുറോഡ് | 1.5 | 4 | | ✓ | | ✓ | ✓ | |
| 44 | 6 | 0603 | അമ്പലപ്പടി-ചക്കിട്ടയിൽ പടി | 1 1/4 | 4 | | ✓ | | ✓ | | |
| 45 | 6 | 0604 | അമ്പലപ്പടി-വട്ടൻകാലായിൽ പടി | 1.5 | 6 | | ✓ | | ✓ | ✓ | |
| 46 | 6 | 0605 | വള്ളിപ്പറമ്പിൽ-വഞ്ചിപ്പടി (ഹരിജൻ കോളനി) റോഡ് | 1.5 | 6 | | ✓ | | ✓ | ✓ | |
| 47 | 6 | 0606 | പുന്തോലിൽപടി-മൈലൻപടി | 1 | 5 | | ✓ | | ✓ | ✓ | |
| 48 | 6 | 0607 | മൈലൻപടി-മണലുനിരവേൽറോഡ് | 1 | 4 | | ✓ | | ✓ | | |
| 49 | 6 | 0608 | കൊച്ചുഴത്തിൽ പടി- വള്ളിപ്പറമ്പു ഹരിജൻ കോളനിയി റോഡ് | 5 | 4 | | ✓ | | ✓ | | |
| 50 | 7 | 0701 | ചിറക്കൽപടി- മടിയപാപ്പടി-പുഴുമണ്ണിൽപടി | 1.5 | 4 | | ✓ | | ✓ | ✓ | |
| 51 | 7 | 0702 | കളീക്കൽപടി-ചള്ളക്കൽപടിറോഡ് | 1 | 4 | | ✓ | | ✓ | ✓ | |
| 52 | 7 | 0703 | തെങ്ങുംകൂട്ടത്തിൽപടി ചല്ലിരിക്കൽപടി | 1 | 4 | | ✓ | | ✓ | | |
| 53 | 7 | 0704 | മരുതിമൂട്ടിൽ പടി-കാവുങ്കൽപടി | 1 | 4 | | ✓ | | ✓ | ✓ | |
| 54 | 7 | 0705 | പത്തിശ്ശേരിപ്പടി-മണൽനിരവേൽറോഡ് | 1 | 4 | | ✓ | | ✓ | | |
| 55 | 7 | 0706 | പഴുമണ്ണിൽപ്പടി- അഞ്ഞൂറ്റി അഞ്ചിൽ പടി റോഡ് | 1 | 4 | | ✓ | | ✓ | | |
| 56 | 7 | 0707 | പേഴുംകാടു-മണലു നിരവ് റോഡിൻെറ ടാർചെയ്യാത്തഭാഗം | 1 | 4 | | ✓ | | ✓ | | |
| 57 | 8 | 0801 | മണ്ണാറകുളഞ്ഞി- ആനപ്പാറ ഏറം റോഡ് | 3 | 6 | | ✓ | | ✓ | | |
| 58 | 8 | 0802 | മണ്ണാരകുളഞ്ഞി-ഉതിമൂടു വമ്പുകരവഴി റോഡ് | 3 | 6 | | ✓ | | ✓ | | |
| 59 | 8 | 0803 | പുന്നമൂട്ടിൽ പടി-കോട്ടമല റോഡ് | 1 | 4 | | ✓ | | ✓ | | |
| 60 | 8 | 0804 | പൊയ്ക മണ്ണിൽനിന്നും കോട്ടമല-കരിക്കിടിപ്പാറ റോഡ് | 0.50 | 4 | | ✓ | | ✓ | ✓ | |

# ചെറിയ മൺ റോഡുകൾ

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ചെറിയ മൺറോഡുകൾ 33 എണ്ണം ഉണ്ട്. അധികവും വാഹനഗതാഗതം ഇല്ലാത്ത നടപ്പാതകൾ ആണ്. ഈ പഞ്ചായത്തിൻെറ പ്രത്യേകമായ ഭൂപ്രകൃതി കണക്കിലെടുത്തും, കനത്തമഴ, മണ്ണൊലിച്ചു പാറയും ചീങ്കയും നിറഞ്ഞ ഭൂമി, കുത്തനെ ഉള്ള കയറ്റങ്ങൾ എന്നീ പ്രതികൂല സ്ഥിതിയിൽ ഉൾഗ്രാമങ്ങളിലേക്ക് എത്തിചേരുവാനുള്ള വഴികളാണ് ഇവയെല്ലാം. ധാരാളം യാത്രക്കാർ ചുമടുമായി പോകുന്നതും, സ്ക്കൂൾകുട്ടികൾ യാത്രചെയ്യുന്നതുമായ ദുഷ്ക്കരമായ വഴികൾ ആണ് എല്ലാംതന്നെ. ഓരോ റോഡിലും അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ഉൾപ്പെട്ട പട്ടിക അനുബന്ധം ബി ആയി ഇതൊടൊപ്പം ചേർത്തിരിക്കുന്ന. പഞ്ചായത്ത് പദ്ധതികളോടൊപ്പം അതാത് പ്രദേശത്തെ ജനങ്ങൾ ശ്രമദാനത്തിലൂടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകാനും തല്പരർ ആണ്.

ഇതിൽ ഏതെങ്കിലും പാതകൾ വാഹന ഗതാഗത സൗകര്യമാക്കി, ആവശ്യമായ സമ്മതപത്രങ്ങളോടും കൂടെ അനുബന്ധം എ യിലേക്ക് മാറ്റാവുന്നതാണ്.

അനുബന്ധം-ബി

## ചെറിയമൺറോഡുകളുടെ വികസനം

| ക്രമനമ്പർ | കോഡ് | വാർഡ് | ചെറിയ റോഡുകളുടെ വിവരങ്ങൾ | ചെയ്യേണ്ട പണികൾ |
|---|---|---|---|---|
| 1 | 0109 | 1 | മൈലപ്രാ തുണ്ടിയിൽ റോഡ് | സഞ്ചാരയോഗ്യമാക്കണം |
| 2 | 0110 | 1 | കിഴക്കേക്കര-കുലശേഖരപതി റോഡ് | കലുങ്കു പണിയണം |
| 3 | 0111 | 1 | കഴുത്തുരേത്ത് തോട് | കലുങ്കു പണിയണം |
| 4 | 0112 | 1 | മൈലപ്രാ- വാലുമണ്ണിൽ റോഡ് | കലുങ്കു പണിയണം |
| 5 | 0113 | 1 | മൈലപ്രാ വില്ലേജ് ഓഫീസ് റോഡ് | സഞ്ചാരയോഗ്യമാക്കണം |
| 6 | 0114 | 1 | വില്ലേജ് ഓഫീസിൽ നിന്നും മുകളിലേക്കുള്ളപാത | പടികൾ കെട്ടണം |
| 7 | 0213 | 2 | കണ്ണംതോണ്ടിൽപടി-മുക്കട | സഞ്ചാരയോഗ്യമാക്കണം |
| 8 | 0214 | 2 | പുലിക്കൂട്ട് പാറ-വല്യറ റോഡിനെ മൈലാടും പാറ റോഡുമായി ബന്ധിപ്പിക്കുക | വലിയ കലുങ്കുപണിയണം |
| 9 | 0303 | 3 | ചക്കാലേത്ത് ഹരിജൻ കോളനി മുതൽ കുണ്ടേത്ത് ഹരിജൻ കോളനിവരെ ഉള്ള വഴി | സൈഡ്കെട്ടി സഞ്ചാരയോഗ്യമാക്കാണം |
| 10 | 0304 | 3 | ഇല്ലത്തുപടി-ഇലഞ്ഞിമന്ദിരം വരെ ഉള്ളവഴി | സൈഡ്കെട്ടി സഞ്ചാരയോഗ്യമാക്കാണം |
| 11 | 0305 | 3 | കൈമുട്ടിൽ പടി തോടിന് കുറുകെ | കലുങ്കുപണിയണം |

| | | | | |
|---|---|---|---|---|
| 12 | 0403 | 4 | മണ്ണാറക്കുളഞ്ഞി-മലയാലപ്പുഴ റോഡിൽ കളീക്കൽ പടി തെക്ക് തിരിഞ്ഞ് ബൗണ്ടറിവഴി | പടികൾ കെട്ടി സഞ്ചാര യോഗ്യമാക്കാണം |
| 13 | 0404 | 4 | മണ്ണാറക്കുളഞ്ഞി-ഹെൽത്ത് സെൻറർ റോഡിൽ കുഴിക്കൽ പടിക്കൽ നിന്നും അമ്പാട്ട് പടി വരെ ഉള്ള വഴി | സഞ്ചാര യോഗ്യമാ ക്കണം |
| 14 | 0405 | 4 | മൈലപ്രാ-മേക്കൊഴൂർ റോഡിൽ കണ്ണനാം കുഴിപടി-മേൽപ്പത്തൂർമണ്ണിൽ കൂടി-മണ്ണാരകുളഞ്ഞി ഹെൽത്ത് സെൻറർ റോഡ് | സഞ്ചാര യോഗ്യമാ ക്കണം |
| 15 | 0406 | 4 | കുളത്താനിൽ നിന്നും ചീങ്കൽതടത്തിലേക്ക് പോകുന്ന ഇടവഴി | സഞ്ചാര യോഗ്യമാ ക്കണം |
| 16 | 0407 | 4 | തയ്യിൽ പടിയിൽ നിന്നും മൈലപ്രാ-മേക്കൊഴൂർ റോഡിൽ കണ്ണ നാം കുഴിയിൽ പടിവരെ എന്നുകയറുന്ന റോഡ് | സഞ്ചാരയോഗ്യമാ ക്കണം |
| 17 | 0408 | 4 | കുമ്പഴ-റാന്നി റോഡിൽ മണിയാറ്റ് പടിക്കൽ നിന്നും വയൽ വഴി-മേല്പത്തൂർ ഭാഗത്തേക്കുള്ള ഇടവഴി | സഞ്ചാരയോഗ്യമാ ക്കണം |
| 18 | 0409 | 4 | കുമ്പഴ-റാന്നി റോഡിൽ കളീക്കൽ പടിക്കൽ നിന്നും കോളനിയിലേക്കുള്ള വഴി | സഞ്ചാരയോഗ്യമാ ക്കണം |
| 19 | 0508 | 5 | വഞ്ചിപ്പറമ്പ് റോഡ്- കുറുപ്പ് മെമ്മോറിയൽ റോഡുമായി യോജിപ്പിക്കണം | ശേഷിപ്പിക്കുന്ന ഭാഗം പണിയണം |
| 20 | 0609 | 6 | ആഞ്ഞിലിമൂട്ടിൽ പടി- വാട്ടാംകുഴി-ലിങ്ക് റോഡ് | പടികൾ കെട്ടികലുങ്ക് തീർന്ന് സൈഡ് കെട്ടി സഞ്ചാരയോഗ്യമാ ക്കണം |
| 21 | 0610 | 6 | ആഞ്ഞിലിമൂട്ടിൽ പടി- വള്ളിപ്പറമ്പ്-വഞ്ചിപ്പടി റോഡിലെക്കുള്ള നടപ്പാത | പടികൾ കെട്ടി സഞ്ചാര യോഗ്യമാക്കണം |
| 22 | 0611 | 6 | ആഞ്ഞിലിമൂട്ടിൽ പടി കല്ലൂർ ജംഗ്ഷൻ പാത | പടികൾ കെട്ടി സഞ്ചാര യോഗ്യമാക്കണം |
| 23 | 0612 | 6 | വട്ടാംകുഴി പേഴുംകാട് റോഡിൽ നിന്നും വെള്ളോലിക്കൽ തോട്ടിലേക്കുള്ള പാത | പടികെട്ടണം |
| 24 | 0613 | 6 | പേഴുംകാട്- M.D.L.P. സ്ക്കൂൾ നടപ്പാത | കളീക്കൽ പടിയിൽ നടപ്പാലം ഉണ്ടാക്കണം |

| | | | | |
|---|---|---|---|---|
| 25 | 0614 | 6 | മണ്ണാരക്കുളഞ്ഞി- ആശുപത്രി JN.ൽനിന്നും കടമ്മനിട്ട റോഡിലേക്കുള്ള പാത | പടികൾമുഴുവനും വെള്ളം കെട്ടി നില്ക്കാത്ത രീതിയിൽ സിമൻെറും നിറച്ച് ഇട്ട് കെട്ടണം. ഓടയും പണിയണം |
| 26 | 0615 | 6 | മൂശാരിശ്ശേരിൽ തെക്ക് നിന്നും കോട്ടക്കലേക്കുള്ള ഇടവഴി | പടികൾ കെട്ടി സഞ്ചാര യോഗ്യമാക്കണം |
| 27 | 0708 | 7 | ചിറക്കൽ പടി-വെളവെലിൽ കൂടി- ഉതിമൂട് ഭാഗത്ത് റാന്നി റോഡുമായി ബന്ധിപ്പിക്കുന്ന വഴി | സഞ്ചാര യോഗ്യമാക്കണം |
| 28 | 0805 | 8 | മാലക്കരപടി-കണ്ടത്തിങ്കൽ പടിവഴി കോട്ടക്കുഴക്കുള്ള നടപ്പാത | സഞ്ചാര യോഗ്യമാക്കണം |
| 29 | 0806 | 8 | വലൂതാഴയിൽ നിന്നും കോട്ടവഴി (കരിക്കടിപാറ) മനോത്ര ജംഗ്ഷൻ റോഡ് | സഞ്ചാര യോഗ്യമാക്കണം |
| 30 | 0807 | 8 | മണ്ണാരകുളഞ്ഞി ചന്തയിൽ നിന്നും ചേറാടി പള്ളിയുടെ ഭാഗത്തേക്കുള്ള ഇടവഴി | സഞ്ചാര യോഗ്യമാക്കണം |
| 31 | 0808 | 8 | മേലേതിൽ പടി- കാഞ്ഞിരക്കാട്ട് ഹരിജൻ കോളനിയിലേക്കുള്ള വഴി | പടികൾ കെട്ടി സഞ്ചാര യോഗ്യമാക്കണം |
| 32 | 0809 | 8 | ആനക്കുഴിയിൽ കൊരട്ടിക്കര പടിയിലേക്കുള്ളവഴി | പടികൾ സഞ്ചാര യോഗ്യമാക്കണം |
| 33 | 0810 | 8 | കോട്ടക്കുഴി പടിയിൽ നിന്നും മനോത്രറോഡിൽ എത്തുന്ന നടപ്പാത | സഞ്ചാര യോഗ്യമാക്കണം |

# ഊർജ്ജം

മൈലപ്ര പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ കുമ്പഴ, വടശ്ശേരിക്കര, റാന്നി, വൈദ്യുതി ഓഫീസുകൾക്ക് കീഴിൽ ഉൾപ്പെടുന്നു. മൈലപ്ര ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. നിലവിലുള്ള ഭൂരിഭാഗം ഉപഭോക്താക്കളും കുമ്പഴ ഓഫീസിന്റെ പരിധിയിൽ പെട്ടവർ ആണ്. ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ പട്ടിക 1 - ൽ കൊടുത്തിരിക്കുന്നു. അടിയന്തിരമായി നടപടി എടുക്കണം.

മൊത്തം ഉപഭോക്താക്കളിൽ 92.5% ഗാർഹിക ഉപഭോക്താക്കളും 20% വ്യവസായിക ഉപഭോക്താക്കളുമാണ്. ഈ പഞ്ചായത്തിൽ കൃഷിയുടെ അഭിവൃദ്ധിക്ക് വൈദ്യുതി സൗകര്യം ലഭിക്കുന്നില്ലായെന്നത് ആശങ്കാജനകമാണ്, കണക്ഷൻ ലഭിക്കുവാൻ ബാക്കി ഉള്ള അപേക്ഷകളുടെ എണ്ണം നവംബർ അവസാനം വരെ 31 ആണ്.

| വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകൾ | ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലങ്ങൾ |
|---|---|
| 1. മേക്കൊഴൂർ<br>2. ഇടക്കര<br>3. മൈലപ്രാ1<br>4. മൈലപ്രാ2<br>5. കൈരളിപുരം<br>6. കുമ്പഴവടക്ക്<br>7. നാൽക്കാലിപടി<br>8. മണ്ണാറകുളഞ്ഞി | വാർഡ് 5:-മീൽമൂട്ടിൽ ഭാഗം ഇത് അനുവദിച്ചിട്ടുള്ളത് ആണ്. ത്വരിതഗതിയിൽ പണിതീർക്കണം<br>വാർഡ് 3<br>1. മൈലപ്രാ കാറ്റാടിറോഡിൽ മന്ദപ്പുഴ കുരിശിൽ ഭാഗത്തു<br>2. മൈലപ്രാ 1-ാം കലുങ്കിനടുത്തു പഴയ പമ്പുഹൗസിനടുത്തു.<br>വാർഡ് 4-കുളത്താനി<br>വാർഡ് 7<br>1. മാർക്കറ്റ് JN<br>2. വട്ടൻകലാപടി<br>3. വലൃപറമ്പിൽ ഭാഗം |

അവലംബം SRB കണക്കുകൾ

## പട്ടിക-1

### വാർഡിൽ പുതിയ വൈദ്യുതി ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് നമ്പർ | പുതിയലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ഏകദേശം ദൂരം മീ. |
|---|---|---|
| 1 | പതിയാൻ പടി- മണ്ണുങ്കൽ റോഡ് | 600 |
| 1 | കണ്ണംപാറ കോളനി | 400 |
| 1 | കടമണ്ണ്- കാവുങ്കൽ കോളനി | 200 |
| 1 | പതാലിൽ പാറ കോളനി | 500 |
| 1 | കാവുങ്കൽ-കഴുത്തേരേത്തു റോഡ് | 400 |
| 2 | പൂവണ്ണത്തിൽകോളനി | 400 |
| 2 | വിവേകാനന്ദാ കോളനി | 600 |
| 2 | മേരിഗിരിലക്ഷംവീട് കോളനി | 400 |
| 2 | കണ്ടതൊണ്ടിൽപടി- വല്ലൃതറ റോഡ് | 500 |
| 2 | മുക്കടപ്പുഴ-പുന്നമൂട്ടിൽ റോഡ് (കുളിക്കടവിൽ) | 600 |
| 2 | കാറ്റാടി-വലൃതുറഭാഗത്ത് | 400 |
| 2 | വെള്ളാവൂർപടി- ഇരുപ്പച്ചുവടവുറോഡ് | 200 |
| 2 | കണ്ണംതാട്ടിൽപടി-പുന്നമൂട്ടിൽപടി | 500 |
| 2 | കുരുടൻകുഴി-വലൃതറലക്ഷംവീട് കോളനി | 300 |
| 3 | പീടികേപ്പറമ്പിൽ-അറുകാലിക്കൽ റോഡിൽ | 400 |

| | | |
|---|---|---|
| 4 | ചെറുവള്ളിക്കരകോളനി | 400 |
| 4 | മണ്ണാറകുളഞ്ഞി-മേക്കൊഴൂർ ഹെൽത്ത് സെൻറർ റോഡ് | 2000 |
| 4 | രണ്ടാംകലുങ്ക്-കുളത്താനി റോഡ് | 1000 |
| 4 | തയ്യിൽ പടിയിൽ നിന്നുമുള്ള ഇടവഴി | 1000 |
| 4 | മണിയാറ്റ് പടിക്കൽ നിന്നുള്ള ഇടവഴിയിൽ കൂടിമേൽപ്പത്തൂർഭാഗത്ത് | 1000 |
| 4 | ചെറുവള്ളിക്കര-മുരുപ്പേൽ ഭാഗം | 1000 |
| 6 | ആഞ്ഞിലിമൂട്ടിൽ പടി-ചിറത്തലക്കൽപടിവരെ | 600 |
| 6 | വള്ളിപ്പടി-വള്ളിപ്പറമ്പ് റോഡ് (ഹരിജൻ കോളനി റോഡ്) | 1500 |
| 6 | ആഞ്ഞിലിമൂട്-ഹരിജൻ സെറ്റിൽമെൻറ്കോളനി | 300 |
| 6 | ആഞ്ഞിലിമൂട്ടിൽ പടി- വടക്കേചരുവിൽ റോഡ് | 300 |
| 6 | അമ്പലപ്പടി-വട്ടൻകാലായിൽ റോഡ് | 1500 |
| 6 | പുന്നോലിൽ പടി- വെട്ടിമൂട്ടിൽപടി | 1000 |
| 6 | കൊച്ചുഴത്തിൽ പടി- വള്ളിപ്പറമ്പ് ഹരിജൻകോളനി വരെ | 500 |
| 7 | ലക്ഷംവീട് കോളനി | 300 |
| 7 | അഞ്ചാനിൽ ഭാഗം | 500 |
| 7 | പൊന്തനാലിൽ ഭാഗം | 500 |
| 8 | പൊയ്കമണ്ണിൽ നിന്നും-ഓലിക്കൽ പടിവരെ | 500 |
| 8 | കോട്ടക്കുഴയിൽ നിന്നും-കണ്ടത്തിങ്കൽ തടത്തിൽ വരെ | 300 |
| 8 | ഓലിക്കൽ പടിക്കൽനിന്നും കരിക്കടിപ്പാറവരെ | 500 |
| 8 | കാഞ്ഞിരക്കാട് ഹരിജൻ കോളനി | 500 |
| 8 | ചേന്നാട്ടുപടിമുതൽ ഏഴോലിക്കൽ പടിവരെ | 600 |
| 9 | ചേന്നാട്ടുപടിമുതൽ കൊരട്ടിക്കര പടിവരെ | 500 |
| 8 | കോട്ടക്കുഴിയിൽ നിന്നും മനോത്ര ജംഗ്ഷൻ വരെ | 500 |

# പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ 11 കെ വി ലൈനിൽ പലയിടത്തുമുള്ള തേക്കിൻ തൂണുകളും മറ്റ് ഇലക്ട്രിക് പോസ്റ്റുകളും ദ്രവിച്ച് പോയിരിക്കയാണ്. കേടായ തൂണുകൾ മാറ്റി കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കണം.

2. ഇലക്ട്രിക് കമ്പികളിലേക്ക് വീണ് കിടക്കുന്ന മരച്ചില്ലകൾ കാലാകാലങ്ങളിൽ മുറിച്ച് മാറ്റണം.

3. പഞ്ചായത്തിലെ ഹരിജൻ കോളനികൾ ഒന്നും തന്നെ വൈദ്യുതി കരിച്ചിട്ടില്ലായെന്ന് കെ.എസ്.ഇ.ബി റിപ്പോർട്ടിൽ തന്നെ ഉണ്ട്. എല്ലാ കോളനികളും അടിയന്തിരമായി വൈദ്യുതീകരിക്കണം

4. പഞ്ചായത്തിലെ എല്ലാ ലക്ഷംവീടുകോളനികളും വൈദ്യുതീകരിക്കണം. പല സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം ഉള്ളത് പരിഹരിക്കണം.

5. പഞ്ചായത്തിൽ 160 വഴിവിളക്കുകൾ ഉള്ളതായി കെ.എസ്.ഇ.ബി കണക്കിൽ കാണുന്നു. ഇവയിൽ ഭൂരിഭാഗവും ഉപയോഗശൂന്യമാണ്. എല്ലാ റോഡുകളിലും ഹരിജൻ കോളനികളിലും വഴി വിളക്കുകൾ സ്ഥാപിക്കണം. ഇപ്പോൾ ലൈൻ ഉള്ളിടത്ത് വഴിവിളക്കുകൾ ഇതേവരെ സ്ഥാപിച്ചിട്ടില്ലാത്ത റോഡുകളുടെ പട്ടിക 2 ഇതോടൊപ്പം ചേർത്തിരിക്കുന്നു.

6. വൈദ്യുതി ബിൽ അടുക്കുവാൻ മേക്കൊഴൂരിൽ ഒരു കളക്ഷൻ ഓഫീസ് സ്ഥാപിക്കണം.

7. പല റോഡിൻേറയും നടുക്ക് നില്ക്കുന്ന വൈദ്യുതി തൂണുകൾ റോഡിൻെറ വശത്തേക്ക് മാറ്റി സ്ഥാപിക്കണം.

8. വഴി വിളക്കുകൾ സ്ഥാപിക്കുന്നതിലേക്ക് കെ.എസ്.ഇ.ബി- ൽ പണംഅടച്ചിട്ടുള്ളതാണെങ്കിൽ നടപടിക്രമങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

## പട്ടിക - 2

## വൈദ്യുതിലൈൻ ഉള്ള സ്ഥലങ്ങളിൽ വഴിവിളക്കുകൾ ആവശ്യമായ സ്ഥലങ്ങൾ

| ക്രമനമ്പർ | വാർഡ് | സ്ഥലം | ട്യൂബ് / ബൾബ് |
|---|---|---|---|
| 1 | 2 | കുരുടൻകുഴി-ലക്ഷംവീടുകോളനി | ബൾബ് |
| 2 | 2 | കുരുടൻകുഴി-ലക്ഷംവീടുകോളനി | ബൾബ് |
| 3 | 3 | മൈലപ്രാ -JN. മുതൽ | ട്യൂബ് ലൈറ്റുകൾ |
| 4 | | ഒന്നാം കലുങ്കുവരെ | |
| 5 | 2 | മൈലപ്രാ-കാറ്റാടി റോഡ് | തെരുവുവിളക്കുകൾ സ്ഥാപിക്കണം |
| 6 | 3 | പാണ്ടിപ്പുറത്തു പടി കോട്ടരേത്തുപടി | തെരുവുവിളക്ക് |
| 7 | 3 | ലക്ഷംവീട്-ചക്കാലേത്ത് കോളനി | തെരുവുവിളക്ക് |
| 8 | 3 | ചാപ്പൽപടി- പുന്നുരേത്ത് പേഴും വീട്ടിൽ ഭാഗം | തെരുവുവിളക്ക് |
| 9 | 3 | ചാപ്പാൽപടി-പ്ലാംതൊട്ടത്തിൽ പടി | തെരുവുവിളക്ക് |
| 10 | 3 | പീടികപ്പറമ്പിൽ - അറുകാലിൽ റോഡ് | തെരുവുവിളക്ക് |
| 11 | 5 | ചാമക്കാലാപടി-വല്യതി | തെരുവുവിളക്ക് |
| 12 | 5 | ഒട്ടമൂട്ടിൽ പടി- കണ്ണനാം കുഴി റോഡ് | തെരുവുവിളക്ക് |
| 13 | 5 | പൂവണ്ണം മൂട്ടിൽ പടി- ആല്നിൽക്കുന്നതിൽപടി റോഡ് | തെരുവുവിളക്ക് |
| 14 | 6 | ആഞ്ഞിലിമൂട്ടിൽ പടി- വട്ടാംകുഴി റോഡ് | തെരുവുവിളക്ക് |
| 15 | 6 | വട്ടാംകുഴി - പേഴുംകാട് റോഡ് | തെരുവുവിളക്ക് |
| 16 | 6 | അമ്പലപ്പടി -ചക്കിട്ടയിൽ പടി | തെരുവുവിളക്ക് |
| 17 | 6 | മൈലൻപടി- തെങ്ങും പടി റോഡ് | തെരുവുവിളക്ക് |
| 18 | 6 | വല്യത്തി-മണല് നിരവേൽ റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 19 | 6 | കരിങ്ങാട്ടിൽ പടി-വട്ടൻകാലായിൽ പടി | തെരുവുവിളക്ക് സ്ഥാപിക്കണം |
| 20 | 6 | വട്ടൻകാലായിൽ പടി- പേഴുംകാട് റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 21 | 6 | കുറുപ്പ് മെമ്മോറിയൽ റോഡിൽ പേഴുംകാട് മുതൽ ചിറത്തലക്കൽപടിവരെ | തെരുവുവിളക്ക് സ്ഥാപിക്കണം |
| 22 | 7 | ചിറക്കൽപടി- മടിയപാറപ്പടി പഴുമണ്ണിൽ പടി-മേക്കൊഴൂർചന്ത | തെരുവുവിളക്ക് സ്ഥാപിക്കണം |
| 23 | 7 | കളീക്കൽപടി- ചള്ളക്കൽപടി | തെരുവുവിളക്ക് സ്ഥാപിക്കണം |
| 24 | 7 | തെങ്ങുംകൂട്ടത്തിൽ പടി- ചല്ലിരിക്കൽ പടി റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 25 | 7 | മരുതിമൂട്ടിൽ പടി- അഞ്ച് പങ്കിൽ പടി റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 26 | 7 | പത്തിശ്ശേരി മുതൽ - മണല് നിരവേൽ റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 27 | 7 | പേഴും കാട്- മണല് നിരവേൽ റോഡ് | തെരുവുവിളക്ക് |

| ക്രമനമ്പർ | വാർഡ് | സ്ഥലം | ട്യൂബ് / ബൾബ് |
|---|---|---|---|
| 28 | 7 | പഴുമണ്ണിൽ പടി- അഞ്ഞൂറ്റിയഞ്ചിൽ പടി | തെരുവുവിളക്ക് സ്ഥാപിക്കണം |
| 29 | 1 | ശാന്തിനഗർ- കോളനി റോഡ് | തെരുവുവിളക്ക് സ്ഥാപിക്കണം |
| 30 | 1 | വാലുമണ്ണിൽ റോഡ് മൈലപ്രാ | തെരുവുവിളക്ക് സ്ഥാപിക്കണം |
| 31 | 1 | സേക്രട്ട് ഹാർട്ട് പള്ളി സെമിത്തേരി റോഡ് | ട്യൂബ്ലൈറ്റ് |
| 32 | 8 | ഏഴോലിക്കൽ പടി | ട്യൂബ്ലൈറ്റ് |
| 33 | 4 | 2-ാം കലുങ്ക്-കുളത്താനി റോഡ് | ട്യൂബ്ലൈറ്റ് |
| 34 | 4 | മണ്ണാറക്കുളഞ്ഞി- ഹെൽത്തു സെൻറർ റോഡ് | തെരുവുവിളക്ക് |
| 35 | 4 | തയ്യിൽപടി- വലിയ പറമ്പിൽ പടി | തെരുവുവിളക്ക് |
| 36 | 4 | വാഹാനിയിൽ- മേല്പത്തൂർ ഭാഗം | തെരുവുവിളക്ക് |
| 37 | 4 | പർത്തലപ്പാടിയിൽ - മൺപുരയിടത്തിൽ ഭാഗം | തെരുവുവിളക്ക് |
| 38 | 4 | വട്ടാംകുഴി- ചെറുവള്ളിക്കര റോഡ് | തെരുവുവിളക്ക് |
| 39 | 1 | കണ്ണംപാറ കോളനിക്ക് സമീപം | തെരുവുവിളക്ക് |
| 40 | 1 | പതാലിപ്പാറ കോളനി റോഡ് | തെരുവുവിളക്ക് |
| 41 | 1 | മുരുപ്പേൽപ്പീടിക- കണ്ണംപാറ റോഡിൽ കരുവുഞ്ചേരി ഭാഗം | ട്യൂബ്ലൈറ്റ് |

# വൈദ്യുതി ഉല്പാദനം

ജില്ലാ പഞ്ചായത്ത് തലത്തിൽ ചെറുകിട വൈദ്യുതി ഉല്പാദന പദ്ധതികൾക്ക് രൂപം നൽകണം. പഞ്ചായത്തിൽ വർഷകാലത്ത് കിട്ടുന്ന ധാരാളം ജലം, ഒന്നിനും പ്രയോജനം ഇല്ലാതെ ഒഴുകിപോകുകയാണ്. മഴക്കാലത്ത് കിട്ടുന്ന ജലം ഉപയോഗപ്പെടുത്തി ചെറിയ അണക്കെട്ടുകൾ നിർമ്മിച്ച് വൈദ്യുതി ഉല്പാദനിപ്പിക്കുവാനുള്ള സാധ്യതകളെ കുറിച്ച് വിശദമായ പഠനം നടത്തണം.

മേക്കൊഴൂർ -മൈലപ്രാ തോട്ടിൽ മീമുട്ടിക്കൽ ഭാഗത്ത് ചെറിയ ഡാം കെട്ടിയാൽ വെള്ളം ശേഖരിച്ച് വൈള്ളം ഉല്പാദിപ്പിക്കുവാനും സമീപ പ്രദേശങ്ങളിൽ കൃഷിയ്ക്കു വെള്ളം ഉപയോഗപ്പെടുത്തുവാനും സാധിക്കും. വൈദ്യുതി വകുപ്പിന്റെ പ്രോജക്ട് വിഭാഗം ഇത് പഠനത്തിനായി എടുത്തിട്ടുള്ളതുമാണ്. ഈ പദ്ധതി പ്രാവർത്തികമാക്കുവാൻ സത്വര നടപടി ഉണ്ടാകണം.

# പാരമ്പര്യേതര ഊർജ്ജം

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറക് ആണ്. ഗ്യാസും മണ്ണെണ്ണയും ഉപയോഗിച്ച് പാചകം ചെയ്യുന്നകുറഞ്ഞ ശതമാനം വീടുകളും ഉണ്ട്. പുകയില്ലാത്ത ഉടുപ്പുകൾ, ഗോബർ ഗ്യാസ്, സോളാർ വിളക്കുകൾ എന്നിവിയിൽ ബോധവൽക്കരണം ഉണ്ടാകണം. ANART ന്റെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമാക്കണം. ഒരു LPG AGENCY പഞ്ചായത്തിൽ ആരംഭിക്കണം.

വൈദ്യുതി ഉല്പാദനത്തിൽ രൂക്ഷമായ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നതിനാൽ സോളാർ വഴി വിളക്കുകൾ പഞ്ചാതത്തിൽ സ്ഥാപിക്കണം. സോളാർ റാന്തൽ ലാഭകരമായ രീതിയിൽ ഗാർഹിക ആവശ്യത്തിനായി വിതരണം ചെയയ്താൽ, വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി കുറയും.

വളരെയധികം വോൾട്ടതക്കുറവ് അനുഭവപ്പെടുന്നതിനാൽ കോംപാക്റ്റ് ഫ്ളൂറസെന്റ് വിളക്കുകൾ പഞ്ചായത്തു തലത്തിൽ വിതരണം ചെയ്യുക.

# മാർക്കററ്

മനുഷ്യ സംസ്ക്കാരത്തിൻെറ പരിണാമഘട്ടങ്ങളിൽ കൃഷിയെ ആധാരമാക്കി ജീവിച്ചിരുന്ന കാലഘട്ടങ്ങളിൽ പണം വിനിമയ മാദ്ധ്യമം അല്ലാതിരുന്ന കാലത്തുതന്നെ പൊതുചന്തകാം നിലവിലുണ്ടായിരുന്നും കർഷകർ അവരവരുടെ ഉല്പന്നങ്ങാം ചന്തയിൽ എത്തിക്കുകയും അവകാം ആവശ്യമായ മററ് സാധനങ്ങാംക്ക് വേണ്ടി കൈമാറുകയും ചെയ്തിരുന്നു. ഇതിനെ Barter System എന്ന് അറിയപെടുന്നു. ഇന്ന് ഉല്പന്നങ്ങാം വിപുലമായതോതിൽചന്തകളിൽ എത്തുന്നുണ്ട്. മനുഷ്യ ജീവിതത്തിലെ ആവിശ്യങ്ങാംക്കുള്ള സാധനങ്ങാം അധികവും വിപണനം നടത്തുന്നത് ചന്തയിലൂടെ ആണ്.

മൈലപ്രാ ഗ്രാമപഞ്ചായത്തിൽ മാർക്കററ് സൗകര്യം തുലോം പരിമിതമാണ്. ആയതിനാൽ അകലെയുള്ള വലിയചന്തകാം ആണ് ആശ്രയം. ഈ ഗ്രാമപഞ്ചായത്തിലെ ആകെരണ്ട് ചന്തകാം ആണ് ഉള്ളത് ഇവകാം മേക്കൊഴൂരും മണ്ണാറാകുളഞ്ഞിലും പ്രവർത്തിക്കുന്നു. ഈ രണ്ട് ചന്തകളിലും കാണുന്ന പൊതു സൗകര്യക്കുറവുകാം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് വക സ്ഥിരം കെട്ടിടങ്ങാം അഥവാ സ്ററാളുകാം എങ്ങും ഇല്ല.

2. കർഷകർ കൃഷി ഉല്പന്നങ്ങാം ചന്തയിൽ വിപണനത്തിനായി എത്തിക്കുന്നില്ലാ. അവകാം വാങ്ങുവാനുള്ള കച്ചവടക്കാരും കുറവാണ്. കൃഷി ഉല്പന്നങ്ങാം വീടുകളിൽ നിന്ന് കിട്ടുന്ന വിലയ്ക്ക് വിററഴിക്കുന്ന സമ്പ്രദായമാണ്ആണ് മിക്ക സ്ഥലങ്ങളിലും നിലവിലുള്ളത്.

3. പച്ചക്കറി, മത്സ്യം, ഇറച്ചി എന്നീ സാധനങ്ങാം മാത്രമാണ് പ്രധാനമായും മാർക്കററിൽ വരുന്നതും ചിലവാകുന്നതും.

4. ചന്തകാം വൃത്തിയായി സൂക്ഷിക്കുന്നതിനും അററക്കുററപ്പണികാം ചെയ്യുന്നതിനും സംവിധാനങ്ങാം ഇല്ല.

## മേക്കൊഴൂർ ചന്ത

മേക്കൊഴൂർ ജംഗ്ഷനിൽ ഈ കരയുടെ ഹൃദയ ഭാഗത്ത് 50 സെൻറ് സ്ഥലത്താണ് ചന്ത പ്രവർത്തിക്കുന്നത് ചുററും കരിങ്കൽ ഭിത്തികെട്ടി പഞ്ചായത്ത് അതിരുകാം സുരക്ഷിതമാക്കിയിട്ടുണ്ട്. ഉള്ളിൽ വരെ വാഹനങ്ങാം എത്തുവാനുള്ള സൗകര്യങ്ങളും ഉണ്ട് ആഴ്ചയിൽ ചൊവ്വാ, വെള്ളി എന്നീ ദിവസങ്ങളിലായി രണ്ട് ചന്തകാം നടക്കുന്നുണ്ട് ധാരാളം നല്ല തണൽ മരങ്ങാം ഉള്ളതിനാൽ വിപുലമായ ചന്തക്കുള്ള എല്ലാവിധ സൗകര്യങ്ങളും ഉണ്ട്, ഇവിടെ സ്ഥിരമായ കെട്ടിടങ്ങാം (സ്ററാളുകാം) ഇല്ലാത്തതിനാൽ നാലു് മാടങ്ങളും അഞ്ച് ഓല ചരിപ്പുകളുമാണ് എന്നപേരിൽ കെട്ടിടങ്ങാം ഉള്ളത് ഇതെല്ലാം കച്ചവടക്കാരുടെ സ്വന്തം വകയാണ്. കച്ചവടക്കാരുടെ സാധനങ്ങാം സുരക്ഷിതമായി സൂക്ഷിച്ച് വയ്ക്കാൻ സൗകര്യം ഇല്ലാത്തതിനാൽ, ചന്തദിവസം രാവിലെ വാഹനങ്ങളിൽ സാധനങ്ങാം എത്തിക്കുകയും ചന്തപിരിയുമ്പോാം ശേഷിക്കുന്നവ തിരികെ കൊണ്ടുപോകുകയുമാണ് രീതി. ഈ ചന്ത 7 –ാം വാർഡിൽ ആണ്. 4, 6, 7, എന്നീ വർഡിലെ ജനങ്ങാംക്ക് ഈ ചന്ത പ്രയോജനപ്പെടുന്നു.

## മണ്ണാരക്കുളഞ്ഞി ചന്ത

മണ്ണാരക്കുളിഞ്ഞ, മലയാലപ്പുഴ റോഡിൽ മണ്ണാരക്കുളഞ്ഞി ജംഗ്ഷനിൽ ഏകദേശം 10. സെൻറ് സ്ഥലത്താണ് ഈ ചന്ത സ്ഥിതിചെയ്യുന്നത്. വാഹന സൗകര്യം ശരിക്കും ഉണ്ട്. ആഴ്ചയിൽ ബുധൻ, ശനി എന്നീ ദിവസങ്ങളിൽ രണ്ട് ചന്തകാം നടക്കുന്നു. ഈ ചന്ത 8–ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. 3, 4–ാം വാർഡിൻെറ കിഴക്ക് ഭാഗം 8–ാം വാർഡ് എന്നിവിടങ്ങളിലെ ജനങ്ങാം ഈ ചന്ത ഉപയോഗിക്കുന്നു. ഇവിടെ സ്ഥിരമായ സ്ററാളുകാം ഇല്ല.

## പൊതു നിർദ്ദേശങ്ങൾ

1. അടിയന്തിരമായി സ്ററാളുകാം പണിയണം. ഗ്രാമസഭകളിൽ നിരന്തരം ഇതിനായി നിർദ്ദംദേശങ്ങാം വന്നിട്ടുണ്ട് സ്ററാളുകാം പണികഴിപ്പിച്ചാൽ ചന്തകളുടെ പ്രവർത്തനം വളരെ വിപുലമാക്കും പഞ്ചായത്ത് വരുമാനം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും.

ഇറച്ചി, മത്സ്യം എന്നിവയുടെവിപണനത്തിന് പ്രത്യേക സൗകര്യങ്ങൾ ഉള്ള സ്റ്റാളുകൾ പണിയണം. ഇതോടൊപ്പം പൈപ്പ് ലൈനുകൾ ഇട്ട് വെള്ളത്തിന് സൗകര്യം ഉണ്ടാക്കുകയും മലിന ജലം ഒഴുകി പോകുവാൻ ഓടകൾ നിർമ്മിക്കുകയും വേണം

3. ചന്തയുടെ അതിരുകൾതോറും സൗകര്യമുള്ള സ്ലങ്ങളിൽ തെങ്ങ് വെച്ച് പിടിപ്പിച്ചാൽ പഞ്ചായത്തിന് സ്ഥിര വരുമാനത്തിന് സഹായകമാകും

4. മേക്കൊഴൂർ ചന്തയെ പഞ്ചായത്തിലെ വലിയ ചന്തയായി ഉയർത്തി എടുക്കുവാനുള്ള സ്ഥലവും മററ് സൗകര്യങ്ങളും ഉണ്ട്. പ്രധാന റോഡുവക്കത്ത് ചന്തവസ്തുവിൽ ബലവത്തായ ബഹുനില കെട്ടിടം പണിയണം. ഇങ്ങനെ സൗകര്യം ഉണ്ടായാൽ പഞ്ചായത്ത് Commercial complex ന് സൗകര്യംഉണ്ടാകും പഞ്ചായത്ത് വരുമാനം വർദ്ധിക്കുകയും ചെയ്യും.

5. മേക്കൊഴൂരിൽ അനുവദിച്ചിട്ടുള്ള കന്നുകാലി ചന്ത വിപുലീകരിക്കണം.

6. സ്ഥല പരിമിതിമൂലം വിഷമിക്കുന്നസ്വയം തൊഴിൽ തല്പരർക്ക് സ്റ്റാളുകൾ നിർമ്മിച്ചു കഴിഞ്ഞാൽ തൊഴിൽ സാധ്യത ഉറപ്പ് വരുത്താം.

7. മാർക്കററ് ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ വാടക വാങ്ങിക്കേണ്ടതാണ്.

8. രണ്ടാം വാർഡിൽ രണ്ട് വർഷത്തിൽ അധികമായി പുലിക്കൂട്ടുപാറ പുറംപോക്കിൽ പ്രവർത്തിച്ചിരുന്ന ആഴ്ച ചന്ത അടിയന്തിര പ്രാധാന്യം നല്കി പുനസ്ഥാപിക്കണം. പുറംപോക്ക് സ്ഥലം പഞ്ചായത്ത് ഏറെറടുത്ത് ചന്ത വികസിപ്പിക്കണം.

9 മണ്ണാരക്കുളഞ്ഞി ചന്തയിൽ അന്തിച്ചന്ത ആരംഭിക്കണം.

10 മൈലപ്രാ ജംഗ്ഷനു സമീപം ഒരു ചന്ത ആരംഭിക്കണം.

5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

മൈലപ്രാ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെ നിർണ്ണായകമായി ബാധിക്കുന്ന ഘടകമാണ് ഗൾഫ് പണം. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കൂലിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. 1991-92 വർഷം മുതൽ പഞ്ചായത്തിലെ 8 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീററ് വീടുകളുടെ നിർമ്മാണ ചെലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു.

PWD റോഡിന് സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയലുകൾ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിൽ ഇല്ലാതില്ല. കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

കേരളാ ഹൗസിംഗ്ബോർഡിന്റെ കോന്നിയിലുള്ള റീജിയണൽ ഓഫീസിന്റെ അധികാരപരിധിയിൽപെട്ട ഗ്രാമപ്രദേശമാണ് മൈലപ്രാ ഗ്രാമ പഞ്ചായത്ത്. ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. ഏകദേശം അഞ്ഞൂറോളം കുടുംബങ്ങളും സ്വന്തമായി വീട് ഇല്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

സർക്കാർ ഭവനനിർമ്മാണ ബോർഡുകൾവഴി ദുർബ്ബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്. ദുർബ്ബല വിഭാഗക്കാർക്ക് വീടു വയ്ക്കുവാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപ്പണിയാനുമുള്ള സഹായങ്ങളോ, വായ്പകളോ, ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങൾ വലിയസ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടു പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുൽപാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉൽസാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

ഇന്നു സർക്കാരിൽനിന്നും കിട്ടുന്ന സഹായങ്ങളും വായ്പകളും വളരെ കുറവാണെന്നിരിക്കെ ഇതു വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ലക്ഷം വീടുകളിൽ ഒരു മേല്ക്കൂരയ്ക്ക്കീഴെ രണ്ടു കുടുംബങ്ങളാണ് താമസിക്കുന്നത്. പൊതുകിണറുകളാണുള്ളത്. കുളിമുറിയും കക്കൂസും ഉപയോഗിക്കുവാൻ വേണ്ടത്ര സ്ഥല സൗകര്യം കുറവാണ്.

ദുർബ്ബല വിഭാഗങ്ങൾ പാർക്കുന്ന കോളനികളിൽ നല്ലൊരുഭാഗവും ഓലമേഞ്ഞ കുടിലുകളാണ് ഉള്ളത്. ഇവയിൽ പലതും വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളാണ്. കുടിവെള്ളം ആവശ്യത്തിന് ലഭിക്കുന്നില്ല. ലക്ഷംവീട് കോളനികളിൽ അനധികൃതമായി കേറി താമസിക്കുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്. ആയതുകൊണ്ട് മുഴുവൻ സ്ഥലവും അളന്ന് അർഹരായവരെ താമസിപ്പിക്കേണ്ടതാണ്. റവന്യൂ വകുപ്പുവഴി പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കേണ്ടതാണ്. കെട്ടിടങ്ങൾ നിർമ്മിക്കുന്ന ആളുകളെ ദുർവ്യയം ഇല്ലാതെ ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതകൾ മനസിലാക്കുന്നതിനും ചെലവുകുറഞ്ഞ വീടുകളെ മാതൃകകാണിച്ചുകൊടുക്കുന്നതിനുമുള്ള വിദഗ്ദ്ധ സമിതി രൂപീകരിക്കണം.

### പ്രശ്നങ്ങൾ

1) സിമന്റ്, കമ്പി, കരിങ്കല്ല്, മണൽ എന്നിവയുടെ വിലയിൽ ഉണ്ടാകുന്ന വർദ്ധനവ്
2) സ്വന്തമായി ഭൂമി ഇല്ലാത്തവർ.
3) നിർമ്മാണ തൊഴിലാളികളുടെ ദൗർബല്യം.
4) ഹൗസിംഗ് സൊസൈററികളുടെ കുറവ്.
5) വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

## നിർദ്ദേശങ്ങൾ

1) പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
2) കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം സിവിൽസപ്ലൈസ്‌വഴി നടത്തുക.
3) ദീർഘകാല അടിസ്ഥാനത്തിൽ വസ്തു സമ്പാദിക്കുന്നതിനും വീടുകൾ വയ്ക്കുന്നതിനും , ഉള്ളതു പുതുക്കിപ്പണിയുന്നതിനുമുള്ള വായ്പലഭിക്കുന്നതിന് ഒരു നിധി രൂപീകരിക്കണം.
4) ഭൂരഹിതരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത്തല വികസന സമിതിയുടെ അംഗങ്ങളെക്കൊണ്ട് ഒരു സർവ്വേ നടത്തി അർഹരായവരുടെ ലിസ്ററ് ശേഖരിക്കുക.
5) കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥക്ക് പരിഹാരം ഉണ്ടാക്കുക.
6) ചെലവു കുറഞ്ഞ നിർമ്മാണ രീതികളെ പ്രോത്സാഹിപ്പിക്കുക.
7) ഇഷ്ടിക നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, എന്നിവ പഞ്ചായത്ത്തലത്തിൽ ഉണ്ടാകണം.
8) വീടുവയ്ക്കുവാൻ സ്വന്തമായി ഏററവും കുറഞ്ഞത് 5 സെൻറ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണമെന്ന നിബന്ധന ഒഴിവാക്കണം.
9) ഭവന നിർമ്മാണ വായ്പയുടെ പലിശ ഒഴിവാക്കണം.
10) സർക്കാർ ലഭ്യമാക്കുന്ന IAY, MWS, JRY, RLEGP എന്നിവയുടെ തുക ഉയർത്തുക.
11) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ തുക ഉയർത്തുക.
12) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി കാലതാമസംകൂടാതെ നടപ്പിലാക്കുക.
13) ലക്ഷംവീടുകൾ ഒരു കുടുംബത്തിന് ഒരു വീട് എന്ന കണക്കിൽ പുനഃസംവിധാനം ചെയ്യണം.

നമ്മുടെ ലക്ഷ്യം അഞ്ചുവർഷംകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായി അല്ലെങ്കിലും പരമാവധി പരിഹരിക്കലാകട്ടെ.

## സാമൂഹ്യക്ഷേമം

മൈലപ്രാ ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ താമസിക്കുന്ന കുടുംബങ്ങൾ ഉണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്. പഞ്ചായത്തിൽ ആകെ 12 അംഗൻവാടികളാണുള്ളത്. ഇതിൽ 11 അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടുത്തെ കുട്ടികൾക്കാവശ്യമായ പഠനോപാധികൾ, കളിക്കോപ്പുകൾ കുടിവെള്ളം എന്നിവ എത്തിച്ചുകൊടുക്കേണ്ടതാണ്. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അവശ ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ടതായ അർഹതപ്പെട്ട ധനസഹായം, വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ചികിത്സാ സഹായം എന്നിവ അർഹരായവർക്ക് പലപ്പോഴും ലഭിക്കാറില്ല. ഇതിൽ ഉദ്യോഗസ്ഥർ കാട്ടുന്ന അനാസ്ഥയും പൊതുജനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും അനുഭവപ്പെടുന്നുണ്ട്. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുവാൻവേണ്ട നടപടികൾ കൈക്കൊള്ളണം.

സ്വന്തമായി വീടില്ലാത്ത ധാരാളം പട്ടികജാതി–പട്ടിക വർഗക്കാർ ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകൾ പുതുക്കിപ്പണിയുന്നതിനും അററകുററപ്പണികൾ നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകണം. അവശരും, അനാഥരും, നിരാലംബരുമായവർക്ക് പരിചരണം ലഭിക്കുന്നതിനാവശ്യമായ ഒരു കേന്ദ്രം നിർമ്മിക്കണം. ലഹരിക്ക് അടിമപ്പെട്ടുപോയവർക്കുവേണ്ട ചികിത്സ നടത്തുന്നതിനും അവരെ നല്ല പൗരൻമാരായി വാർത്ത് എടുക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം. മലമൂത്ര വിസർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ പിന്നോക്ക സ്ഥലങ്ങളിലും ലക്ഷംവീട് കോളനികളിലും തരപ്പെടുത്തണം. പഞ്ചായത്തിലെ ഏകദേശം 1000 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകേണ്ടതായിട്ടുണ്ട്. സാമൂഹ്യവളർച്ചയ്ക്ക് പ്രവർത്തി

ക്കുന്ന സന്നദ്ധസംഘടനകരം ഉണ്ടാകേണ്ടിയിരിക്കുന്നു.
പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പുതിയ കോളനികളിലും അംഗൻവാടികളും സ്ഥാപിക്കണം. റോഡുപുറമ്പോക്കിൽ താമസിക്കുന്നവർക്ക് സ്ഥലവും വീടും നൽകണം.

പഞ്ചായത്തിലെ വല്ല്യന്തിഭാഗത്ത് ഒരു പോസ്ററാഫീസ് ഉണ്ടാകേണ്ടിയിരിക്കുന്നു. കാററാടിഭാഗത്ത് ഒരു ലെറർ ബോക്സ് സ്ഥാപിക്കണം. IRDP ആനുകൂല്യങ്ങരംക്ക് അർഹരായ എല്ലാവരേയും ലിസ്ററിൽ ഉരംപ്പെടുത്തണം.

DWCRA (സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകരം കൂട്ടായ് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA) യുടെ പുതിയ യൂണിററുകരം തുടങ്ങണം. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ജനകീയ പോഷകാഹാര പരിപാടി തുടങ്ങേണ്ടതാണ്.

ഒരു ജനകീയ ശുചീകരണ പരിപാടിയുടെ ഭാഗമായി ജനപങ്കാളിത്തത്തോടുകൂടി കക്കൂസുകരം നിർമ്മിക്കാവുന്നതാണ്. ശുചിത്വത്തെപ്പററിയുള്ള ബോധവൽക്കരണം കോളനികളിൽ നടത്തണം.

# മൈലപ്രാ ഗ്രാമ പഞ്ചായത്ത്

## *11.1* IRDP *സർവ്വേ പ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം*

| വാർഡ് നമ്പർ. | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങരം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങരം, | ഇതിൽ SC/ST | സഹായംലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങരം | ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങരം (സഹായം ലഭിച്ചവർ ഉരംപ്പെടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 150 | 28 | 25 | 18 | 25 | 150 |
| II | 107 | 10 | 24 | 4 | 23 | 107 |
| III | 186 | 11 | 22 | 5 | 20 | 186 |
| IV | 130 | 18 | 26 | 10 | 24 | 130 |
| V | 110 | — | 13 | — | 13 | 110 |
| VI | 217 | 43 | 55 | 24 | 55 | 217 |
| VII | 101 | 11 | 18 | 10 | 18 | 101 |
| VIII | 109 | 9 | 9 | 2 | 9 | 109 |
| Total | 1110 | 130 | 192 | 73 | 187 | 1110 |

### *പൊതുവിതരണം*

#### *റേഷൻകടകൾ*

മൈലപ്രാ പഞ്ചായത്തിൽ ആകെ 6 റേഷൻ കടകളാണുള്ളത്. പഞ്ചായത്തിൽ ഒട്ടനവധി കുടുംബങ്ങരംക്ക് റേഷൻ കാർഡില്ലാത്ത സ്ഥിതി കണ്ടു. റേഷൻകാർഡ് ലഭിക്കുന്നതിൽ സാങ്കേതിക തടസങ്ങളും, കാലതാമസവും ഒഴിവാക്കുവാൻ കഴിയണം. റേഷൻ സാധനങ്ങളുടെ അനധികൃത വിൽപ്പനതടയുകയും യഥാർത്ഥ ഗുണഭോക്താക്കരംക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യണം.

ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കുവാനും കുററമററതാക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതിരൂപീകരിക്കണം.

# സംസ്ക്കാരം

ഏതു ജനതയുടെയും പുരോഗതിക്ക് അടിത്തറ സംസ്ക്കാരമാണ്. മൈലപ്രാ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിൻെറ ദേശീയ പ്രസ്ഥാനത്തിനും ആധുനിക ജനാധിപത്യ കാലഘട്ടത്തിലെ സാമൂഹ്യവളർച്ചക്കും നമ്മുടെ സാംസ്ക്കാരിക പൈതൃകം ഒട്ടെന്നുമല്ല സഹായിച്ചിട്ടുള്ളത്. ബ്രിട്ടീഷ് ആതിപത്യത്തിനെതിരെയും അധഃസ്ഥിതരുടെ മോചനത്തിനും വേണ്ടിയും സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും കുടികിടക്കാനുള്ള മൗലികാവകാശത്തിനു വേണ്ടിയും നടത്തിയിട്ടുള്ള ജീവൻ മരണ പോരാട്ടാത്തിന് ആവേശം പകർന്നതും മേൽപറഞ്ഞ സാംസ്ക്കാരിക പൈതൃതം തന്നെയാണ് ഇതിനെല്ലാം ആധാരമായി നില്ക്കുന്നത് ഇന്നാട്ടിലെ സാംസകാര്യക സ്ഥാപനങ്ങളായ കലാലയങ്ങളും ഗ്രന്ഥശാലകളും കലാ–കായിക സംഘടനകളുമാണ്. നൂറു ശതമാനവും സാക്ഷരത നേടിയ കേരളത്തിലെ ഈ കൊച്ചു ഗ്രാമം തദനുസൃതമായിത്തന്നെ അഭിമാനാർഹമായി വിദ്യാഭ്യാസം നേടിയിട്ടുണ്ടെന്നുള്ളതും നമ്മുടെ വളർച്ചയെ കാണിക്കുന്നു, ഹിന്ദു, ക്രിസ്ത്യൻ മുസ്ലീം സ്വാതന്ത്ര്യ ലബ്ധിക്കു വളരെ മുൻപ് തന്നെ പഞ്ചായത്തിൽ പ്രാഥമിക വിദ്യാലയങ്ങൾ മേക്കൊഴൂർ, മൈലപ്രാ എന്നീ സ്ഥലങ്ങൾ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു, ഇന്ന നാല് ലോവർ പ്രൈമറി സ്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും രണ്ട് ഹൈസ്കൂളുകളും ഒരു പ്രീ–പ്രൈമറി സ്കൂളും ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും ഒരു ടീച്ചേഴ്സ് ട്രയിനിംഗ് സെൻററും ഒരു ഐ. ററി. സിയും സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നു.

സാംസ്ക്കാരിക വളർച്ചക്ക് ഇടനൽകിയ പല വായന ശാലകളും ഗ്രന്ഥ ശാലകളും ക്ലബ്ബുകളും കാര്യക്ഷമായിത്തന്നെ മുൻപ് ഇവിടെ പ്രവർത്തിച്ചിരുന്നു. മേക്കൊഴൂർ N. S. S. കരയോഗമന്ദിരത്തിൽ പ്രർത്തിച്ചിരുന്നു. ഗ്രന്ഥ ശാലയും 7–ാം വാർഡിൽ പ്രവർച്ചിരുന്ന വായന ശാലയും ഇതിനുദാഹരണമാണ്. ഈ പഞ്ചായത്തിലെ സാംസ്ക്കാര്യക രംഗത്ത് വളരെയധികം സംഭാവന നൽകാൻ കഴിഞ്ഞ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ചില സാങ്കേതിക കാരണങ്ങളാൽ നിന്നു പോയിട്ടുള്ളതാകുന്നു. ആദ്യകാലങ്ങളിൽ നന്നായി പ്രവർത്തിച്ചിരുന്ന കലാകായിക സംഘടനകളിൽ ഏററയും ചേതനയററവയാണ്. നാമമത്രമായി പ്രവർത്തിക്കുന്ന സംഘടനകൾ തന്നെ ഒരു വാർഷിക ആഘോഷത്തിലൂടെ സായൂജ്യമടയുന്നു. മേക്കൊഴൂരിൽ ഉണ്ടായിരുന്ന വായന ശാല എത്രയും വേഗം പുനരുദ്ധരിക്കേണ്ടതാണ്. പഞ്ചായത്തിലെ ഏക സാംസ്ക്കാരിക നിലയമായ മണ്ണാരക്കുളഞ്ഞി സാംസ്ക്കാരിക നിലയത്തിൻെറ പ്രവർത്തനങ്ങൾ പുനഃ പരിശോധിക്കണം. സ്കൂൾ തലത്തിൽ കണ്ടെത്തുന്ന കലാകായിക പതിഭകളെ തുടർന്ന് പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാക്കണം. മത സൗഹാർദ്ദത്തെ ഊട്ടി ഉറപ്പിക്കുന്ന മണ്ണാണ് മൈലപ്രാ പഞ്ചായത്തിൻെറത്. നാട്ടിലെ ഓണാഘോഷ പരിപാടികൾ ഇതിനുദാഹരണങ്ങളാണ്. മേക്കൊഴൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു Y. M. C. A. യും Rural Ebucational And Developmental Society, India (READS– India)യും കേട്ടമല കേന്ദ്രമായി Social Economic develpment Society (SEDS) യും കുറെ ക്ലബ്ബുകളും ഇവിടെ സന്നദ്ധ സഹായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കന്നു.

കലാസാഹിത്യ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് വേണ്ട പ്രവർത്തനം ഒന്നും തന്നെയില്ല വിദ്യാർത്ഥികളിൽ വായനശീലം വളർത്തുന്നതിന് സ്കൂളുകളിൽ വേണ്ടത്ര ഗ്രന്ഥ ശാലകൾ ഇല്ല. പഞ്ചായത്ത് കേന്ദ്രത്തിലോ പ്രധാന ഭാഗങ്ങളിലോ സംസ്ക്കാരിക നിലയങ്ങൾ പ്രവർത്തിക്കുന്നില്ലാ. സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന മഹിളാ സംഘടനകൾ ഇല്ല.

### നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കുകയും ജനപങ്കാളിത്തത്തോടെ സാംസ്ക്കാരിക ഉന്നമനത്തിന് സഹായകമായ ഗ്രന്ഥങ്ങൾ ശേഖരിക്കുകയും ചെയ്യുക ഇവിടെ റേഡിയോ, ടെലിവിഷൻ, വർത്തമാനപ്പത്രങ്ങൾ, സാംസ്ക്കാരിക ഉന്നമനത്തിന് സഹയകരമായിട്ടുള്ള പ്രസിദ്ധികരണങ്ങൾ, എന്നിവ ലഭ്യമാക്കുക.

2 മേക്കൊഴൂർ, മൈലപ്രാ, ചീങ്കൽത്തടം, എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിച്ച് ഇവിടെ സംഗീതം, നൃത്തം, നാടകം, നാടൻ കലകൾ മുതലായവ അഭ്യസിപ്പിക്കുക.

3 കോളനി പ്രദേശങ്ങളിലും ലക്ഷം വിടു കോളനികളിലും വാർത്താ വിതരണം കാര്യക്ഷമാക്കുന്നതിനു വേണ്ടി പഞ്ചായത്തിലെ എല്ലാ

കോളനികളിലും ടി. വി. സെററുകഠം സ്ഥാപിക്കുക. ഇതിനായി ഓരോ ഇൻഫർമേഷൻ സെൻററുകഠം ഓരോ വാർഡിലും പഞ്ചായത്തോഫീസിനു ചേർന്നും സ്ഥാപിക്കുക.

4 നിർജ്ജീവമായി കിടക്കുന്ന കലാകായിക സമിതികളും ഗ്രന്ഥ ശാലകളും പുനർജ്ജീവിപ്പിക്കുകയും അതിൻെറ പ്രവർത്തനങ്ങഠംക്ക് വേണ്ടുന്ന സഹായങ്ങളും നേതൃത്വവും ലഭ്യമാക്കുക. അതിനു വേണ്ടി പഞ്ചായത്തുതല സമതികഠം രൂപീകരിക്കുക. വാർഡ്കഠം തോറും കലാ വേദികഠം രൂപീകരിക്കുക.

5 നവ സാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാ കേന്ദ്രത്തിൻെറ പ്രവർത്തനം പുനർജ്ജീവിപ്പിക്കുക.

6 അംഗൻ വാടിയിൽ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും എല്ലാ അംഗൻ വാടികഠംക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും അംഗൻ വാടികളുടെ സാംസ്ക്കാരിക ബോധവത്കരണ പരിപാടികഠം സംഘടിപ്പിക്കകയും ചെയ്യുക.

7 കേരളോൽസവം പോലെയുള്ള പരിപാടികഠം ബഹുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുയും കലാ പ്രതിഭകളെ കണ്ടെത്തി അവർക്കു വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

8 വർഷത്തിലെരിക്കൽ പഞ്ചായത്ത് തലത്തിൽ സാംസ്ക്കരിക നായകന്മാരെ പങ്കെടുപ്പിച്ചുകെണ്ട് സാംസ്ക്കാരിക സമ്മേളനം നടത്തുകയും ഇതിനോടനുബന്ധിച്ച് ശില്പശാല സെമിനാറുകഠം എന്നിവ നടത്തുകയും ചെയ്യുക.

9. കായിക പ്രതിഭകളെ കണ്ടെത്തുകയും ഇവർക്കു വേണ്ട പരിശീലനം നല്കുകയും ചെയ്യുക. പഞ്ചായത്തിൽ ഒരു സ്റേറഡിയം നിർമ്മിക്കുക. കായിക മേളകഠം സംഘടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്ത്തു കൊടുക്കുക.

10 സ്കൂഠം തലത്തിൽവിദ്യാർത്ഥകളിൽവായനശീലം വളർത്തുന്നതിന് ഉപകാര പ്രദമായ ഗ്രന്ഥശേഖരണത്തിന് വേണ്ട സഹായം ചെയ്യുക.

11 Sports School പഞ്ചായത്തിൽ സ്ഥാപിക്കുക വോളി ബോളിന് വളരെ പ്രചാരവും മൈലപ്രാ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിനെ പ്രോൽ സാഹിപ്പിക്കുക.

12 മണ്ണാരക്കുളഞ്ഞി സാംസ്ക്കാരിക നിലയത്തിൻെറയും മേക്കൊഴൂർ വായനശാലയുടെയും ഓരോ ലൈ ബ്രേറിയനെ നിയമിക്കുകയും ചെയ്യുക.

13 വിദ്യാർത്ഥികളുടെ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങഠം പ്രോൽസാഹിപ്പിക്കുന്നതിന് ബാലജന സഖ്യം പോലെയുള്ള കുട്ടികളുടെ സമാജങ്ങഠം പഞ്ചായത്തു സമതിയുടെ നേതൃത്വത്തിൽ ഓരോ വാർഡിലും രൂപീകരിക്കുക.

ഭാരത സംസ്ക്കാരത്തിന് വളരെയധികം സംഭാവന നൽകിയിട്ടുള്ള നമ്മുടെ കേരളവും പാശ്ചാത്യ ശക്തികളുടെ നീരാളിപ്പിടുത്തത്തിൽ അമർന്ന് സാംസ്ക്കാര ശൂന്യമായ ഒരു സമൂഹമായി മാറിക്കൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. നമ്മുടെ സംസ്ക്കാരത്തിൻെറ കടയ്ക്കൽ കത്തിവെയ്ക്കുന്ന പ്രവർത്തനങ്ങഠംക്ക് വാർത്താമാധ്യമങ്ങളും പ്രാധാന്യം നൽകുന്നു അങ്ങനെ ഒരു വിദേശ സംസ്ക്കാരത്തിന് നാം അടിമപ്പെട്ടു കൊണ്ടിരിക്കുന്നു. മഹത്തരമായ കേരളത്തിൻെറ പാരമ്പര്യവും സംസ്ക്കാരവും ഇന്നത്തെ തലമുറ മറന്നു കെണ്ടിരിക്കുന്നു. സ്വന്തം സാംസ്ക്കാരത്തിൽ ഊററം കൊള്ളാൻ നാം വിമുഖത കാട്ടുന്നു. സാംസ്ക്കാരിക രംഗത്തെ അധഃ പതനം സമൂഹത്തിൻെറ ജീർണ്ണതക്ക് വഴിപ്പെടും. ഇത് തടഞ്ഞേതീരൂ. നമ്മുടെ സംസ്ക്കാരത്തിൽ ഊററം കൊള്ളുന്ന ഒരു ജനതയെയാണ് നമുക്കാവശ്യം. അതിനാൽ നമ്മുടെ തനതായ കലകളെയും സംസ്ക്കാരത്തെയും പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങഠംക്ക് മുൻതൂക്കം നൽകേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതും ബോധവൽക്കരണം നടത്തേണ്ടതുമാണ്.

# വനിത

എട്ട് പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞിട്ടും വനിതകൾക്ക് വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ വലിയമാററം ഉണ്ടായിട്ടില്ല. ഇന്നുവരെയും വനിതകൾ സമൂഹത്തിൻെറ അവഗണയ്ക്ക് വിധേയരായി കൊണ്ടയിരിക്കുന്നു. സ്ത്രീധനത്തിൻെറ പേരിലുള്ള പീഢനങ്ങൾ സാധാരണമാണ്. സമൂഹത്തിൻെ നിലനില്പ്പിന് വനിതകൾ മഹത്തായ പങ്ക് വഹിക്കുന്നു, തൊഴിലില്ലായ്മ, ഉള്ള തൊഴിലിന് മതിയായ വേതനം ലഭിക്കായ്ക, അധിക സമയം ജോലി ചെയ്ക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ തൊഴിൽ മേഖലയിൽ ഉണ്ട്. സമ്പൂർണ്ണ സാക്ഷരത കൈ വരിച്ചതും, സാംസ്ക്കാരിക മുന്നേററം ഉണ്ടായിട്ടുള്ളതുമായ കേരളത്തിൽ അന്ധ വിശ്വാസങ്ങളുടെയും അനാചരങ്ങളുടെയും ഇടയിൽപ്പെട്ട് വനിതകൾ നട്ടം തിരിയുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത് ആരോഗ്യരംഗത്ത് വനിതകളുടെ അവസ്ഥ വളരെ ദയനീയമാണ്. P. H. C. നിന്നുള്ള ആരോഗ്യസേവന പ്രവർത്തനങ്ങൾ എല്ല വിഭാഗത്തിലും പെട്ട വനിതകൾക്ക് തുല്യമായി ലഭിക്കണം. കോളനികളിൽ പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിന്നാവശ്യമായ സൌകര്യങ്ങൾ ലഭിക്കുന്നില്ല. ആരോഗ്യരംഗത്ത്സെമിനാറുകളുംബോധവത്കരണ സെമിനാറുകളും സംഘടിപിക്കേണ്ടതാണ്.

വിദ്യാഭ്യാസ മേഖലയിലേക്ക് തിരിഞ്ഞാൽ സ്കൂളുകളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികളാണെന്ന്കാണാം നവസാക്ഷരരിൽ കൂടുതൽ വനിതകളാണ്.

തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവരും അഭ്യസ്ത വിദ്യരുമായ ധാരളം വനിതകൾ ഉണ്ടെങ്കിലും അവർക്ക് യോജിച്ച തൊഴിലവസരങ്ങളും പരിശീലനങ്ങളും ലഭിക്കുന്നില്ല. വനിതാപങ്കാളിത്തം ഇന്ന് ഏററവും കൂടുതൽ അനുഭവപ്പെടുന്നത് കാർഷിക മേഖലയിലാണ്. സർക്കാർ തലത്തിൽ അദ്ധ്യാപന രംഗത്ത് ഒഴിച്ച് ബാക്കി എല്ലാ മേഖലകളിലും വനിതകൾ കുറവാണ്. വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന ധാരാളം വനിതകൾ ഇവിടെയുണ്ടെങ്കിലും സ്ത്രീകൾ മൊത്തത്തിൽ ഉദ്യോഗസ്ഥരെന്നോ, സാമ്പത്തിക ഭദ്രതയുള്ളവരെന്നോ പറഞ്ഞുകൂടാ വനിതാ സ്വയം തൊഴിൽ യൂണിററുകൾ കുറവാണ്. D. W. C. R. A.യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. വനിതകളുടെ സമ്പാദ്യശീലം വളർത്തിയെടുക്കേണ്ടതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം മൈലപ്രാ ഗ്രാമപഞ്ചായത്തിൽ രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക സംഘടനകളുടെ പ്രവർത്തനത്തിൽ വനിതകളുടെ പങ്കാളിത്തം കുറവാണ്. കുടുംബങ്ങളിലെ അമിതമായ ജോലിഭാരവും, സാമ്പത്തിക പ്രശ്നങ്ങളും വനിതകളുടെ സാമൂഹ്യ സേവനത്തെ ബാധിക്കുന്നുണ്ട് വനിതാ വ്യവസായ യൂണിററുകൾ ഇല്ലാത്തത്, അവരെ സാമ്പത്തിക ക്ലേശത്തിലേക്ക് നയിക്കുവാൻ ഇടയാക്കുന്നു. അടുക്കളത്തോട്ടങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് ആവിശ്യമായ സാങ്കേതിക സഹായങ്ങൾ വനിതകൾക്ക് ലഭ്യമാക്കണം. വിധവാ പെൻഷൻ, വികലാംഗപെൻഷൻ, അഗതി പെൻഷൻ മുതലയവ ലഭിക്കുവാൻ യോഗ്യതയുള്ള വനിതകൾ ഈപഞ്ചയത്തിൽലുണ്ട്.

## പ്രശ്നങ്ങൾ

1. D. W. C. R. A. യൂണിററുകൾ, കാലിവളർത്തൽ, കോഴിവളർത്തൽ, ഹോളോ ബ്രിക്സ്, നിർമ്മാണം, ഓർക്കിഡ് കൃഷി, കുററിമുല്ല കൃഷി തയ്യൽയൂണിററ് എന്നിവയില്ല.
2. വനിതാ വ്യവസായ യൂണിററുകൾ ഇല്ല.
3. സമ്പൂർണ്ണ മദ്യനിരോധനം ഇല്ലാത്തതുകൊണ്ട് ക്ഷടത അനുഭവിക്കുന്ന കുടുംബങ്ങൾ ഉണ്ട്.
4. കലാകായിക രംഗത്ത് പെൺകുട്ടികളുടെ വളർച്ചയുണ്ടാകുന്നതിനുള്ള യാതൊരു പരിശീലന കേന്ദ്രവും ഇവിടെയില്ല.
5 പരമ്പരാഗത തൊഴിലുകളായ ഈററപ്പണി ചെയ്യുന്നവർക്ക് ഈററലഭ്യമാക്കുന്നതിനു അതിനുള്ള വിപണന സൗഹര്യവും ഇല്ല.
6. പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിന് ഏററവും കൂടുതൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു പൊതുസ്ഥലങ്ങളിലും സ്കൂളുകൾ മുതലായ സ്ഥനങ്ങളിലുമാണ് ഇതിനു ഏററവും കുടുതൽ വിഷമം.
7. നിലവിലുള്ള P.H.C അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ട് ചെറിയ അസുഖം വന്നാൽ പേലും വാഹനം ഇല്ലാത്ത ഇവിടെ നിന്നും മററുള്ള സ്ഥലങ്ങളിൽ എത്താനുള്ള ബുദ്ധിമുട്ട്.

8. P. H. C. സബ് സെൻററുകളിൽ കാര്യമായ ചികിത്സയും മററു സൗജന്യങ്ങളും ആളുകൾക്ക് കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്.

9. കുടിവെള്ളം ആവശ്യത്തിന് കിട്ടുന്നതിനുള്ള നടപടികൾ പൂർണ്ണമായ വിജയത്തിലെത്താത്തതു വളരെ കഷ്ടപ്പാടുണ്ടാക്കുന്നു.

10. വിദേശ മലയാളികൾ കൂടുതലുള്ള ഇവിടെ ഒരില്ലൻറിനോ കവറിനോ വളരെ ദൂരെ പോകേണ്ട അവസ്ഥ പോസ്ററൻ സൗകര്യങ്ങളുടെ അപര്യാപ്ത.

11. ലക്ഷം വീട് കോളനികൾ, മററു പട്ടികജാതി കോളനികൾ എന്നിവയിൽ വൈദ്യുതിയും മററും എത്താത്തതു കൊണ്ട് അവർ വളരെ പ്രയാസം അനുഭവിക്കുന്നു.

12. കർഷകത്തൊഴിലാളികൾക്ക് സ്ഥിര ജോലിയും മററും ഇല്ലാത്തതിനാൽ ആമേഖലയിൽ നിന്നും ആളുകൾ മററു മേഖലകളിലേക്ക് കുടിയേറുന്നു.

### സാദ്ധ്യതകൾ

1. D. W. C. R. A. യുടെ കൂടുതൽ യൂണിററുകൾ സ്ഥാപിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കണം.

2. വനിതാ വ്യവസായ യൂണിററുകൾ ആരംഭിക്കണം. അതിനുവേണ്ടി ആളുകൾക്ക് ബോധവത്കരണം നടത്തുകയും ആവശ്യമായ പരിശീലനവും കെടുക്കണം.

3. കുടുംബാന്തരീക്ഷം ശാന്തമാകുന്നതിന് സമ്പൂർണ മദ്യനിരോധനം നടപ്പാക്കണം.

4. കലാകായികരംഗത്ത് പെൺകുട്ടികളുടെ വളർച്ചക്ക് വേണ്ടി പരിശീലന കേന്ദ്രങ്ങൾ തുറക്കുക.

5. പാരമ്പര്യ തൊഴിലാളികൾക്ക് ആവശ്യമായ ഈററ ലഭ്യമാക്കുകയും അതിനുള്ള വിപണന സൗകര്യം ഉണ്ടാക്കുകയും വേണം.

6. പ്രാഥമികാവശ്യങ്ങൾ നിറവേററുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കക്കൂസില്ലാത്തയെല്ലാ വീട്ടുകാർക്കും കക്കൂസ് നിർമ്മാണത്തിനുള്ള സാഹചര്യം ഉണ്ടാക്കുക. പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ലാട്രിൻ ബാത്തുറൂം എന്നിവനിർമ്മിക്കുക.

7. പഞ്ചായത്തിൽ നിലവിലുള്ള P. H. C. കിടക്കകളോടുകൂടിയ ആശുപത്രിയായി അപ്പ് ഗ്രേഡു ചെയ്യുന്നതിന് സമ്മർദ്ദം ചെലുത്തുക.

8. P. H. C. യുടെ സബ് സെൻററുകളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുക.

9. കുടിവെള്ളം എല്ലാ ഭാഗത്തും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം,

10. പോസ്ററൽ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം.

11. ലക്ഷം വീടു കോളനി, പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി കൈകൊള്ളുക.

12. കാർഷീക മേഖലയിലേക്ക് തൊഴിലാളികളേയും കർഷകരേയും ആകർഷിക്കുന്നതിന് നടപടികൾ കൈകൊള്ളുക.

# 5–10 സഹകരണം

മൈലപ്രാ ഗ്രാമ പഞ്ചാക്കത്തിൽ കാർഷീക വ്യവസായിക വാണിജ്യ മേഖലയിൽ മൂന്ന് സഹകരണ ബാങ്കുകൾ കാര്യമായി പ്രവർത്തനം നടത്തുന്നു. കർഷകർക്കും ചെറുകിടവ്യവസായങ്ങൾക്കും വിവിധ പദ്ധതികൾക്കും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ വായ്പ നൽകി അംഗങ്ങളെ സഹായിക്കുന്നുണ്ട്. താഴെപ്പറയും പ്രകാരമാണ് സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ.

1 മൈലപ്രാ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 639

മൈലപ്രാ ജംഗ്ഷനിൽ ബാങ്ക് ഹെഡ്ഓഫിസും മണ്ണാരക്കുളഞ്ഞിയിൽ ബ്രാഞ്ചുമായി മൈലപ്രാ ഗ്രാമ പഞ്ചായത്തിലെ പ്രധാന സഹകരണ ബാങ്കായി പ്രവർത്തിക്കുന്നു. 1924 മാർച്ച് 8–ാം തീയതി പ്രവർത്തനം ആരംഭിച്ച ബാങ്കിൽ 4361 അംഗങ്ങൾ നിലവിലുണ്ട്. പഞ്ചായത്തിലെ ഏക മാവേലിസ്റ്റോർ ബാങ്കിൻെറ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്.

അംഗങ്ങൾക്ക് കാർഷീക, കാർഷീകേതര വായ്പകൾ നൽകുകയും ചിട്ടികൾ നടത്തുകയും ചെയ്യുന്നു. റബർ, വളം, പലചരക്ക് എന്നീ വ്യാപാരങ്ങളും ബാങ്കിൻെറ മേൽനോട്ടത്തിൽ നടത്തുന്നു. 1, 3 (ഭാഗീകം), 4 (ഭാഗികാ), 5, 8 എന്നീ വാർഡുകളാണ്. ബാങ്കിൻെറ പ്രവർത്തനപരിധി

3 കോടി രൂപയിലധികം നിഷേപംമുണ്ട്.

വിവിധ ഇനങ്ങളിലായി 2,26,00,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

2 മേക്കൊഴൂർ സർവ്വീസ് സഹകരണബാങ്ക്
ക്ലിപ്തം നമ്പർ 1191

മേക്കൊഴൂർ ജംഗ്ഷനിൽ ആണ് ബാങ്ക് പ്രവർത്തിക്കുന്നത് 1926 മാർച്ച് 21–ൽ പ്രവർത്തനം ആരംഭിച്ച ബാങ്കിമ1900 അംഗങ്ങളുണ്ട്. 12500000 രൂപയിലധികം നിഷേപം ഈ ബാങ്കിൽ ഉണ്ട്. 6520000രൂപയിലധികം രൂപ വിവിധഇനങ്ങളിൽ വായ്പ നൽകിയിട്ടുണ്ട്.

3 കുമ്പഴ നോർത്ത സർവ്വീസ് സഹകരണ
ബാങ്ക് ക്ലിപ്തം നമ്പർ 1373

കുമ്പഴവടക്ക് മൗണ്ട് ബഥനി ജംഗ്ഷനിൽ ആണ് ബാങ്ക് പ്രവർത്തിക്കുന്നത് 25–1–1102 ME യിൽ പ്രവർത്തനം ആരംഭിച്ച് ബാങ്കിൽ 2600 അംഗങ്ങൾ ഇപ്പോൾ ഉണ്ട്. ഗ്രാമപഞ്ചായത്തിലെ റാന്നി പുനലൂർ റോഡിനു കിഴക്കു ഭാഗമുള്ള പ്രദേശങ്ങളാണ്പ്രവർത്തനപരിതി36 ലക്ഷം രൂപയോളം ബാങ്കിൽ നിക്ഷേപം ഉണ്ട് 3960000 രൂപയോളം വിവിധയിനങ്ങളിൽ വായ്പ നൽകിയിട്ടുണ്ട്

മൈലപ്രാ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തനം നടത്തുന്ന മൂന്ന് സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ ഉത്സവകാല ചന്തകൾ (ഉദാ: ഓണച്ചന്ത) വർഷങ്ങളായി നടത്തിവരുന്നത് ആ കാലയളവിൽ നാട്ടിലുണ്ടാകാവുന്ന വിലക്കയററം ഒരു പരിധിവരെ പിടിച്ചു നിറുത്താൻ കഴിയുന്നു. മേൽപറഞ്ഞ സഹകരണബാങ്കുകളുടെ പ്രവർത്തനം വളരെ തൃപ്തികരവും നാട്ടുകാർക്ക് പ്രയോജനപ്രദവുമാണ്.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

മൈലപ്രാ ഗ്രാമ പഞ്ചായത്തിൽ രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ നിലവിലുണ്ടെങ്കിലും മേക്കൊഴൂർ ക്ഷീരോല്പാദക സഹകരണ സംഘം P.T. 60 മാത്രമേ പ്രവർത്തിക്കുന്നുള്ളു, 60740 ലിററർ പാൽ ഒരു വർഷം ശേഖരിക്കുന്നു. നാട്ടിൽ 10007 ലിററർ പാൽ വിതരണം നടത്തുമ്പോൾ 50733 ലിററർ പാൽ മേക്കൊഴൂരിൽ പുറത്തുള്ള സ്ഥലങ്ങളിലേക്ക് അയ്ക്കണം.

***കാർഷീക വികസനബാങ്ക്***

പത്തനംതിട്ട പ്രൈമറി കോ–ഓപ്പറേറീവ് ആഗ്രികൾച്ചറൽ റൂറൽ ഡെവലപ്പ്മെൻറ് ബാങ്ക് ക്ലിപ്തം Nh. 390 ൻെറ പ്രവർത്തന പരിധിയിൽപ്പെടുന്നതാണ്. മൈലപ്രാ ഗ്രാമപഞ്ചായത്ത് താഴെപ്പറയും പ്രകാരം ടി ബാങ്കിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ ടി ബാങ്കിലെ അംഗങ്ങൾക്ക് വായ്പകൾ നല്കിയിട്ടുണ്ട്. ഭൂവികസനം 820000 രൂപ., പ്ലാൻേറഷൻ 380000 രൂപ. ചെറുകിട വ്യവസായം 2,10,000 രുപ, ഭവന നിർമ്മാണം 10,8000 രൂപ, മൃഗസംരക്ഷണം 70000 രൂപ, മേൽപറഞ്ഞ ജനങ്ങളിലയോ 15,88,000 രൂപ വായ്പ നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മേക്കെഴൂർ, കുമ്പഴവടക്ക് മണ്ണാരക്കുളഞ്ഞി എന്നീ സ്ഥലങ്ങളിൽ സഹകരമാവേലി സ്റേറാറുകൾ തുടങ്ങേണ്ടതാണ്.

കോട്ടമല കേന്ദ്രീകരിച്ച് ഒരു റബർ മാർക്കററിംഗ് സൊസൈററി രൂപീകരീക്കണം.

# 5—11 പട്ടികജാതി-പട്ടികവർഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 11% പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ്. 275 പട്ടികജാതി കുടുംബങ്ങൾ ഇവിടെ താമസിച്ചു വരുന്നുണ്ട് 11 അംഗീകൃത കോളനികളും മററ് ഏതാനും കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്. ആകെ 1200 പട്ടികജാതി അംഗങ്ങൾ ഉണ്ട്. ഇതിൽ 575 പുരുഷന്മാരും 625 സ്ത്രീകളും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ വളരെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തു് കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഭൂപരിഷ്കരണത്തിൻെറയും കുടികിടപ്പവകാശത്തിൻെറയും നേട്ടങ്ങൾ ഈ വിഭാഗത്തിന് കിട്ടിയിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ആളുകൾ ഇപ്പോഴുമുണ്ട് പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും എല്ലാത്തരം പ്രവർത്തനങ്ങളോടും സഹകരിച്ചും സമൂഹത്തിൻെറ പൊതുധാരയിൽ അലിഞ്ഞു ചേർന്നുമുള്ള ജീവിതമാണ് ഇവർ നയിക്കുന്നത്

സർക്കാരിൻെറ വിവിധ പദ്ധതികളിലായി വിവിധ ഏജൻസികൾ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിയെങ്കിലും അതൊക്കെ പൂർണ്ണമായി ലക്ഷ്യത്തിലെത്തിയിട്ടില്ല. പദ്ധതികളേക്കുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മയും, അവ യഥാ സമയം ജനങ്ങളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നുള്ള അലംഭാവവും പദ്ധതികൾ വേണ്ടത്ര വിജയിക്കാതിരിക്കാൻ കാരണമായിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും വികസന പ്രവർത്തനങ്ങൾ നടക്കുന്നതു്. പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്ത ആളുകളും ഉണ്ട്. ഒററപ്പെട്ടു താമസിക്കുന്ന പട്ടിക ജാതി കുടുംബങ്ങളും ഉണ്ട്.

## വിദ്യാഭ്യാസം

സമ്പൂർണ്ണസാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം എങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ വലിയ പുരോഗതി കൈവരിച്ചുവെന്നു പറഞ്ഞുകൂടാ. 10-ാം ക്ലാസ്സ് കഴിഞ്ഞ് പ്രീഡിഗ്രി തലം വരെ പോയി വിദ്യാഭ്യാസം നിർത്തുന്നവരാണ് കൂടുതൽ സർവ്വകലാശാല ഡിഗ്രിയുള്ളവർ വിരളമാണ്. സ്കൂളുകളിൽ വെച്ചു തന്നേ വിദ്യാഭ്യാസം നിറുത്തുന്ന കുട്ടികളും ഉണ്ട്. കുട്ടികൾ സ്കൂളുകളിൽ പോകാൻ താത്പര്യം കാണിക്കാത്ത ചില പ്രദേശങ്ങളുമുണ്ട്. വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക ഇതു വഴിവെക്കുന്നു. സങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ കുറവാണ്. ഇതിനു പരിഹാരം കണ്ടാൽ മാത്രമേ സാമൂഹ്യ സാമ്പത്തിക രംഗത്തു് നേട്ടം ഉണ്ടാവുകയുള്ളു.

## തൊഴിൽ

കാർഷിക മേഖലയാണ് പ്രധാന തൊഴിൽ മേഖല സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്ത തരത്തിലുള്ള കൂലി നിരക്കുകളാണ് നിലനിൽക്കുന്നത്. സ്ത്രീകൾക്ക് പുരുഷന്മാരേ അപേക്ഷിച്ചു കൂലി കുറവാണ്. അടുത്ത കാലത്തായി കാർഷിക മേഖലയിൽ നിന്നു് കെട്ടിട നിർമ്മാണ മേഖലയിലേക്ക് കൂടുതൽ ആളുകൾ ആവുന്നുണ്ട്. ഈ മേഖലയിൽ പുരുഷന്മാർക്ക് 100 രൂപയും സ്ത്രീകൾക്ക് 80 രൂപയും കൂലിയുണ്ട്. ഈ വിഭാഗത്തിൽ നിന്നു് ഡ്രൈവിങ്ങ് പോലെയുള്ള മററു യാതൊരു സങ്കേതിക വിദ്യകളും അറിയാവുന്ന ആളുകളും ഇല്ല. വ്യവസായ ശാലകളോ സുബല യൂണിററുകളോ പോലും ഇല്ലാത്തതുകൊണ്ട് തൊഴിൽ ഇല്ലാത്തവർ കൂടുതലാണ്. പരമ്പരാഗത തൊഴിലായ ഈററപണി ചെയ്യുന്ന ആളുകൾ ഉണ്ട്. അതും സ്ഥിരജോലിയായി ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല. വിദ്യാസമ്പന്നർ പോലും കാർഷിക മേഖലയിലെ തൊഴിലാളികളാണ്. സർക്കാർ സ്ഥാപനങ്ങളിൽ ജോലിയുള്ള 5-ൽ താഴെയുള്ള ആളുകൾ മാത്രമേ ഇവിടെയുള്ളു. അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ആകെ രണ്ടു ലാസ്ററു ഗ്രേഡു ജീവിതക്കാർ മാത്രമേയുള്ളു.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് സർക്കാർ പദ്ധതികൾ നടപ്പിലാക്കിയിരുന്നതിനാൽ ഇതിൻെറ പ്രയോജനം ലഭിക്കാത്ത ഒററപ്പെട്ട കുടുംബങ്ങളും ഉണ്ട്. വീടുകൾക്ക് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം വീടുപണി പൂർത്തിയാക്കാൻ പററാത്ത സ്ഥിതിയുമുണ്ട് .സ്വന്തമായി ഭൂമിയില്ലാത്ത പല കുടുംബങ്ങളും ഇവിടെ ഉണ്ട്. ലക്ഷംവീടു കോളനികളിൽ പഞ്ചായത്ത് കൊടുത്ത സ്ഥലത്ത് സ്വന്തമായി കൊച്ചുകുടിലുകൾ വച്ച് താമസിക്കുന്ന ആളുകളും ഉണ്ട്. അവർക്ക് ഇപ്പോൾ വീടുവക്കുന്നതിനുള്ള സാമ്പത്തിക സഹായം കിട്ടുന്നില്ല. ലക്ഷം വീടുകോളനികളിൽ താമസിക്കുന്ന പലരും ഇന്നു് ഭയന്നാണ് അന്തിയുറങ്ങുന്നത്. ഏതു സമയത്തും വീഴുന്ന രീതിയിലാണ് വീടുകൾ. നിർമ്മിച്ചതിനു ശേഷം ഇന്നുവരെയും യാതൊരു മെയിൻറൻസും നടത്തിയിട്ടില്ല. ഓലമേഞ്ഞ കുടിലുകൾ ഇപ്പോഴും പലഭാഗത്തും കാണാം.

കോളനികളിൽ ചെല്ലുന്നതിനുള്ള റോഡുകളും വഴികളും സഞ്ചാര യോഗ്യമല്ല. കുടിവെള്ളം കിട്ടുന്നതിനു് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കോളനികൾ എല്ലാം മലമ്പ്രദേശമായതിനാൽ കിണറുകൾ നിർമ്മിക്കുന്നതിനു് കൂടുതൽ പണം ആവശ്യമാണു്. സാമ്പത്തിക ശേഷിയില്ലാത്തതിനാൽ കൂടുതൽ ആളുകൾക്കും കിണർ ഇല്ല. പരിസര ശുചീകരണരംഗത്ത് വളരെയധികം പരാധീനതകൾ ഇവക്കുണ്ട്. 250 കുടുംബങ്ങൾക്ക് കക്കൂസുകൾ ഇല്ല. വൈദ്യുതി എത്താത്ത കോളനികൾ ആണ് ഇവിടെയുള്ളതിലധികവും. കോളനികളിൽ രാഷ്ട്രീയപക പോക്കലിന് അന്യആളുകൾ കയറി സമാധാന ജീവിതത്തിനു് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1 ഉന്നത വിദ്യാഭ്യാസത്തിനു് കൂടുതൽ ആളുകൾ പോകുന്നില്ല.
2 സർക്കാർ സർവ്വീസിൽ കൂടുതൽ ആളുകൾക്കും തൊഴിൽ ലഭിക്കുന്നില്ല
3 സ്വന്തമായി വാസയോഗ്യമല്ലാത്ത വീടുകളാണുള്ളത്.
4 പ്രാഥമിക സൗകര്യങ്ങൾ നിറവേററുന്നതിന് കക്കൂസ് മുതലായവയുടെ അഭാവം.
5 വൈദ്യുതി എത്താത്ത കുടുംബങ്ങളാണ് 95 %
6 കുടിവെള്ളത്തിന്റെ ദൗർലഭ്യം.
7 തൊഴിലില്ലായ്മ.
8 ഈ വിഭാഗത്തിന് സ്ഥിര വരുമാനം കിട്ടുന്നതിനുള്ള സംവിധാനമില്ല.
9 IRDP ലോൺ എടുക്കുന്നതിനുള്ള സാങ്കേതിക തടസ്സം.
10 സ്വന്തമായി വീടുവയ്ക്കുന്നതിന് പലർക്കും ഭൂമിയില്ല.
11 ലക്ഷംവീടുകോളനികളിൽ താമസിക്കുന്നവർക്ക് യാതൊരാനുകൂല്യവും കിട്ടുന്നില്ല.
12 മദ്യത്തിനു് നിരോധനം ഇല്ലാത്തത് ഒരു പരിധിവരെ ഈ വിഭാഗത്തിനും ദോഷമാണ്.
13 പഞ്ചായത്തിൽനിന്നും കോളനികളിലുള്ളവീടു വൈദ്യുതീകരിക്കുന്നതിന് എടുത്ത നടപടി പൂർണ്ണമായിട്ടില്ല.
14 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ല.
15 പാരമ്പര്യ തൊഴിൽ ചെയ്യുന്ന ആളുകൾക്ക് അതിനു പ്രോത്സാഹനം കൊടുക്കുന്നില്ല.
16 കോളനികളിൽ ചെല്ലുന്നതിനുള്ള വഴികളൊന്നും സഞ്ചാരയോഗ്യമല്ല.

## സാദ്ധ്യതകൾ

1 വിദ്യാഭ്യാസപരമായി മുന്നോട്ട് വരത്തക്ക രീതിയിലുള്ള ബോധവത്ക്കരണം നടത്തുക.
2 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സാധ്യത ഉറപ്പു വരുത്തുക.
3 സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനു സഹായം നല്കുക
4 സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് 10 സെൻറ് ഭൂമിയും വീടും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
5 ലക്ഷംവീടുകൾക്കുള്ള പൊതുകക്കൂസ് അപ്രയോഗികമായതിനാൽ ഓരോകുടുംബത്തിനും നിർമ്മിച്ചു നല്കണം.
6 എല്ലാ പട്ടികജാതി കുടുംബങ്ങളിലും വൈദ്യുതി എത്തിക്കണം.
7 കുടിവെള്ളം എല്ലാവർക്കും ലഭിക്കുന്നതിന് പൈപ്പ് ലൈൻ ചെല്ലാവുന്നിടത്ത് ടാപ്പിട്ടു കൊടുക്കുകയും അല്ലാത്ത സ്ഥലങ്ങളിൽ കിണർ കുഴിക്കുന്നതിന്മുൻഗണന നല്കുകയും ചെയ്യുക.
8 തൊഴിൽ ചെയ്യുന്നതിന് വ്യവസായ യൂണിററുകൾ ഉണ്ടാക്കുകയും പ്ളാനിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങുകയും ചെയ്യുക.
9 IRDP ലോൺ എടുക്കുന്നതിന് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക.
10 സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണം.
11 പഞ്ചായത്തിൽ നിന്നും കോളനികളിൽ ഉള്ള വീടും അല്ലാത്തവയുമായ വീടുകൾ വൈദ്യുതീകരിക്കുന്നതിന് എടുത്ത നടപടികൾ പൂർത്തിയാക്കുക.
12 ഫോട്ടോസ്റ്റാററ്, മെക്കാനിക്കും തുടങ്ങിയ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക.
13 പാരമ്പര്യ തൊഴിൽ ചെയ്യുന്നവരായ ഈററ, പനമ്പു പണിക്കാർക്ക് അവലഭ്യമാക്കുന്നതിനും അവ വിററഴിക്കുന്നതിനും ഉള്ള സൗകര്യം ചെയ്യുക.
14 കോളനികളിലേക്കുള്ള റോഡും വഴികളും സഞ്ചാര യോഗ്യമാക്കുക.
15 പുറമേ നിന്നുള്ള ആളുകൾ കോളനികളിൽ കയറി നടത്തുന്ന അക്രമപ്രവർത്തനങ്ങൾ കർശനമായി തടയുക.

# വിഭവ സമാഹരണം

മൈലപ്രാ പഞ്ചായത്തിൻെറ അതിർത്തിയിൽപ്പെട്ട ഭൂരിഭാഗം പ്രദേശവും ഭക്ഷ്യ വിളയ്ക്കും നാണ്യവിളയ്ക്കും വളരെയധികം യോജിച്ചതാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിക്കാരാണ്. എന്നാൽ വിദേശ രാജ്യങ്ങളിൽ നിന്നും ധാരാളം പണം ഇവിടെയെത്തുകയും അതിൽ അധികപ്പങ്കും ബാങ്കിൽ നിക്ഷേപമായി മാററപ്പെടുകയും ചെയ്യുന്നു. നിക്ഷേപമായി മാററപ്പെട്ടിരിക്കുന്ന തുക അത്യാധുനിക രീതിയിലുള്ള കൃഷി സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ഉപയോഗിച്ചു കൊണ്ട് അതിൽ നിന്നും ഒരു നിശ്ചിത ശതമാന വരുമാനം ഗുണഭോക്താക്കളിൽ നിന്നും നേടണം. മൈലപ്രാ പഞ്ചായത്തിലെ വിഭവസമാഹരണം സംബന്ധിച്ചുള്ള സുപ്രധാനമായ ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## I കെട്ടിട നികുതി

1 പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് യഥാസമയം നിയമാനുസൃതം കരം ചുമത്തുക.

2 A/c മുതലായ അത്യാധുനിക സൗകര്യമുള്ള വീടുകൾക്ക് കൂടുതൽ നികുതി ഈടാക്കണം.

## II തൊഴിൽ നികുതി

1 സർക്കാർ സ്ഥലങ്ങളിലും സ്കൂളുകളിലും മാത്രം ജോലി ചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാതെ നാട്ടിൽ സ്ഥിരമായി ജോലികളിൽ ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക.

2 തൊഴിൽ നികുതി ആധുനിക രീതിയിൽ പരിഷ്കരിയ്ക്കണം. ശമ്പളത്തിൻെറയും പെൻഷൻെറയും അടിസ്ഥാനത്തിൽ നികുതി ഈടാക്കണം.

## III വിനോദ നികുതി

1 ഈ പഞ്ചായത്തിൽ വിനോദ നികുതി ലഭിയ്ക്കത്തക്ക വിധം സിനിമാശാലകളോ നാടക സംഘങ്ങളോ മററു മാർഗ്ഗങ്ങളോ ഇല്ല. ആയതിനാൽ പഞ്ചായത്തിൽ ഈ കാര്യങ്ങൾ സ്ഥാപിക്കുന്നതിന് സഹായം ചെയ്തു കൊടുക്കുക.

2 പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പതിക്കുന്നതും എഴുതുന്നതുമായ പരസ്യങ്ങൾക്ക് നികുതി ഈടാക്കുക

## IV മററുധനാഗമന മാർഗങ്ങൾ

1 പഞ്ചായത്തിൽ ആദായം ലഭിക്കുന്ന ഏകദേശം 5 ലക്ഷത്തോളം റബർ മരങ്ങളും ഇരുപതിനായിരത്തോളം തെങ്ങുകളും കൂടാതെ ധാരാളം കുരുമുളക്, കമുക് മുതലായവൃക്ഷങ്ങളുണ്ട്. ഇവയ്ക്കെല്ലാം എണ്ണത്തിൻെറയും വരുമാനത്തിൻെറയും അടിസ്ഥാനത്തിൽ നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2 പഞ്ചായത്തിൽപ്പെട്ട പാറമടകളും മററും ഏറെറടുത്ത് വിഭവ സമാഹരണം നടത്താം.

## V ബാങ്ക് ഫൈനാൻസിയേഴ്സ്

പഞ്ചായത്തിൽ മൂന്ന് സഹകരണ ബാങ്കുകളും രണ്ട് ദേശാൽകൃത ബാങ്കും ഉണ്ട്. ഈ ബാങ്കുകളിൽ മുഖേന തൊഴിൽ രഹിതർക്ക് പണം കടമായി നല്കിയാൽ വിഭവ സമാഹരണം വിപുലപ്പെടുത്താം.

## VI ഭൂ നികുതി

1 മണ്ണ്, വളവ്, ഭൂഘടന എന്നിവയെ അടിസ്ഥാനമാക്കി ഭൂനികുതി പരിഷ്കരിച്ച് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.

2 ഭൂമിയ്ക്ക്ലഭിക്കാവുന്ന വിലയുടെ അടിസ്ഥാനത്തിൽ ഭൂനികുതി പരിഷ്ക്കരിക്കാവുന്നതാണ്.

3 ഭൂനികുതിയായി ലഭിക്കുന്ന തുകയുടെ പകുതിയെങ്കിലും പഞ്ചായത്തിന് ഉപയോഗിയ്ക്കത്തക്ക വിധം നിയമ നിർമ്മാണം ഉണ്ടാകണം.

## VII ഷോപ്പിംഗ് കോപ്ളക്സ്

1 പഞ്ചായത്തിലുള്ള 2 ചന്തകളിലും ഷോപ്പിംഗ് കോപ്ളക്സുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് വാടകയ്ക്ക നല്കണം. വ്യവസായ സാദ്ധ്യത വളരെയുള്ള സ്ഥാനങ്ങളിൽ ഈ രണ്ട് ചന്തകളും സ്ഥിതി ചെയ്യുന്നത്.

2 വ്യവസായ സാദ്ധ്യതയുള്ള മണ്ണാരക്കുളഞ്ഞി ആശുപത്രിപടി, മൈലപ്രാ ടൗൺ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോപ്ളസുകൾ സ്ഥാപിച്ച് വിഭവ സമാഹരണം സാധിയ്ക്കാവുന്നതാണ്.

3 മിച്ച ഭൂമി, പുറമ്പോക്ക് സ്ഥലങ്ങൾ കണ്ടുപിടിച്ച് പഞ്ചായത്ത് ഏറെറടുക്കുക.

## VIII മററ് ഇനങ്ങൾ

1. പഞ്ചായത്തിൻെറ ചുമതലയിൽ ചെയ്യുന്ന എല്ലാ പൊതുമരാമത്ത് പണികളുടെയും മററ് പണികളുടെയും വരവ് ചെലവ് കണക്ക് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് അച്ചടിച്ച് പ്രസിദ്ധീകരിച്ചാൽ പൊതുജനങ്ങളുടെസംശയം ദൂരീകരിക്കുന്നതിനും ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന കൈക്കൂലി, ചുവപ്പുനാട എന്നിവയിൽ

നിന്ന് മോചനം നേടുന്നതിന് സാധിക്കും. കൂടാതെ ഈ രീതിയിൽ അനുവദിക്കുന്ന തുക മുഴുവൻ പ്രയോജനപ്പെടുത്താം.

2. ഗ്രാമപഞ്ചായത്തിൻെറ ചുമതലയിൽ കടപ്പത്രങ്ങൾ പുറപ്പെടുവിച്ച് ആളുകളിൽ നിന്നു് ധനം പലിശകൂടാതെ സ്വരൂപിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുക.

3. പഞ്ചായത്തിലെ ജലം പാഴായി പ്പോകാതെ നീരൊഴുക്കു തോടുകളിൽ തടയണകെട്ടിയും ബണ്ഡുകൾകെട്ടിയും ജലസേചനപദ്ധതി നടപ്പിലാക്കിയാൽ പച്ചക്കറി, നെല്ല് മററ് കാർഷീക വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

4. പഞ്ചായത്തതിർത്തിയിൽ മൂന്നു് ഹെക്ടറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരിൽ നിന്നു് ഭൂവരുമാനത്തിൻെറ അടിസ്ഥാനത്തിൽ അധിക നികുതി ചുമത്തി വിഭവ സമാഹരണം വർദ്ധിപ്പിക്കാം.

5. പഞ്ചായത്തിലുള്ള അഭ്യസ്ത വിദ്യരും സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരെയും പങ്കെടുപ്പിച്ച് പഞ്ചായത്തിൻെറ എല്ലാവിധ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വിഭവ സമാഹരണം (Men Power) സാധിക്കാവുന്നതാണ്.

6. പഞ്ചായത്തിൻെറ അതിർത്തിയിൽപ്പെട്ട റോഡിൻെറ ഇരുവശങ്ങളിൽ ഫല വൃക്ഷങ്ങളും മററ് വിലപ്പിടിപ്പുള്ള വൃക്ഷങ്ങളും (തേക്ക്, ഈട്ടി etc.) വെച്ചുപ്പിടിപ്പിച്ച് വിഭവസമാഹരണം സാദ്ധ്യമാക്കാം.

7. പഞ്ചായത്തിനു വരുമാനമുണ്ടാകത്തക്ക രീതിയിൽ ഉള്ള ഫാക്ടറികൾ ഉണ്ടാക്കുന്നതിന് ശ്രമിക്കുക.

8. പഞ്ചായത്ത് കമ്യൂണിററി ഹാൾ നിർമ്മിച്ച് ആളുകൾക്ക് വാടകക്കു കൊടുക്കുക.

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിഭവ സമാഹരണ നിർദ്ദേശങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിയാൽ പഞ്ചായത്തിൻെറ കാര്യമായ വികസന സാദ്ധ്യത കൈവരുന്നതാണ്.

# 5—13 ടൂറിസം

ടൂറിസ വികസന സാദ്ധ്യത വളരെയേറെയുള്ള ഒരു പഞ്ചായത്താണ് മൈലപ്ര. പിൽഗ്രിം ടൂറിസത്തിൻെറ വകുപ്പിൽ ശബരിമലയെ ബന്ധിപ്പിച്ചു കൊണ്ട് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

ഏകദേശം 5 കോടി ജനങ്ങളോളം ശബരിമലയിലേക്ക് എല്ലാവർഷവും പോകുന്നതു് മൈലപ്രാ പഞ്ചായത്തിൽ കൂടിയാണ്. അതേപോലെ ചരിത്ര പ്രസിദ്ധമായ നിലയ്ക്കൽ ദേവാലയത്തിലേക്കും മലയാലപ്പുഴ ഭഗവതിക്ഷേത്രത്തിലേക്കും ഉള്ള പ്രവേശന കവാടം കൂടിയാണ് മൈലപ്രാ പഞ്ചായത്ത്. വളരെയേറെ യാത്രാക്ലേശം അനുഭവിച്ചുകൊണ്ടാണ് ഇന്നു് ഭക്തജനങ്ങൾ യാത്ര ചെയ്യുന്നതു്. അതുകൊണ്ട് ഇവർക്കു് മൈലപ്രാ പഞ്ചായത്തിനുള്ളിൽ വിശ്രമ കേന്ദ്രമായി ഒരു ഇടത്താവളം അടിയന്തിരമായി അനുവദിക്കേണ്ടതു് അത്യാവശ്യമാണ്. ഇവിടെ ഭക്തജനങ്ങൾക്ക് വിശ്രമിക്കുന്നതിന് ഡോർമെട്രികളും വാഹനങ്ങൾക്കായി വർക് ഷോപ്പുകളും പെട്രോൾ പമ്പും ഹോസ്പിററലുകളും മററും സ്ഥാപിക്കണം.

മലയോര റയിൽവേയുടെ പത്തനംതിട്ട സ്റേറഷൻ മൈലപ്രായിൽ തന്നെ സ്ഥാപിക്കുന്നതു മൂലം ഭക്തജനങ്ങൾക്കു് ശബരിമലയിലേക്കു് പോകുവാൻ വളരെ സൗകര്യമായിരിക്കും എന്നുള്ളതിനു സംശയമില്ല. ഇതോടൊപ്പം ഒരു ''യാത്രീനിവാസ്'' പണിയുക എന്നുള്ളത് വളരെ അത്യാവശ്യമാണ്. കേന്ദ്രഗവർമെൻറ് പിൽഗ്രിം ടൂറിസത്തിനായി അനുവദിക്കുന്ന തുകയിൽ നിന്നും മൈലപ്രാ ടൂറിസം വികസനത്തിനായി പ്രത്യേക പദ്ധതിയും തുകയും അനുവദിക്കണം.

# ഉപസംഹാരം

പഞ്ചായത്തിലെ സമഗ്ര വികസന രേഖ വിനയപൂർവ്വം മൈലപ്രാ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ മുമ്പാകെ സമർപ്പിക്കുകയാണ്. നമ്മുടെ ഗ്രാമത്തിലെ മുഴുവൻ പ്രശ്നങ്ങളും അവതരിപ്പിക്കുന്നു എന്ന അവകാശവാദമൊന്നുമില്ല. എങ്കിലും പഞ്ചായത്തുകളുടെ ആസൂത്രണാധികാരത്തിന്റെ പരിധിയിൽ വരുന്ന ഏതാണ്ടെല്ലാ വിഷയങ്ങളും പരിശോധിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നുലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ രേഖ. ആവശ്യമായ സ്ഥിതിവിവരകണക്കുകളുടെ അപര്യാപ്തത ഈ രേഖയുടെ ശക്തി കുറയുവാൻ കാരണമാവാം. സമയ പരിമിതിയും വിവരങ്ങൾ ലഭ്യമാകുന്നതിനുള്ള ഒട്ടേറെ കടമ്പകളും അതിനു കാരണമായിട്ടുണ്ട്. എങ്കിലും പരിമിതികളിൽ നിന്നുകൊണ്ട് ഈ രേഖ സമ്പന്നമാക്കാൻ ആവതെല്ലാം ശ്രമിച്ചിട്ടുണ്ട്. വികസന സെമിനാറിൽ രൂപം നൽകുന്ന കർമ്മസമിതികൾ റിപ്പോർട്ടിലുള്ള വികസനാവശ്യങ്ങൾ പ്രോജക്റ്റുകളായി മാററിയെങ്കിൽ മാത്രമേ നമ്മുടെ പൊതു പദ്ധതി നിർദ്ദേശങ്ങളായി ഇവ അംഗീകരിക്കപ്പെടുകയുള്ളു. ജനകീയാസൂത്രണ പദ്ധതിക്ക് ഇതുവരെ ജനങ്ങളിൽ നിന്നുണ്ടായ നിർലോഭമായ സഹകരണം തുടർന്നുള്ള കർമ്മസമിതികളുടെ പ്രവർത്തനങ്ങളിലും പദ്ധതി നടത്തിപ്പിന്റെ ഘട്ടത്തിലും ഉണ്ടാവുമെന്ന് പ്രതീക്ഷിക്കട്ടെ.

മൈലപ്രായുടെ ഈ വികസനരേഖ വികസനസെമിനാറിന്റെ ചർച്ചയ്ക്കായുള്ള കരട് മാത്രമാണ്, ആരോഗ്യപരമായ ചർച്ചകളിലൂടെയും ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും ഈ രേഖ പൂർണ്ണവും സമ്പന്നവുമാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്.......

സ്നേഹപൂർവ്വം,

**ജസി വർഗീസ്**

മൈലപ്രാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ജോഷ്വാ പതാലിൽ – ചെയർമാൻ
T. K. രാഘവൻ – കൺവീനർ

## കൃഷി - ജലസേചനം

കെ. വി. ഏബ്രഹാം
വി. ററി. ജോൺ
ജോഷ്വാ പതാലിൽ

## മത്സ്യബന്ധനം - മൃഗ-പരിപാലനം

ഇ. കെ. വിജയൻ
കെ. സി. ചാക്കോ
ഏബ്രഹാം മത്തായി

## വിദ്യാഭ്യാസം

ഫിലിപ്പ് കെ. ഏബ്രഹാം
എൻ. ററി. ജോൺ
സുമാ ബാലൻ

## ആരോഗ്യം - കുടിവെള്ളം

റജി ഏബ്രഹാം
കെ. എൻ. കരുണാകരൻ
സലിം പി. ചാക്കോ
അമ്മിണി ഏബ്രഹാം

## ഗതാഗതം, ഊർജ്ജം, മാർക്കററ്

ശശികുമാരൻ നായർ കെ. കെ.
എം. ജി. മത്തായി
വി. കെ. സാമുവേൽ
എം. കെ. സുരേന്ദ്രൻ
പി. കെ. ഗോപി

## ഭവന നിർമ്മാണം - ക്ഷേമ-പ്രവർത്തനം

കെ. വി. ഏബ്രഹാം
ജസ്സി വർഗീസ്
ഹംസത്തു ബീവി

## സംസ്ക്കാര - കായികരംഗം

ഷിജു രാജ്
ററി. ആർ. അനിൽകുമാർ
സന്തോഷ് കുമാർ എ. വി.
സ്റ്റാൻലി ജോർജ്ജ്

## വ്യവസായം

ഫാ. വർഗീസ് മാത്യു
ലൈജു മാത്യു
എം. വി. വർഗീസ്

## വനിതാ ക്ഷേമം

വത്സമ്മ ഏബ്രഹാം
ഗ്രേസി ചെറിയാൻ
ജോൺസൺ ജോർജ്ജ്
എം. കെ. സുരേന്ദ്രൻ

## സഹകരണ മേഖല

ജറി ഈശോ ഉമ്മൻ
ശിവരാമപ്പണിക്കർ

## പട്ടികജാതി - പട്ടികവർഗ്ഗ-ക്ഷേമം

എം. കെ. സുരേന്ദ്രൻ
സി. പി. രാഘവൻ
എ. വി. വർഗീസ്

## വിഭവ സമാഹരണം

കെ. ററി. ഏബ്രഹാം
പി. സി. ജോൺ

## നാട്ടറിവു ചരിത്രം

ററി. കെ. രാഘവൻ
തങ്കച്ചൻ കൊച്ചുവിള
ജനാർദ്ദനൻ പുത്തൻവിള
ജോഷ്വാ പതാലിൽ
ററി. ജെ. ജോൺ
ശിവരാമപ്പണിക്കർ

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

★

ആസൂത്രണത്തിലും നിർവഹണത്തിലും
ജനകീയ പങ്കാളിത്തം

★

വികസനപ്രവർത്തനങ്ങൾക്ക് വിഭവം
ആവശ്യം
വിഭവമില്ലാതെ വികസനമില്ല

★

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ
പങ്കാളികളാവുക